വിശുദ്ധ
ജോൺസ്നീട്ടോ.
അനുസ്മരണഗ്രന്ഥം

LM
B78

J. THALIATH & SONS
TRIVANDRUM

പുഷ്പാഞ്ജലി നമ്പർ ൪.

വിശുദ്ധ ജോൺ ഡി ബ്രിട്ടോ

(അരുളാനന്ദസ്വാമി)

ശ്രീമാൻ വറുഗീസ് കാഞ്ഞിരത്തുങ്കൽ

ശ്രീമാൻ ജോസഫ് തളിയത്തിന്റെ അവതാരിക





8404

ജെ. തളിയത്ത് ആൻഡ് സൺസ്

തിരുവനന്തപുരം

NIHIL OBSTAT

Fr. J. KOILPARAMPIL

CENSOR

5TH OCTOBER 1947.

IMPRIMATUR

† Fr. VINCENT V. DEREERE, O.C.D.


BISHOP OF TRIVANDRUM.

TRIVANDRUM,
14TH NOVEMBER 1947.




വിശുദ്ധ ജോൺ ഡി. ബ്രിട്ടോ 1693 ഫെബ്രുവരി 4-ാം തിയതി
ഒറിയൂർവച്ച് രക്തസാക്ഷിമകുടം ധരിച്ചു.

[ഈ പുസ്തകത്തിലുള്ള ചിത്രങ്ങൾക്കു ഞങ്ങൾ പുനാ മെത്രാപ്പോലീത്തായോടാണു കടപ്പെട്ടിരിക്കുന്നതു്. ഇതിനുള്ളിൽ കാണുന്ന ക്രൂശാരോഹണമൊഴിച്ചുള്ള എല്ലാ ചരിത്രങ്ങളുടെയും ബ്ലോക്കു് ഒരു തിരുമനിയുടേതാണ്.]



വിശുദ്ധന്റെ ദേഹം വലിച്ചിഴച്ച ക്രൂത്ത കല്ലുകൾ നിൽക്കുന്ന സ്ഥലം



മറവരാജാവിന്റെ ആനകളെയും കുതിരകളെയും കെട്ടിയിരുന്ന സ്ഥലം.
ഇവിടെ വിശുദ്ധനെ തടവിൽ പാർപ്പിക്കയുണ്ടായി.

അവതാരിക.

ഈ കഴിഞ്ഞ ജൂൺ 24-ാം തീയതി വിശുദ്ധൻ എന്നാ മഹോന്നതപദവിയിലേക്ക് ഉയർത്തപ്പെട്ട ജോൺ ഡി ബ്രീട്ടോയുടെ പ്രധാന പ്രവർത്തനരംഗവും താൻ രക്തസാക്ഷി മകുടം ധരിച്ച സ്ഥലവും തമിഴ്നാടായിരുന്നെങ്കിലും മലയാളികളായ നമ്മുടെ നേക്കും അദ്ദേഹത്തിനു പ്രത്യേക താത്പര്യമുണ്ടായിരിക്കാൻ ചില കാരണങ്ങളും ഉണ്ട്. കൊച്ചിയിൽ അമ്പഴക്കാട്ടു രണ്ടു പ്രാവശ്യവും തിരുവിതാംകൂറിൽ പിള്ളത്തോപ്പ് എന്ന സ്ഥലത്ത് നാലു തവണയും അദ്ദേഹം വന്നു താമസിക്കയും കൊച്ചിയുടെയും തിരുവിതാംകൂറിന്റെയും ഒരുതിത്തമ്മൽ മറ്റൊരുതിത്തിവരെ യാത്രചെയ്കയും ഉണ്ടായിട്ടുണ്ട്.

ഈ വിശുദ്ധൻ ഇൽഡ്യയിൽ മിഷ്യനറിയായി വന്നപ്പോൾ മധുരമിഷ്യൻ മലബാർ പ്രവിശ്യയുടെ ഒരു ഭാഗമായിരുന്നു. അന്നു മലബാർ പ്രവിശ്യയിലെ ഈശോസഭക്കാരുടെ സൂപ്പീരിയർ (പ്രൊവിൻഷ്യൽ) താമസിച്ചിരുന്നതു് അമ്പഴക്കാട്ടാണു. അമ്പഴക്കാട് കേരളത്തിലെ പുരാതനക്രസ്ത്യാനികളുടെ ചരിത്രപഠിതാക്കൾക്കു സുപരിചിതമാണെങ്കിലും ഇന്നുള്ള സംഗതിക്കാക്ക്, പ്രത്യേകിച്ചു കൊച്ചിരാജ്യത്തിനു പുറത്തുള്ളവക്ക്, ആ സ്ഥലം അജ്ഞാതമായിരിക്കാം. ഇരിങ്ങാലക്കുട പട്ടണത്തിനു സമീപം തെക്കുമാറി സ്ഥിതിചെയ്യുന്ന ഒരു ഗ്രാമമാണു് അമ്പഴക്കാട്. എന്നാൽ ഇന്നത്തെ അമ്പഴക്കാടല്ല വിശുദ്ധ ജോൺ ഡി ബ്രീട്ടോയുടെ അമ്പഴക്കാട്. ഡച്ചുകാർ 1662-ൽ കൊടുങ്ങല്ലൂർ ആക്രമിച്ചപ്പോൾ അവിടെ താമസിച്ചിരുന്ന പോർട്ടുഗീസുകാരായ ഈശോസഭാ വൈദികരെ ബഹിഷ്കരിക്കുന്നതുമൂലം അവർ താമസിക്കുന്നതിനായി കൊച്ചരാജാവിന്റെ കീഴിലുള്ള ഒരു

കൈമളുടെ അനുമതിയോടുകൂടി അമ്പഴക്കാട്ട് ചില താല്ക്കാലിക കെട്ടിടങ്ങളും അവർ നിർമ്മിക്കയുണ്ടായി. 1668-ൽ അവിടെ അവർ താമസം തുടങ്ങുകയും ചെയ്തു. 1674-ൽ വിശുദ്ധ ജോൺ ഡി ബ്രിട്ടോ അമ്പഴക്കാട്ട വന്നപ്പോഴും അവിടെ ഉണ്ടായിരുന്നത്, പുതുതായി പണികഴിപ്പിച്ചിരുന്ന സാമാന്യം വലിയ ഒരു പള്ളി ഒഴിച്ച്, ആദ്യത്തെ താല്ക്കാലിക കെട്ടിടങ്ങളും തന്നെയാണ്. ഈ കെട്ടിടങ്ങളുടെ മതിലുകളും മണ്ണുകഴച്ചുവച്ചിരുന്നവയും കുടകളും മുളകളും ആയിരുന്നു. എങ്കിലും അന്ന് അവിടെ പള്ളിക്കും പുറമെ ഈശോസഭാ വൈദികർക്ക് താമസിക്കുന്നതിനു ഒരു കെട്ടിടവും, സുറിയാനിക്കാരായ ശമ്മാശ്ശന്മാരെ പഠിപ്പിക്കുന്നതിനു വേണ്ട ചെറിയ സെമ്മിനാരി, വലിയ സെമ്മിനാരി ഇവയും, ഒരു അച്ചടിശാലയും ഉണ്ടായിരുന്നു. അച്ചടിശാലയിൽ മലയാളം തമിഴ്, സുറിയാനി, ഈ ഭാഷകളിലും യൂറോപ്യൻ ഭാഷകളിലും പുസ്തകങ്ങളും അച്ചടിച്ചിരുന്നു. ഈശോസഭക്കാർ താമസിച്ചിരുന്ന സ്ഥലത്തിനു കാലക്രമേണ ശമ്പാള്ളൂർ എന്നു പേരുണ്ടായി. ശമ്പാള്ളൂർ എന്നതു സാൻപോളം ഊർ എന്നതിന്റെ തത്ഭവരൂപമാണ്. കിഴക്കൻരാജ്യങ്ങളിലുള്ള ഈശോസഭക്കാരുടെ കേന്ദ്രമായി വളരേക്കാലം പരിലസിച്ചിരുന്നതു ഗോവയിലുള്ള സൻപോളം കോളെജ് ആയിരുന്നതിനാൽ ആ കിഴക്കൻരാജ്യങ്ങളിൽ ഈശോസഭക്കാർ പൌളിസ്റ്റർ (Paulistas) എന്ന പേരിനാൽ സാധാരണ അറിയപ്പെട്ടിരുന്നു. പൌളിസ്റ്റരായ വൈദികർ താമസിച്ചിരുന്ന സ്ഥലമായതുകൊണ്ടു ശമ്പാള്ളൂർ എന്ന പേരുണ്ടായി. ആ പേരോടുകൂടിയ ഒരു ഗ്രാമം ഇപ്പോഴത്തെ അമ്പഴക്കാടിനു തൊട്ടടുത്തുണ്ട്. എന്നാൽ അവിടെ വിശുദ്ധ ജോൺ ഡി ബ്രിട്ടോയുടെ കാലശേഷം പണികഴിപ്പിച്ചിരുന്ന വമ്പിച്ചകെട്ടിടങ്ങളൊന്നും ഇപ്പോൾ കാണ്മാനില്ല. ചില അവശിഷ്ടങ്ങൾ മാത്രം അവിടെ കിടപ്പുണ്ട്. അതിനു തൊട്ട് ഇന്നാവിടെ വാഴപ്പൂപോലെ അതിരൂപത വക ഒരു പള്ളിയും അതിലെ ഇടവകക്കാരായി കുറച്ചു ജനങ്ങളും ഉണ്ട്.

ശമ്പാള്ളൂർ എന്ന നാട്ടുകാർ ആ ഗ്രാമത്തിനു സാധാരണ പേരു പറഞ്ഞിരുന്നെങ്കിലും അന്നത്തെ ഈശോസഭക്കാരുടെ എഴുത്തുകളിലും മറ്റും അതിനു അമ്പഴക്കാട്ട് എന്നു തന്നെയാണ് നാമകരണം ചെയ്തിരുന്നതു്. 1674 ആദ്യമാണ് നമ്മുടെ വിശുദ്ധൻ അമ്പഴക്കാട്ടു വന്നതു്. കൊടുങ്ങല്ലൂരും കൊച്ചിയും അന്നു ഡച്ചുകാരുടെ ആധിപത്യത്തിലായിരുന്നതിനാൽ ഗോവയിൽനിന്നും മലയാളത്തിലേക്കു് യാത്രചെയ്തിരുന്ന പോർട്ടുഗീസ് കപ്പലിനു ആ രണ്ടു തുറമുഖങ്ങളിലും അടുക്കാൻ സാദ്ധ്യമല്ലായിരുന്നു. അതിനാൽ കപ്പൽ വടക്കൻപള്ളിപ്പുറത്തിനു പടിഞ്ഞാറുള്ള കടലിൽ വന്നു നിന്നുകൊണ്ടാണ് നമ്മുടെ വിശുദ്ധനെയും തന്റെ കൂട്ടയാത്രക്കാരായിവന്ന മറ്റു മിഷ്യനരിമാരെയും കരക്കിറക്കിയതു്. ഇവരെ സ്വാഗതം ചെയ്വാനായി അമ്പഴക്കാട്ടെ വലിയ സെമ്മിനാരിയിലെ റെക്ടറച്ഛന്റെ എഴുത്തോടുകൂടി ചില ശമ്മാശ്ശന്മാർ വടക്കൻ പള്ളിപ്പുറത്തു ചെന്നിരുന്നു. അവർ തയ്യാറാക്കിയിരുന്ന വഞ്ചിയിൽ പുതുതായിവന്ന വൈദികരെയും അവരുടെ സാമാനങ്ങളും കയറ്റി, തണ്ടും വലിച്ചു, വഞ്ചിപ്പാട്ടും പാടി അമ്പഴക്കാട്ടേക്കു യാത്രതിരിച്ചു.

നാലഞ്ചു മാസത്തോളം നമ്മുടെ വിശുദ്ധൻ അമ്പഴക്കാട്ടു താമസിക്കയുണ്ടായി. അവിടെ വച്ചാണ് എല്ലാ ഈശോസഭക്കാരും നടത്തേണ്ട മൂന്നാമത്തെ കഷ്ടമായ പരിശീലനം വിശുദ്ധൻ നടത്തിച്ചതു്. സാധാരണമായി ഈ പരിശീലനം ഒരു കൊല്ലം നിന്നു നിൽക്കും. എന്നാൽ സാഹചര്യങ്ങളെ അനുസരിച്ചു്, സഭയിലെ മേലദ്ധ്യക്ഷന്മാർക്കു കാലാവധി കുറവു ചെയ്യാവുന്നതാണ്. മധുര മിഷ്യനിൽ അന്നു് വൈദികർ തീരെ കുറവായിരുന്നതിനാൽ നമ്മുടെ വിശുദ്ധന്റെ കാര്യത്തിൽ ഈ പരിശീലനസമയം കുറവു ചെയ്യുകിട്ടി. എങ്കിലും ഒരു മാസം നീണ്ടു നിൽക്കുന്ന ഏകാന്തധ്യാനം നിർബന്ധിതമാകയാൽ നമ്മുടെ വിശുദ്ധൻ തന്റെ ഭീർഘിച്ച ഏകാന്തധ്യാനം അമ്പഴക്കാട്ടു വച്ചാണു നടത്തിയതു്. അതിനുമുമ്പായി അവിടെവച്ചുതന്നെ

തന്റെ "കാതുകുത്തുകല്ല്യാണ"വും നടത്തി. മധുരമിഷ്യനിൽ ജോലി ചെയ്തിരുന്ന ഈശോസഭാവൈദികർ ഹിന്ദുസന്യാസികളുടെ മാതിരിയിലുള്ള വേഷഭൂഷാദികളും അനുകരിച്ചിരുന്നതിനാൽ അവർ കാതുകുത്തി കടുക്കൻ ഇട്ടിരുന്നു. അമ്പഴക്കാട്ട വച്ചു നിലത്തു കാൽമടക്കിയിരിക്കുന്നതിനും ഇലയിൽ നിന്നും ചോറു കൈ കൊണ്ടു വാരി ഉണ്ണുന്നതിനും വിശുദ്ധൻ അഭ്യസിച്ചു. കാലുകളിൽ മെതിയടി ഇട്ടു നടക്കുന്നതിനും പഠിച്ചു. മത്സ്യം മാംസം, മുട്ട, വീഞ്ഞു ഇവയെല്ലാം തീരെ ഉപേക്ഷിച്ചു. അരുളാനന്ദസ്വാമി എന്നു പേരെടുത്തതും അമ്പഴക്കാട്ടു വച്ചുതന്നെ. ഇങ്ങനെ പലപ്രകാരത്തിലും തന്റെ അമ്പഴക്കാട്ടെ താമസം വിശുദ്ധന്റെ ജീവിതത്തിൽ ഏറ്റവും പ്രാധാന്യമേറിയ ഒരു കാലഘട്ടമാണ്.

അമ്പഴക്കാട്ടുനിന്നും 1674 മേയ് മാസം അവസാനത്തിലോ ജൂൺമാസാദ്യത്തിലോ മധുര മിഷ്യനിലെ സുപ്പീരിയറുമൊന്നിച്ചു് ജോൺ ഡി ബ്രിട്ടോ മധുര മിഷ്യനിലേക്കു യാത്രതിരിച്ചു. അവർക്ക് മധുര മിഷ്യനിലെ കൊലൈ എന്ന സ്ഥലത്തേക്കാണു പോകേണ്ടിയിരുന്നതു്. കൊലൈ ചിതമ്പരത്തുനിന്നു ഏതാണ്ടു് ഇരുപതുനാഴിക തെക്കാണെന്നു അറിയുമ്പോൾ അവരുടെ യാത്രയുടെ ദൈർഘ്യവും ദുർഘടതയും ഏറക്കുറെ മനസ്സിലാക്കാമല്ലോ. അവർ വാണിയമ്പാറ, വടക്കംപേരി മുതലായ സ്ഥലങ്ങളിൽ കൂടിയാണു് യാത്ര തുടർന്നതു്. അനേകം കുന്നുകളും മലകളും വനാന്തരങ്ങളും കടന്നു പാലക്കാട്ട ചെന്നെത്തി. അവിടെനിന്നും കോയമ്പുത്തൂക്കാണു പുറപ്പെട്ടതു്. ഈ രണ്ടു സ്ഥലങ്ങളുടെ മദ്ധ്യേ അനേകം കുന്നുകളും മലകളും അവർ തരണംചെയ്യേണ്ടതുണ്ടല്ലോ. കൊലൈ എന്ന സ്ഥലത്തു് ചെല്ലുന്നതിനു് മുമ്പായി അവർ കടന്നുപോകേണ്ടിയിരുന്ന മറ്റു സ്ഥലങ്ങളെപ്പറ്റി ഞാൻ വിവരിക്കുന്നില്ല. അവ നമുക്കു സുപരിചിതങ്ങളല്ല. പുറപ്പെട്ടിട്ടു് രണ്ടുമാസം തികഞ്ഞപ്പോൾ അവർ കൊലൈയിൽ എത്തിച്ചേർന്നു.

വിശുദ്ധ ജോൺ ഡി ബ്രിട്ടൊ മധുരമിഷ്യനിൽ പന്ത്രണ്ടു സംവത്സരം വേലചെയ്തതിന്റെ ശേഷം തന്റെ മേലധികാരിയുടെ ആവശ്യപ്രകാരം മിഷ്യൻ കാര്യദർശി (പ്രൊക്യൂറെറർ) എന്ന നിലയിൽ സ്വദേശമായ പോർട്ടുഗലിലേക്കു 1686 ഡിസമ്പർമാസത്തിൽ മടങ്ങിപ്പോയി. അതിനിടയിൽ മൂന്നു പ്രാവശ്യം അദ്ദേഹം തിരുവിതാംകൂറിൽ വരികയുണ്ടായി. വിശുദ്ധൻ ആദ്യമായി ഇൻഡ്യയിലേക്കു വന്നപ്പോൾ മലബാർ പ്രവിശ്യയുടെ ഈശോ സഭാധ്യക്ഷൻ അമ്പഴക്കാട്ടു താമസിക്കുന്നതായിട്ടാണല്ലോ നാം കണ്ടതു്. എന്നാൽ കുറച്ചു കഴിഞ്ഞപ്പോൾ അദ്ധ്യക്ഷന്റെ ആസ്ഥാനം തെക്കൻതിരുവിതാംകൂറിൽ കടൽതീരത്തു് കൊച്ചിൽ പട്ടണത്തിന്നടുത്തുള്ള പിള്ളത്തോപ്പിലേക്കു മാറ്റുകയുണ്ടായി. വിശുദ്ധൻ തിരുവിതാംകൂറിലേക്കു വന്നതെല്ലാം ഈശോസഭക്കാരുടെ മേലദ്ധ്യക്ഷനായ പ്രൊവിൻഷ്യലിനെ കാണുന്നതിനായിട്ടായിരുന്നു. പിള്ളത്തോപ്പു വിശുദ്ധന്റെ കാലത്തു് വെറും തോപ്പു എന്ന പേരിലാണു അറിയപ്പെട്ടിരുന്നതു്. അമ്പഴക്കാട്ടെപ്പോലെ വലിയ സ്ഥാപനങ്ങളൊന്നും ഉണ്ടായിരുന്നില്ലെങ്കിലും പ്രൊവിൻഷ്യലും അദ്ദേഹത്തോടുകൂടി വേറെ ചില വൈദികരും അവിടെ താമസിച്ചിരുന്നു. ആ സ്ഥലത്തു് ചില കെട്ടിടങ്ങളുടെ അവശിഷ്ടങ്ങളൊഴിച്ചു മറ്റൊന്നും കാണ്മാനുണ്ടു്. മധുരമിഷ്യനിൽ ജോലിചെയ്യുന്നവരുടെയിടയിൽ സമ്പർക്കത്തിലിരിക്കുന്നതിന്നു് അക്കാലസ്ഥിതിക്കു് അമ്പഴക്കാട്ടെക്കാൾ കൂടുതൽ സൗകര്യമുള്ള സ്ഥലമാണു് തോപ്പു്. അതുകൊണ്ടുകൂടി ആയിരിക്കണം പ്രൊവിൻഷ്യലിന്റെ ആസ്ഥാനം അങ്ങോട്ടു മാറിയതു്. യൂറോപ്പിലേക്കു മടങ്ങിപ്പോകുന്നതിനു് മുമ്പായി വിശുദ്ധൻ തോപ്പിലെത്തുന്ന മൂന്നവസരത്തിലും ഇതുതന്നെയാണു് യാത്രചെയ്തതു്. 1687-ൽ ആണു് അദ്ദേഹം ആദ്യമായി തോപ്പിൽ വന്നതു്. തന്റെ നേരെ മേലധികാരിയായ മധുരമിഷ്യനിലെ സുപ്പീരിയരുടെ ഒരു ദൌത്യവുമായിട്ടാണു് അന്നു അദ്ദേഹം പ്രൊവിൻഷ്യലിനെ സമീപിച്ചതു്. അന്നത്തെ പ്രൊവിൻഷ്യലിനു് നമ്മുടെ വിശുദ്ധന്റെ

നേരെ തിരെ തൃപ്തിയുണ്ടായിരുന്നില്ല. പോർട്ടുഗീസുകാരായ മിഷ്യനറിമാർ നാട്ടുകാരുടെ വേഷംകെട്ടി നാട്ടുഭാഷ അഭ്യസിക്കുന്നു സരണമായി ജീവിതം നയിക്കുന്നതു് തങ്ങളുടെ സ്വദേശത്തിനു അപമാനം വരുത്തിവക്കയാണെന്നുള്ള അഭിപ്രായക്കാരായ കുറെ വൈദികർ ഈദ്ദേശസഭക്കാരിൽ തന്നെ ഉണ്ടായിരുന്നു. ഭരതർ അധിവസിച്ചിരുന്ന കടലോരങ്ങളിൽ (Fishery coast) പ്രവർത്തനം നടത്തിയിരുന്ന മിഷ്യനറിമാരിൽ പലരും ഈ അഭിപ്രായക്കാരായിരുന്നു. ഇവരിൽ ചിലർ നമ്മുടെ വിശുദ്ധനെപ്പറ്റി പല ആക്ഷേപങ്ങളും പ്രൊവിൻഷ്യലിനു എഴുതി അയക്കയുണ്ടായി. പ്രൊവിൻഷ്യലും മുൻപറഞ്ഞ മനഃസ്ഥിതിയോടുകൂടിയ ആളായിരുന്നതിനാൽ നമ്മുടെ വിശുദ്ധനു് അദ്ദേഹത്തിൽനിന്നും ലഭിച്ച സ്വീകരണം എത്രവിധമുള്ളതായിരുന്നു എന്നു ഏറ്റക്കുറെ ഊഹിക്കാമല്ലോ. എന്നാൽ തോപ്പു സന്ദർശനത്തെപ്പറ്റി തന്റെ സൂപ്പീരിയറിനു് എഴുതിയ കത്തിൽ പ്രൊവിൻഷ്യലിനെക്കുറിച്ചു് വളരെ ആദരവോടും സ്നേഹത്തോടുംകൂടിയാണു വിശുദ്ധൻ പറഞ്ഞിട്ടുള്ളതു്. അദ്ദേഹം തോപ്പിലേക്കു വന്നതു ഗോവയിൽനിന്നും നാട്ടുകാരായ കുറെ വൈദികരെ മധുരമിഷ്യനിൽ ജോലിചെയ്യുന്നതിനു് കൊണ്ടുപോകുന്നതിനുള്ള അനുമതി പ്രൊവിൻഷ്യലിന്റെ പക്കൽനിന്നും ലഭിക്കുന്നതിനാണു്. പ്രൊവിൻഷ്യൽ ഈ പ്രസ്ഥാനത്തോടു കടകവിരുദ്ധമായി നിന്നതിനാൽ അധികം താമസിയാതെ തോപ്പിൽനിന്നും നമ്മുടെ വിശുദ്ധൻ തന്റെ ജോലിസ്ഥലമായ മധുരമിഷ്യനിലേക്കു മടങ്ങിപ്പോയി.

രണ്ടാമതു വിശുദ്ധൻ തോപ്പു സന്ദർശിച്ചതു 1686-ൽ ആയിരുന്നു. അതു പ്രൊവിൻഷ്യലിന്റെ ആവശ്യപ്രകാരമാണു്. അന്നിരുന്ന പ്രൊവിൻഷ്യൽ വിശുദ്ധന്റെ ഒരു സഹപ്രവർത്തകനും വിശുദ്ധന്റെ നേരെ വളരെ സ്നേഹവും ബഹുമാനവും ഉണ്ടായിരുന്ന ഒരു ദേഹവുമായിരുന്നു. ഈ രണ്ടാമത്തെ സന്ദർശനത്തിൽ വിശുദ്ധൻ ഒരു മാസക്കാലത്തോളം തോപ്പിൽ താമസിക്കയു

ണ്ടായി. തോപ്പിൽ നിന്നും അദ്ദേഹം പുറപ്പെട്ട അല്പദിവസം കഴിഞ്ഞപ്പോൾ പ്രവിശ്യയിലെ പ്രൊക്കുറേറർ പോർട്ടുഗളിലേക്കു പോകുന്ന മാർഗ്ഗമദ്ധ്യേ ചരമമടഞ്ഞു എന്ന അറിവു കിട്ടി. അതിനാൽ യാത്രയിൽ ഇരുന്ന നമ്മുടെ വിശുദ്ധനെ പ്രൊവിൻഷ്യൽ തോപ്പിലേക്കു വീണ്ടും അയച്ചുവരുത്തി. ഈ അവസരത്തിൽ വിശുദ്ധൻ തോപ്പിൽ എത്രനാൾ താമസിച്ചു എന്ന നല്ല നിശ്ചയമില്ല. 1686 അവസാനത്തോടു കൂടിയാണ് അദ്ദേഹം ഗോവയിൽ നിന്നും പോർട്ടുഗളിലേക്ക് കപ്പൽ കയറിയതെന്ന് നമുക്കറിയാം. മരിച്ചുപോയ പ്രൊക്കുറേറരുടെ സ്ഥാനത്താണ് വിശുദ്ധനെ പോർട്ടുഗളിലേക്കു പ്രൊവിൻഷ്യൽ അയച്ചത്.

വിശുദ്ധൻ സ്വദേശത്തു് രണ്ടു കൊല്ലത്തോളം മലബാർ പ്രവിശ്യയിലേക്കു വേണ്ട കാര്യങ്ങൾ സാധിച്ചു കിട്ടുന്നതിനും പുതിയ മിഷ്യനറിമാരെ ലഭിക്കുന്നതിനും വേണ്ട പ്രവർത്തനങ്ങളിൽ വ്യാപൃതനായിരുന്നു. 1690 നവംബർ 2-ാം തിയതി അദ്ദേഹം ഗോവയിൽ തിരിച്ചെത്തി. അടുത്ത വർഷം ഫെബ്രുവരി 24-ാം തിയതി ചില നവമിഷ്യനറിമാരോടുകൂടി അദ്ദേഹം അമ്പഴക്കാട്ടു വന്നുചേർന്നു. ഈ അവസരത്തിൽ അദ്ദേഹം ആ സ്ഥലത്തു നാലു ദിവസം മാത്രമേ താമസിച്ചുള്ളൂ. അതിനു ശേഷം ഒരു മിഷ്യനറിയോടുകൂടി പ്രവിൻഷ്യലിനെ സന്ദർശിക്കുന്നതിനായി തോപ്പിലേക്കു പുറപ്പെട്ടു. കാൽനടയായും വള്ളം വഴിയായും കുതിരപ്പുറത്തു കയറിയുമാണ് ഈ യാത്ര മുഴുവനാക്കിയതെന്നു കാണുന്നു. അപ്പോൾ തോപ്പിൽ പ്രൊവിൻഷ്യൽ ഉദ്യോഗം വഹിച്ചിരുന്നതു് നമ്മുടെ വിശുദ്ധനുമൊന്നിച്ചു അമ്പഴക്കാട്ടു നിന്നു ആദ്യം കാൽനടയായി വടക്കുംചേരി, പാലക്കാട് മുതലായ സ്ഥലങ്ങളിൽക്കൂടി മധുര മിഷ്യനിലേക്കുപോയ കൂട്ടമിഷ്യനറി ആയിരുന്നു. ഇദ്ദേഹത്തിന്റെ ദൌത്യവും വഹിച്ചുകൊണ്ടാണ് വിശുദ്ധൻ 1682-ൽ തോപ്പിൽ ആദ്യമായി ചെന്നതു്. പോർട്ടുഗളിൽ ആയിരുന്നപ്പോൾ താൻ നടത്തിയ പ്രവർത്തനങ്ങളുടെ ഒരു

റിപ്പോർട്ട് പ്രൊവിൻഷ്യലിനു കൊടുത്തശേഷം 1961 ഏപ്രിൽ 18-ാംതിയതി മധുര മിഷ്യനിലേക്കു വിശുദ്ധൻ യാത്രയായി. അതോടുകൂടി കേരളം അദ്ദേഹത്തോടു അവസാനമായി യാത്ര ചൊല്ലി. 1693 ഫെബ്രുവരി 4-ാം തിയതി അദ്ദേഹം മറവ രാജ്യത്തുള്ള ഒറിയൂർ എന്നാ സ്ഥലത്തു വച്ചു രക്തസാക്ഷിയായി മരിച്ചു.

വിശുദ്ധ ജോൺ ഡി ബ്രിട്ടോയും കേരളീയരായ നാമും തമ്മിലുള്ള പ്രത്യേകബന്ധം വായനക്കാരെ മനസ്സിലാക്കുന്നതിനു വേണ്ടിയാണ് കേരളത്തിലെ അദ്ദേഹത്തിന്റെ താമസവും നമ്മുടെ നാട്ടിൽ കൂടി അദ്ദേഹം നടത്തിയ നെടുനീളെയുള്ള യാത്രകളും അല്പം വിവരിച്ചു് ഈ അവതാരികയിൽ പ്രസ്താവിച്ചതു്. അദ്ദേഹത്തിന്റെ നേരെ തമിഴ്നാട്ടിലെ കത്തോലിക്കർക്കു വലിയ ഭക്തിയുണ്ടു്. എന്നാൽ നമ്മുടെ അറിവില്ലായ്മനിമിത്തം ഈ മഹാപുണ്യവാന്റെ മാദ്ധ്യസ്ഥം അഭ്യർത്ഥിക്കുന്നവർ നമ്മുടെയിടയിൽ വളരെ കുറവാണു്. വിശുദ്ധന്റെ തുടർന്നുള്ള താമസത്താൽ അനുഗൃഹീതമാക്കപ്പെട്ട അമ്പഴക്കാടും പിള്ളത്തോപ്പും അദ്ദേഹത്തിന്റെ ഭക്തന്മാരുടെ തീർത്ഥാടനസ്ഥലങ്ങളിലായി എത്രയുമുമ്പേ രൂപാന്തരപ്പെടേണ്ടതായിരുന്നു! പുണ്യവാനെ കേരളത്തേയും അതിലെ നിവാസികളേയും മറന്നുകളയാൻ സാദ്ധ്യമല്ല. അദ്ദേഹത്തിന്റെ വിശുദ്ധസ്ഥാനലബ്ധിയോടുകൂടിയെങ്കിലും കേരളീയർ അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥം കൂടുതലായി അഭ്യർത്ഥിക്കുമെന്നു് വിശ്വസിക്കാം.

വിശുദ്ധ ജോൺ ഡി ബ്രിട്ടോയെപ്പറ്റി ഒരു ഇംഗ്ലീഷുകാരനും വൈദികനും കേരളീയനുമായ ഫാദർ തെക്കേക്കര ഈയിടെ പുറപ്പെടുവിച്ച ഒരു ആശയംകൂടി പ്രസ്താവിച്ചുകൊണ്ടു ഈ അവതാരിക അവസാനിപ്പിക്കാം. വിശുദ്ധൻ ഇൻഡ്യയിൽ വന്നപ്പോൾ കത്തോലിക്കർ ഒരു വിധം ധാരാളമായി അധിവസിച്ചിരുന്ന മലയാളത്തിലല്ല തന്റെ പ്രവർത്തനം തുടരാൻ ആഗ്രഹിച്ചതു്. തീരെ തമിഴ നാട്ടിലും വളരെ കുറവായിരുന്ന

ഇൻഡ്യയുടെ ഇതരഭാഗങ്ങളാണ് അദ്ദേഹത്തിന്റെ മിഷ്യനറി ജോലികൾക്കു വിധേയമായത്. കേരളത്തിൽനിന്നും പല തവണയും ആ പ്രദേശങ്ങളിലേക്കു അദ്ദേഹം നടത്തിയ അതിക്ലേശകരമായ യാത്രകൾ കേരളത്തിലെ കത്തോലിക്കായുവാക്കൾക്ക് ഇൻഡ്യയുടെ മറുഭാഗങ്ങളിൽ പോയി മിഷ്യൻപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള ആഹ്വാനമായി നിലകൊള്ളുന്നു എന്നുള്ള ഫാദർ തെക്കേക്കരയുടെ അഭിപ്രായം നമ്മുടെ വിശ്വാസത്തിന്റെ പ്രത്യേകപ്രാർത്ഥനകളാൽ അനുഗ്രഹമായിത്തീരുമാറാകട്ടെ!

8 സെപ്റ്റംബർ 1947
തിരുവനന്തപുരം.

ജോസഫ് തളിയത്ത്

വിശുദ്ധ ജോൺ ഡി ബ്രിട്ടോ.

അദ്ധ്യായം 1

രാജഗൃഹത്തിൽനിന്ന് സന്ന്യാസാശ്രമത്തിലേയ്ക്ക്

'അഭിനവ ഫ്രാൻസിസ് സേവ്യർ' എന്ന വിളിക്കപ്പെട്ടുന്ന വിശുദ്ധ ജോൺ ഡി ബ്രിട്ടോ ക്രി.വ. 1647 മാർച്ചുമാസം 1-ാന്ന പോർട്ടുഗൽ രാജ്യത്തുള്ള ലിസ്ബൺ നഗരത്തിൽ ജാതനായി. ജനകീയാദരങ്ങൾക്കും രാജകീയാദിനന്ദനങ്ങൾക്കും സവിശേഷം പാത്രീഭവിച്ചിരുന്ന ഒരു കുലീനകുടുംബത്തിലായിരുന്ന നമ്മുടെ കഥാനായകന്റെ ജനനം. ധിരോദാത്തന്മാരും രണശൂരന്മാരുമായ വിരപുരുഷന്മാരെക്കൊണ്ട് ബ്രിട്ടോകുടുംബം സമലംകൃതമായിരുന്നു. നമ്മുടെ ചരിത്രനായകന്റെ ജ്യേഷ്ഠസഹോദരന്മാരെപ്പോലെയുള്ള മുൻഗാമികളിൽ പലരും രാജ്യത്തിനും രാജാവിനും വേണ്ടി പല യുദ്ധങ്ങളിലും സജീവമായി പങ്കുകൊണ്ട് വിസ്മയനീയമായ വിപദി ധൈര്യവും സമരചാതുര്യവും പ്രകടിപ്പിച്ചിട്ടുണ്ട്.

ജോൺ ഡി ബ്രിട്ടോയുടെ പിതാവായ സാൽവഡോർ ഡി ബ്രിട്ടോ രാജകീയശാസനസമൂഹത്തിന്റെ മേലധികാരിയും, മാതാവായ ഡോണാ ബിയട്രിക്സ് പുരാതനപ്രശസ്തമായ പെരേരാ കുടുംബാംഗവുമായിരുന്നു.

സാൽവഡോറിനും ബിയട്രിക്സിനും മൂന്നു പുത്രന്മാരും ഒരു പുത്രിയും ജനിച്ചു. മൂത്തപുത്രൻ ക്രിസ്റ്റുവൽ 1663-ൽ ഒരു യുദ്ധത്തിൽ വീരമരണം പ്രാപിച്ചു. ദ്വിതീയസുതനായ ഫെർണാവോ ജോൺ ഡി ബ്രിട്ടോയുടെ ജീവചരിത്ര ലേഖകൻ എന്ന നിലയിൽ നമുക്കു കൂടുതൽ സുപരിചിതനാണ്.

കനിഷ്ഠപുത്രനായ ജോൺ ഡി ബ്രിട്ടോയുടെ ജീവചരിത്ര കഥനത്തിലാണല്ലോ നാം ഏർപ്പെട്ടിരിക്കുന്നത്.

നവജാതമായ ശിശുവിന് ജീവന്റെ ഒരു നേരിയസ്പന്ദനം മാത്രമേയുണ്ടായിരുന്നുള്ളു. കുഞ്ഞു മരിച്ചുപോയേക്കുമെന്നതന്നെ

എല്ലാവരും കരുതി. അതനുസരിച്ച് ശിശുവിന് ഗാർഹിക ജ്ഞാനസ്നാനവും നൽകി.

മരണകരമായ അപകടം നിങ്ങി, ശിശു ക്രമേണ ആരോഗ്യം പ്രാപിച്ചു. മാർച്ച് 15-ാം തീയതി സെൻറ് ആൻഡ്രൂ സിൻെറ ദൈവാലയത്തിൽ വച്ച് ശിശുവിൻെറ ജ്ഞാനസ്നാനം സംബന്ധിച്ചുള്ള വൈദികകർമ്മങ്ങളും യഥാവിധി അനുഷ്ഠിക്കയും ശിശുവിന് ജോൺ എന്നു പേരിടുകയും ചെയ്തു.

ജോണിൻെറ ജനനശേഷം അധികകാലം കഴിയുംമുമ്പ്, പിതാവിന് സ്വഗൃഹം വിടേണ്ടി വന്നു. സാൽവഡോറിൻെറ നിസ്സ്വാർത്ഥസേവനങ്ങളിൽ സംപ്രീതനായ രാജാവ് അദ്ദേഹത്തെ ബ്രസ്സീലിലെ വൈസ്രോയിയായി നിയമിച്ചു. അദ്ദേഹം അവിടെ എത്തി ഉദ്യോഗത്തിൽ പ്രവേശിച്ചു. പക്ഷേ, ബ്രിട്ടോ കുടുംബത്തിൻെറ നിർഭാഗ്യമെന്നോ പറയേണ്ടൂ. 1650-ൽ അദ്ദേഹം ബ്രെസ്സിലിലെ തലസ്ഥാനമായ റെയോഡി ജനയിറോവിൽ വച്ച്, പരമഗതി പ്രാപിച്ചു.

സാൽവഡോറിൻെറ അകാലനിര്യാണവാർത്തയറിഞ്ഞ് അനാഥമായ ബ്രിട്ടോ കുടുംബം അപാരമായ ദുഃഖത്തിൽ മുഴുകി. മക്കളെ അവരുടെ സ്ഥിതിക്കനുസരണമായി സംരക്ഷിക്കുന്നതിനുള്ള വഴി കാണാതെ മാതാവ് നന്നേ കുഴങ്ങി. എങ്കിലും അവർ ധീരയും സുശീലയുമായ ഒരു മനസ്ഥിതിയായിത്തന്നെ വർത്തിച്ചു. പരമകാരുണികനായ ക്രിസ്തുനാഥനെത്തന്നെ അവർ ആശ്രയം പ്രാപിച്ചു. അവരുടെ അന്യാദൃശമായ വിശ്വാസദാർഢ്യവും ക്രിസ്തീയസുകൃതങ്ങളും നിമിത്തം ഒരു രക്തസാക്ഷിയുടെ മഹതിയായ മാതാവാകുവാനുള്ള യോഗ്യത അവർ പ്രകടിപ്പിച്ചു.

ബുദ്ധിമതിയായ ഡോണാബിയട്രിക്സ് ചാതുര്യത്തോടും വാത്സല്യത്തോടും കൂടി സ്വസന്താനങ്ങളുടെ ബാല്യകാല പരിശീലനം ഫലപ്രദമായി നിവ്വഹിച്ചു. ഇളയ പുത്രനായ ജോൺ അമ്മയുടെ വാത്സല്യത്തിനും ലാളനത്തിനും കൂടുതൽ പാത്രമായി.

ജോണിന്റെ ഹൃദ്യവും സൗമ്യവുമായ വ്യാപാരങ്ങളും പ്രസരിപ്പും ക്രമ്മബുദ്ധിയും നിഷ്കാപട്യവും കുലീനതാദ്യോതകമായ ഗുണവിശേഷങ്ങളും എല്ലാവരെയും ആകർഷിച്ചു. 'കൊച്ചുജോൺ' ഒരു സമയത്ത് ചെന്ന് കാലാന്തരത്തിൽ ഒരു ദൈവാരാധകനായിത്തീരുമെന്ന് ബിയട്രിക്സ് പ്രതീക്ഷിക്കയും അതിനായി പ്രാർത്ഥിക്കയും ചെയ്തിരുന്നു.

ജോണിനു് കഷ്ടിച്ചു് ഒൻപതുവയസ്സു പ്രായമായപ്പോൾ അദ്ദേഹവും സഹോദരന്മാരും പോർട്ടുഗൽ രാജകൊട്ടാരത്തിലേയ്ക്കു ക്ഷണിക്കപ്പെട്ടു. കിരീടാവകാശിയായ ഡോൺ പീഡ്രോ രാജകുമാരന്റെ അലസവും അനിയന്ത്രിതവുമായ ജീവിതരീതിയെ നിയന്ത്രിച്ചു; കുമാരനെ സൽപഥത്തിലേയ്ക്കു നയിക്കുന്നതിനായി സമവയസ്കരും സൽസ്വഭാവികളും അഭിജാതകുലജാതന്മാരുമായ ബാലന്മാരെ രാജാവു്, കുമാരന്റെ തോഴരായി തിരഞ്ഞെടുത്തു നിയമിച്ചു. അക്കൂട്ടത്തിലാണു് ജോണും സഹോദരന്മാരും കൊട്ടാരത്തിലേയ്ക്കു പോകേണ്ടിവന്നതു്.

രാജകൊട്ടാരത്തിലെ സുഖലാലസമായ ജീവിതം, വിവേചനാശൂന്യരായ ബാലന്മാരെ വഴിപിഴപ്പിക്കുവാൻ പര്യാപ്തമായിരുന്നു. പക്ഷേ നമ്മുടെ ജോണിന് അവിടെ യാതൊരുപദ്രവവും നേരിട്ടില്ല. അദ്ദേഹം സ്വഭവനത്തിലായിരുന്ന കാലത്തപ്പോലെതന്നെ വിനയാന്വിതനായും നിഷ്കളങ്കനായും പ്രാർത്ഥനാനിരതനായും അവിടെയും വ്യാപരിച്ചു. നിരന്തരമായ അദ്ധ്യയനവും അഭ്യസനവും ജോൺ അനുസ്യൂതം തുടർന്നുകൊണ്ടിരുന്നു. ജോണിന്റെ ഹൃദയനൈർമ്മല്യവും മാന്യമായ പെരുമാറ്റങ്ങളും അസൂയാകുക്ഷികളായ സഹവാസികളെ അസ്വസ്ഥരാക്കി. അവർ അദ്ദേഹത്തെ കണക്കിനു പരിഹസിച്ചു. 'വേദസാക്ഷി' എന്നു് വിളിച്ചു് അവർ അദ്ദേഹത്തെ അപഹസിച്ചു. നമ്മുടെ കഥാനായകൻ വീരോചിതമായ ക്ഷമയോടുകൂടി അതെല്ലാം സഹിച്ചു.

രാജകൊട്ടാരത്തിൽ താമസമായി രണ്ടുകൊല്ലം കഴിഞ്ഞപ്പോൾ ജോണിന് കഠിനമായ ഒരു രോഗം പിടിപെട്ടു. ജോ

ണിന്റെ വത്സലമാതാവ് പുത്രനെ ഏറ്റവും കരുതലോടും കാരുണ്യത്തോടുകൂടി ശുശ്രൂഷിച്ചു. അമ്മ മകന്റെ കുട്ടിലിനരികിൽനിന്ന് മാറുകപോലും ചെയ്തില്ല.

രോഗം കലശലായി. അമ്മയും മകനും വി. ഫ്രാൻസിസ് സേവ്യറിന്റെ മാധ്യസ്ഥം അപേക്ഷിച്ചു. മകന് സുഖപ്രാപ്തിയുണ്ടായാൽ, ഒരുകൊല്ലത്തേയ്ക്ക് ജോണിനെ ഈശോസഭാവസ്ത്രം ധരിപ്പിച്ചുകൊള്ളാമെന്ന് ഭക്തയായ ഡോണാ പുണ്യവാനോട് പ്രതിജ്ഞചെയ്തു.

ജോണിന്റെ കഠിനരോഗം സത്വരം ശമിച്ചു. മാതാവും മകനും വി. ഫ്രാൻസിസ് സേവ്യറിന് കൃതജ്ഞതാസ്തോത്രം ചെയ്തു. പ്രതിജ്ഞയനുസരിച്ച് ജോൺ സഭാവസ്ത്രം ധരിച്ചു. ഒരുകൊല്ലത്തേയ്ക്ക് ജോൺ, കൊട്ടാരത്തിലും സ്കൂളിലും കണ്ടിസ്ഥലത്തും ആ സന്യാസവേഷത്തിൽതന്നെ സഞ്ചരിച്ചു. ജോണിന്റെ ഈ വിചിത്രമായ വേഷഭിതി കണ്ട് എല്ലാവരും ജോണിനെ 'കൊച്ചുസന്യാസി' എന്ന് വിളിച്ചിരുന്നു.

ആ സന്യാസവസ്ത്രം ആജീവനാന്തം ധരിക്കുവാനുള്ള അഭിവാഞ്ഛ ആ സമയംമുതൽ ജോണിന്റെ ഹൃദയത്തിൽ വേരുന്നിത്തുടങ്ങി. ആ അനുഗ്രഹലബ്ധിക്കുവേണ്ടി അദ്ദേഹം ദൈവത്തോട് നിരന്തരം പ്രാർത്ഥിക്കയുംചെയ്തു.

കാലം ചെല്ലുന്തോറും, ജോണിന്റെ വിനീതമായ അഭിലാഷം കൂടുതൽ സുസ്പഷ്ടവും ശക്തിമത്തുമായിത്തീർന്നു. അദ്ദേഹത്തിന്റെ ശിശുതുല്യമായ ഹൃദയം ദൈവസ്നേഹംകൊണ്ട് നിറയുകയും ദൈവത്തിനുവേണ്ടി ജീവിതം അർപ്പിക്കുവാനും ദൈവരാജ്യത്തിനുവേണ്ടി പ്രയത്നിക്കുവാനുള്ള അഭിനിവേശം ഉൽക്കടമാവുകയും ചെയ്തു. ഫ്രാൻസിസ് സേവ്യറിന്റെ മാധ്യസ്ഥത്തിലുള്ള ദൃഢവിശ്വാസവും അദ്ദേഹത്തെ അനുകരിക്കുവാനുള്ള സന്നദ്ധതയും അതോടൊപ്പം ജോണിൽ ഉജ്ജ്വലിച്ചു.

ഒരിക്കൽ നമ്മുടെ കഥാനായകൻ രാജകുമാരനോടും ഇതര സഖാക്കളോടുംകൂടി ദൈവാലയത്തിൽ നാല്പതുമണിയാരാധനയിൽ സംബന്ധിക്കാൻപോയി. അപ്പോഴും ജോൺ ഈശോ സഭാവസ്ത്രമാണു ധരിച്ചിരുന്നതു്. അതിനാൽ അദ്ദേഹം സഖാക്കളായ പ്രഭുകുമാരന്മാരിൽനിന്നും വേർപെട്ടു സൂർപ്ലീസുധരിച്ചു് കുത്തിച്ച മെഴുകുതിരിയും പിടിച്ചു് ഈശോസഭയിലെ വൈദികവിദ്യാർത്ഥികളോടൊന്നിച്ചു് ദിവ്യകാരുണ്യ പ്രദക്ഷിണത്തിൽ അകമ്പടിസേവിച്ചു.

പതിനാലുവയസ്സു പ്രായമായപ്പോൾ ജോൺ ഈശോസഭാംഗമായിത്തീരണമെന്നു് ചിരകാലംകൊണ്ടു് ആത്മാർത്ഥമായി അഭിലഷിച്ചിരുന്ന വിശുദ്ധമായ ഉദ്ദേശ്യം ലിസ്ബണിലെ ഈശോസഭാധികാരിയായ വൈദികനെ അറിയിച്ചു. പുണ്യാത്മാവായ ആ വൈദികൻ ജോണിന്റെ ആഗ്രഹത്തെ അഭിനന്ദിക്കയും അദ്ദേഹത്തിനു് വിജയം ആശംസിക്കയും ചെയ്തു. എങ്കിലും മാതാവിന്റെ സമ്മതവും രാജകിയാനുമതിയും ശ്രദ്ധിച്ചും സമ്പാദിക്കണമെന്നു അദ്ദേഹം ഉപദേശിച്ചു.

ജോൺ അമ്മയെ സമീപിച്ചു് ഏതാണ്ടിപ്രകാരം പറഞ്ഞു:-

"എന്റെ പ്രിയപ്പെട്ട അമ്മേ, എന്റെ ലൗകികജീവിതം അമ്മയിൽനിന്നുള്ളതാണു്. എന്റെ ദൈവവിളിക്കും അമ്മയെ ദൈവം ഉപകരണമാക്കിയിരിക്കുന്നു. എന്തെന്നാൽ ഞാൻ രോഗിയായി മരണാസന്നനായി കിടന്നപ്പോൾ ഞാൻതന്നെ സെൻറ് ഫ്രാൻസിസിന്റെ സഹായം അഭ്യർത്ഥിച്ചു; യാതൊരു ഫലവുമുണ്ടായില്ല. അതിനുശേഷം അമ്മ എനിക്കുവേണ്ടി പുണ്യവാനോടു ഒരു പ്രതിജ്ഞചെയ്യുകയും പ്രാർത്ഥിക്കയും ചെയ്ത മാത്രയിൽ ഞാൻ രോഗവിമുക്തനായി. അമ്മയുടെ വാഗ്ദാനമനുസരിച്ചു് ഞാൻ നേർച്ചവസ്തും ധരിച്ചു. അപ്പോൾമുതൽ അതു് ജീവപര്യന്തം ധരിക്കുവാനുള്ള ആഗ്രഹം എന്നിൽ ഉല്ബുദ്ധിപ്പിച്ചിരിക്കുന്നു. ആ അഭിലാഷം ഇപ്പോഴും എനിക്കുണ്ടായിക്കുന്നു. ഈശോ

സഭയിൽ ചേരുവാനുള്ള പ്രവേശനാനുമതി ഞാൻ വാങ്ങിക്കഴിഞ്ഞു. ഇനി അമ്മയുടെ അനുവാദംമാത്രമാണ് എനിക്കുവേണ്ടതു്. അമ്മേ, ഫ്രാൻസിസ് സേവ്യർ എന്നെ വിളിക്കുന്നു. അദ്ദേഹത്തിന്റെ ആഹ്വാനം ഞാൻ അവിക്ഷോണ്ടേ മതിയാവൂ. അമ്മേ, നമ്മുടെ മദ്ധ്യസ്ഥനായ ഫ്രാൻസിസ് സേവ്യറിനെ അനുഗമിക്കുവാൻ എന്നെ അനുവദിച്ചാലും."

മകന്റെ സുകൃതികവും ശാലീനവുമായ അഭ്യർത്ഥന ഡോണായെ നല്ലവണ്ണം സ്പർശിച്ചു. ഫ്രാൻസിസ് സേവ്യർ പുണ്യവാന്റെ സഹായത്താൽ ദൈവത്തിൽനിന്നു പ്രത്യേകാനുഗ്രഹം ലഭിച്ചിരിക്കുന്ന തന്റെ ഓമനപ്പുത്രനെ ദൈവശുശ്രൂഷയ്ക്കായി സസന്തോഷം അർപ്പിക്കേണ്ടതാണെന്നു തന്നെ ആ സ്വാധ്വി തീർച്ചപ്പെടുത്തി. പക്ഷേ മകന്റെ ആരോഗ്യസ്ഥിതി ഈശോസഭയുടെ ഭാരമേറിയ മൂന്നുതലകൾക്കും ക്ലേശകരമായ സുദീർഘപഠനത്തിനും അനുഗുണമാണോയെന്നു് അവർ ഭയപ്പെട്ടു. അമ്മയുടെ ഉൽക്കണ്ഠ ശമിപ്പിക്കുവാൻ ജോൺ ശ്രമിച്ചു. അദ്ദേഹം പറഞ്ഞു:—"അമ്മ ശാന്തയായിരിക്കുക. കർത്താവു് എന്നെ വിളിക്കുന്നു. അതു് ഞാൻ അനുസരിക്കണം. അവിടുന്നു് എന്നെ നയിക്കുന്ന പുതിയ പ്രവർത്തനരംഗത്തിലെ കൃത്യനിർവ്വഹണത്തിനാവശ്യമായ ദേഹശക്തി അവിടുന്നുതന്നെ നൽകുമെന്നു് നമുക്കു പ്രത്യാശിക്കാം."

അങ്ങനെ മാതാവിന്റെ സമ്മതം ജോൺ കരസ്ഥമാക്കി. അതിനുശേഷം രാജകുടുംബാംഗങ്ങളുടെ അനുമതിക്കായി ജോൺ ശ്രമം തുടങ്ങി. രാജകുമാരനായ ഡോൺ പീഡ്രോയുടെ സ്വഭാവസംസ്കരണത്തിലും മറ്റും കാര്യമായ സ്വാധീനശക്തി ചെലുത്തിക്കൊണ്ടിരുന്ന ഗുണവാനായ ജോണിനെ കൊട്ടാരത്തിൽ നിന്നും വിട്ടുന്നതു് രാജമാതാവിനു് ഒട്ടുംതന്നെ സമ്മതമല്ലായിരുന്നു. തന്റെ പ്രിയതമനായ കളിത്തോഴനെ വിട്ടുപിരിയുന്നതു രാജകുമാരനും സങ്കടകരമായിരുന്നു. രാജ്ഞിയും പുത്രനും കൊട്ടാരത്തിലെ താമസം തുടരുവാൻ ജോണിനെ പല വിധത്തിലും

നിർബ്ബന്ധിച്ചു. എത്രതന്നെ ശ്രമിച്ചിട്ടും ജോണിന്റെ ദുഃഖനിശ്ചയത്തെ ഇളക്കുവാൻ അവർക്കു കഴിഞ്ഞില്ല. ഒടുവിൽ ആ സന്ന്യാസത്തിയുടെ ന്യായവാദങ്ങൾക്കു് അവർ വഴങ്ങിക്കൊടുക്കേണ്ടിവന്നു.

1632 ഡിസംബർ 17-ാം തീയതി ജോൺ ഡി ബ്രിട്ടോ തന്റെ പ്രിയമാതാവിനോടും സഹോദരന്മാരോടും ഹൃദയസ്പർശകമായ വിധം യാത്ര പറഞ്ഞു് ലിസ്ബണിലെ നവസന്ന്യാസഭവനത്തിലേയ്ക്കു പോയി. സ്വസഹോദരന്മാർ ആശ്രമകവാടംവരെ അദ്ദേഹത്തെ അനുഗമിച്ചു. ശിശുസഹജമായ നിഷ്കന്മഷതയോടും, സുധീരമായ ത്യാഗസന്നദ്ധതയോടും, ഹൃദയംഗമമായ ദൈവസ്നേഹത്തോടും കൂടി ജോൺ തന്റെ പതിനാഞ്ചാമത്തെ വയസ്സിൽ ഈശോസഭയിൽ പ്രവേശിച്ചു.

അദ്ധ്യായം 2

ഈശോസഭാ വൈദികൻ

നവസന്ന്യാശ്രമത്തിലെ ലളിതവും പരിശുദ്ധവുമായ ജീവിതരീതി ജോണിന് വളരെ ആനന്ദപ്രദമായിത്തോന്നി. ആത്മനിഗ്രഹം ചെയ്യുന്നതിനും, ലൗകിക ചിന്തകളിൽനിന്ന് മനസ്സിനെ ഈശ്വരാഭിമുഖമായി ഉയർത്തുന്നതിനും പര്യാപ്തമായ അവിടത്തെ പരിശീലനങ്ങളിൽ സന്തോഷത്തോടും നിഷ്ക്കർഷയോടുംകൂടി ജോൺ പങ്കുകൊണ്ടു. ക്രിസ്തുമസ് ദിനത്തിൽ അദ്ദേഹത്തിന് സഭാവസ്ത്രം നൽകപ്പെട്ടു.

നമ്മുടെ നവസന്ന്യാസി രോഗികളെ ശുശ്രൂഷിക്കുന്നതിൽ അത്യന്തം സന്തുഷ്ടിയും സംതൃപ്തിയും പ്രകടിപ്പിച്ചു. ഒരിക്കൽ പീഡ്രോരാജകുമാരൻ ആശ്രമത്തിൽ വന്നു. തന്റെ പഴയ ചങ്ങാതിയെ കണ്ടു സംസാരിക്കണമെന്നുള്ളതായിരുന്നു അദ്ദേഹത്തിന്റെ പ്രധാനോദ്ദേശ്യം. വളരെനേരം കാത്തിരുന്നിട്ടും അദ്ദേഹത്തിന് ജോണിനെ കാണാൻ കഴിഞ്ഞില്ല. ആശ്രമാധിപന്റെ അനുവാദത്തോടുകൂടി, രോഗിയായ ഒരു വേലക്കാരന്റെ കട്ടിലിനരികെയിരുന്ന് അവനെ ശുശ്രൂഷിക്കയായിരുന്ന ജോൺ, തന്റെ ആത്മസുഹൃത്തിന്റെ ദിനശുശ്രൂഷയെപ്പറ്റിയറിഞ്ഞപ്പോൾ രാജകുമാരൻ ഇപ്രകാരം പറഞ്ഞു. "സ്വർഗ്ഗീയനാഥന്റെ സേവനകളിൽ താങ്കൾ സർവ്വാത്മനാ നിരതനായി കാണുന്നതിൽ ഞാൻ സന്തോഷിക്കുന്നു. കൊട്ടാരത്തിലേതന്നെ ഉടൻ താമസിക്കുന്ന പക്ഷം, താങ്കൾക്ക് എന്നിൽനിന്നും പ്രതീക്ഷിക്കാമായിരുന്നതിനേക്കാളും എത്രയോ മഹത്തരമായ ഒരു സമ്മാനം ദൈവം താങ്കൾക്കു നൽകുമെന്നും ഞാൻ വിശ്വസിക്കുന്നു."

രണ്ടുകൊല്ലം ദീർഘിച്ച യോഗാത്ഥിപരിശീലനം അവസാനിച്ചപ്പോൾ യോഗാത്ഥിഗുരു, ബ്രദർ ജോണിനെ പ്രത്യേകം പ്രശം

സിക്കയും അദ്ദേഹത്തിന്റെ മാതൃകാപരമായ ജീവിതം മറ്റുള്ളവർക്കും ഉത്തേജകവും അനുകരണീയവുമായിരുന്നെന്നു അഭിപ്രായപ്പെടുകയും ചെയ്തു.

അനന്തരം വൈദികവിദ്യാർത്ഥിയായ ജോൺ പ്ലാവോറാ സപ്ലികലാശാലയിൽ ചേർന്ന് വൈദികസാഹിത്യപഠനം ആരംഭിച്ചു. താമസിയാതെ അദ്ദേഹം രോഗബാധിതനായി. ഭാഗ്യം ഒട്ടു ശമിച്ചപ്പോൾ വീണ്ടും പഠിത്തം തുടർന്നു. വിശ്രമരഹിതമായ അദ്ധ്യയനംകൊണ്ടോ കാലാവസ്ഥയുടെ പ്രതികൂല്യം നിമിത്തമോ അദ്ദേഹം വീണ്ടും അവശനായിത്തീർന്നു. ശ്വാസകോശസംബന്ധമായ രോഗം അദ്ദേഹത്തെ പിടികൂടി. താമസിയാതെ കൂടുതൽ സുഖവാസയോഗ്യമായ കൊയിമ്പ്രായിലെ സപ്ലികലാശാലയിൽ ചേർന്നു, ജോൺ തത്വശാസ്ത്രം പഠിക്കാൻ തുടങ്ങി. നമ്മുടെ ചരിത്രനായകൻ സമകാലികന്മാരുടെ ആദരാഭിനന്ദനങ്ങൾക്കും അർഹിക്കത്തക്കവണ്ണം തത്വശാസ്ത്രത്തിൽ അഗാധവും അപാരവുമായ പാണ്ഡിത്യം സമ്പാദിച്ചു.

ഈ ഘട്ടത്തിൽ, ക്രിസ്തുനാഥനുവേണ്ടി വേലചെയ്യുവാനും ജീവാർപ്പണം ചെയ്യുവാനുമുള്ള അദ്ദേഹത്തിന്റെ പുരോഗതം കൂടുതൽ ദൃഢവും പ്രബലവുമായിത്തീർന്നു. സുപ്രസിദ്ധമിഷ്യനറിയായ ഫാദർ ബർത്താസർ ഡി കോസ്സാ മധുരയിലെ മിഷ്യനിലേയ്ക്ക് യുവജനങ്ങളെ ആഹ്വാനം ചെയ്തുകൊണ്ട് അയച്ചിരുന്ന ഉത്തേജകമായ കത്തുകളും നമ്മുടെ കഥാനായകനെ കൂടുതൽ പ്രബുദ്ധനാക്കി. ക്രിസ്തുവിനുവേണ്ടി പ്രയത്നിക്കുവാനുള്ള തന്റെ സമയം ആസന്നമായിരിക്കുന്നതായി ജോൺ വിശ്വസിച്ചു. 1668-ൽ അദ്ദേഹം ഈശോസഭാജനറലിന് റോമിലേയ്ക്ക് ഒരു നിവേദനക്കത്ത് അയച്ചു. അതിൽ ഇപ്രകാരം പ്രസ്താവിച്ചിരുന്നു:— "വി. ഫ്രാൻസിസ് സേവ്യറിന്റെ സഹായത്താൽ സുരക്ഷിതമായ എന്റെ ജീവൻ ദൈവമിഷ്യനുവേണ്ടി അർപ്പിക്കുവാനുള്ള മഹനീയമായ അവസരം—മഹത്തായ അനുഗ്രഹം—അദ്ദേഹം ദൈവത്തിൽനിന്ന് എനിക്ക് വാങ്ങിത്തന്നിരിക്കുന്നു.

ഞാൻ വളരെനാളായി എന്റെ ഹൃദയത്തിൽ സൂക്ഷിക്കുന്ന ഒരു ആഗ്രഹമാണിത്. എനിക്കു സഞ്ചരിക്കുവാനുള്ള വഴി വിശുദ്ധ സേവ്യർ തുറന്നുവിട്ടിരിന്നതായി എനിക്കു തോന്നുന്നു. അതുകൊണ്ട് വിശുദ്ധ സേവ്യറിന്റെ ആഹ്വാനത്തെ പിന്തുടരുവാൻ അങ്ങ് എന്നെ അനുവദിക്കണമെന്ന് താഴ്മയായി അപേക്ഷിക്കുന്നു.''

1669–മാർച്ചിൽ അദ്ദേഹം ജനറലിന് വീണ്ടും ഒരു കത്തെഴുതി. ഇൻഡ്യയിലേയ്ക്ക് മിഷ്യനറിയായി പോകുവാനുള്ള തീവ്രമായ അഭിലാഷം ആ എഴുത്തിലും അദ്ദേഹം സവിനയം വ്യക്തമാക്കിയിരുന്നു. അതിനു ജനറലായ ഫാ: പോൾ ഒലിവയിൽ നിന്ന് ആശ്വാസമായ ഒരു മറുപടിയും കിട്ടി.

എങ്കിലും ജോണിന്റെ തത്വശാസ്ത്രപഠനം അവസാനിച്ചപ്പോൾ അദ്ദേഹം ലിസ്ബണിലെ സെൻറ് ആന്റണീസ് കോളേജിൽ അദ്ധ്യാപകനായി നിയമിക്കപ്പെട്ടുകയാണുണ്ടായത്. ആ അടുത്ത് ഫാ. ബെൽത്താസർ ഡികോസ്റ്റാ ഇൻഡ്യയിൽനിന്ന് ലിസ്ബണിലെത്തി. തന്നെ ഭാരതീയമിഷ്യനറിയാക്കുവാനുള്ള ആഗ്രഹം ജോൺ, ഫാദർ ഡികോസ്റ്റായെ അറിയിച്ചു. ആ യുവസന്യാസിയുടെ തിക്ഷ്ണമായ പ്രേഷിതചൈതന്യം കണ്ട് സന്തുഷ്ടനായ വൃദ്ധമിഷ്യനറി അദ്ദേഹത്തെക്കൂടെ ഗോവയിലേയ്ക്കു കൊണ്ടുപോകാമെന്ന് സമ്മതിച്ചു.

ഏതാണ്ടു മാസങ്ങൾക്കു ശേഷം, ജോൺ ഡി ബ്രിട്ടോയെ ഇൻഡ്യയിലേക്കു പോകുവാൻ അനുവദിച്ചിരിക്കുന്നതായി റോമിൽ നിന്നു കല്പന ലഭിച്ചു. അദ്ദേഹത്തിന്റെ ശരീരസ്ഥിതി വിദേശവാസത്തിന് അനുയോജ്യമല്ലെന്ന് പലരും ആശങ്ക പ്രകടിപ്പിച്ചു. ജോൺ ഡി ബ്രിട്ടോയാകട്ടെ, തന്റെ മദ്ധ്യസ്ഥനും മാർഗ്ഗദർശിയുമായ വിശുദ്ധ സേവ്യറിനോടു തന്നെ ആശ്രയമപ്പിക്കയും ചിരപ്രാർത്ഥിതമായ തന്റെ ആഗ്രഹം നിറവേറിയതിനു ദൈവത്തിനു നന്ദി പ്രദർശിപ്പിക്കയും ചെയ്തു.

ജോൺ അതിവേഗം ദൈവശാസ്ത്രപഠനം തുടരുകയും വിനാ വിമംബം ഗുരുപ്പട്ടം സ്വീകരിക്കയും ചെയ്തു. അദ്ദേഹം പൗരോ ഹിത്യം സ്വീകരിച്ചതു് 1673-ലായിരുന്നിലാണെന്നു് വിശ്വസിക്ക പ്പെടുന്നു.

ഫാദർ ജോൺ ഡി ബ്രിട്ടോയുടെ വിദേശ യാത്രാനിശ്ചയം മാതാവിനെ അറിയിച്ചില്ല. എങ്കിലും അപരേണ ആ വിവരം മാതാവറിഞ്ഞു. പുത്രവത്സലയായ ഡോണായ്ക്കു് ഈ വാർത്ത മർമ്മഭേദകമായിരുന്നുവെന്നു് പറയേണ്ടതില്ലല്ലോ.

വിദേശയാത്രോദ്യമത്തിൽനിന്നു് മകനെ പിന്തിരിപ്പിക്കുന്ന തിനു് കഴിയുന്നതെല്ലാം ചെയ്യണമെന്നു് ആ മാതാവു് നിശ്ച യിച്ചു.

ലിസ്ബണിലെ ഈശോസഭാ പ്രൊവിൻഷ്യലിന്റെ പക്കൽ അവർ സങ്കടം ബോധിപ്പിച്ചു. റോമിൽനിന്നു ജനറലിന്റെ കല്പനയാകയാൽ അതിൽ മാറ്റം വരുത്തുവാൻ നിവൃത്തിയി ല്ലെന്നു് പ്രൊവിൻഷ്യൽ അവരെ അറിയിച്ചു.

അവർ കണ്ണുനീരോടുകൂടി ജോണിനെ സമീപിച്ചു. പുത്ര വിരഹം സഹിക്കുവാൻ തനിക്കു കെല്പില്ലെന്നും പുതിയ നിശ്ച യത്തിൽനിന്നും ജോൺ പിന്മാറണമെന്നും അവർ കേണപേക്ഷി യാചിച്ചു.

ഹൃദയസ്പൃക്കായ ഈ വാക്കുകൾ ജോണിനെ വല്ലാതെ വിഷമിപ്പിച്ചു. എങ്കിലും അദ്ദേഹത്തിന്റെ നിശ്ചയം ദൈവ നിവേശിതമാണെന്നും അതിൽനിന്നു വ്യതിചലിക്കുവാൻ നിവൃ ത്തിയില്ലെന്നും ജോൺ അസന്നിഗ്ദ്ധമായി അമ്മയോടു പറഞ്ഞു.

ഡോണാബിയാട്രിക്സിന്റെ ആവലാതിയനുസരിച്ചു് രാജാ വായ പീഡ്രോ തന്റെ ബാല്യകാലസഖാവായ ജോണിനെ കൊട്ടാരത്തിൽ വരുത്തി, പുതിയ ഉദ്യമത്തിൽനിന്നു പിന്തിരിയു വാൻ ഉപദേശിച്ചു. അതും വിഫലമായി.

ഡോമാ പോർട്ടുഗലിലെ പേപ്പൽപ്രതിനിധി (Nuncio) യ്ക്ക് അടിയന്തിരമായി അയച്ചു. അതനുസരിച്ച് ജോണിന്റെ യാത്രാനുവാദം റദ്ദുചെയ്യണമെന്നു കാണിച്ച് ലിസ്ബനിലുള്ള ഈശോസഭാധ്യക്ഷന് കല്പനയെഴുതി. യുവാവും പ്രേഷിതതീഷ്ണതയുമായ ജോൺ പേപ്പൽ പ്രതിനിധിയുടെ സന്നിധിയിൽ ഹാജരായി ഇപ്രകാരം വാദിച്ചു: "സഭാധികൃതർ എന്നെ നിർബന്ധപൂർവ്വം ഇൻഡ്യയിലേക്കയക്കുകയല്ല ചെയ്യുന്നത്. എന്റെ ചിരപ്രതീക്ഷിതമായ അഭിലാഷപൂർത്തിക്ക് അവർ അനുവാദം നല്കുക മാത്രമാണുണ്ടായിട്ടുള്ളത്. ദൈവമാണ് എന്നെ അയക്കുന്നത്. ആ ദൈവംതന്നെയാണ് ഏന്നെ ലൗകികജീവിതത്തിൽനിന്ന് ഈശോസഭയിലേക്ക് ക്ഷണിച്ചത്. ഇപ്പോൾ പോർട്ടുഗലിൽനിന്ന ഇൻഡ്യയിലേക്കു പോകാൻ ആവശ്യപ്പെടുന്നതും അവിടുന്നുതന്നെയാണ്. ഞാൻ ഇൻഡ്യയിലേക്കു പോകുന്നതായിരിക്കും എനിക്ക് മോക്ഷപ്രാപ്തിക്കുള്ള ഏകമാർഗ്ഗം. ഞാൻ ചെയ്തുപോയ ദോഷങ്ങൾക്ക് ദൈവസന്നിധിയിൽ ഞാൻ കണക്കു ബോധിപ്പിക്കേണ്ടതുപോലെ തന്നെ ദൈവാനുഗ്രഹങ്ങൾ ഞാൻ അവഗണിച്ചാലും കണക്കു ബോധിപ്പിക്കേണ്ടിവരും. അവിശ്വാസികളെ മാനസാന്തരപ്പെടുത്താൻ എന്റെ ജീവിതം അർപ്പിക്കണമെന്നുള്ളതാണ് ദൈവഹിതമെന്ന് എനിക്ക് പൂർണ്ണബോദ്ധ്യം വന്നിട്ടുണ്ട്. ഇതെല്ലാം അതിന് പ്രതിബന്ധമായിനിന്ന് സുവിശേഷപ്രകാശം പരക്കാതിരിക്കുന്നതിന് സംഗതിവരുത്തുന്നോ അവരുടെ ഉത്തരവാദിത്വം ഗുരുതരമായിരിക്കും. എന്റെ ജീവിതകാലം മുഴുവനും ഞാൻ ഇതിലേക്കു പരിശ്രമിച്ചുകൊണ്ടിരിക്കുകതന്നെചെയ്യും."

ആ യുവവൈദികന്റെ വീരോചിതമായ നിശ്ചയദാർഢ്യവും പ്രേഷിതപ്രബുദ്ധതയും കണ്ട് ആശ്ചര്യാനന്ദവിവശനായ പേപ്പൽ പ്രതിനിധി പൈതൃകാശിസ്സുകൾ നല്കി അദ്ദേഹത്തെ യാത്രയാക്കി.

ഗോശയ്യാ ഡോണാ മകന്റെ ഇൻഡ്യായാത്ര തടയുകയാണെങ്കിൽ ഗണ്യമായ പാരിതോഷികം നൽകാമെന്നുപോലും അധികൃതരോട് പറഞ്ഞു! അഭ്യർത്ഥനം ഫലശൂന്യമായി എന്നു പറയേണ്ടതില്ലല്ലോ.

ഒടുവിൽ അവരും ദൈവഹിതത്തിനു കീഴ്വഴങ്ങി. ഇൻഡ്യയിലേക്കു പുറപ്പെട്ടുന്നതുവരെ ഡോണാ മകനെ കൂടെക്കൂടെ സന്ദർശിച്ചുകൊണ്ടിരുന്നു. ജോൺ മാതാവിനെ യഥോചിതം സാന്ത്വനപ്പെടുത്തി.

അദ്ധ്യായം 3

ഇൻഡ്യയിലേയ്ക്ക്

1673 മാർച്ച് 15-ാം തീയതി ഫാ. ഡി കോസ്റ്റയുടെ നേതൃത്വത്തിൽ ധീരരും സന്തോഷചിത്തരുമായ ഇരുപത്തഞ്ചോളം മിഷ്യനറിമാർ ഇൻഡ്യായാത്രയ്ക്ക് സന്നദ്ധരായി. പോർട്ടുഗീസ് രാജാവിനോടും രാജ്ഞിയോടും യാത്രാവന്ദനം പറഞ്ഞശേഷം, അവർ വി. അന്തോനീസിന്റെ ദൈവാലയത്തിൽ ചെന്ന്, ദൈവമാതാവിനോടും ശൗരിയാർ പുണ്യവാനോടും പ്രത്യേകം മാധ്യസ്ഥ്യം പ്രാർത്ഥിച്ചു.

ജനക്കൂട്ടത്തിന്റെ ഹർഷപുരസ്സരമായ യാത്രാശംസകളോടെ മഞ്ഞ്യു, ഫാ. ഡി കോസ്റ്റായും ഫാദർ ജോൺ ഡി ബ്രിട്ടോയും അനുയായികളും 'കപ്പിറാനാ' എന്ന കപ്പലിൽ കയറി. ചൈനയിലേയ്ക്കുള്ള മിഷ്യനറിമാർ 'അംമിരാൻറാ' എന്ന മറെറാരു കപ്പലിലും സ്ഥലം പിടിച്ചു.

കാറ്റ് അനുകൂലമായിരുന്നതിനാൽ കപ്പലുകൾ രണ്ടും റാഗസ് നദിയിൽക്കൂടി സഞ്ചരിച്ച് സമുദ്രത്തിൽ പ്രവേശിച്ച് ദക്ഷിണാഭിമുഖമായി യാത്രയുടന്നു.

സുദീർഘമായ ഈ യാത്രാകാലം ഫലപ്രദമായിത്തന്നെ ഉപയോഗിക്കുവാൻ മിഷ്യനറി വൈദികർ ഉത്സുകരായിരുന്നു. ആഴ്ചയിൽ മൂന്നുദിവസം ഏതാനുംമണിക്കൂർ മതോപദേശങ്ങൾക്കായി അവർ വിനിയോഗിച്ചു. എല്ലും ശനിയാഴ്ചയും ദൈവമാതാവിനോടുള്ള പ്രാർത്ഥനയ്ക്കുശേഷം ഒരു വൈദികൻ കന്യകാമാതാവിനെക്കുറിച്ച് വിജ്ഞാനപ്രദവും ഭക്തിസംവർദ്ധകവുമായ ഉപദേശം നല്കുക പതിവായിരുന്നു. ഈ പ്രസംഗങ്ങളിലും മതാദ്ധ്യാപനത്തിലും ഫാദർ ജോണും സജീവമായി ഭാഗഭാഗിത്വം വഹിച്ചു.

കപ്പലുകൾ മലൃരേഖയെ സമീപിച്ചപ്പോൾ കാറ്റ് തീരെ മന്ദഗതിയിലായി. ഈ സ്തംഭനം ഏഴ് മാസക്കാലം നീർഘിച്ചു. അത്യുഗ്രമായ ഉഷ്ണാധിക്യത്താൽ സാംയാത്രികന്മാർ വല്ലാതെ വിഷമിച്ചു. അതോടൊന്നിച്ച് ക്രമേൽ കരുവെന്നവണ്ണം, അപായകരമായ ഒരു ജ്വരവും തലപൊക്കി. അതു പെട്ടെന്ന് പടർന്നു പിടിക്കയും ഭയങ്കരമായ ഒരു മഹാമാരിയായിത്തീരുകയും ചെയ്തു.

ഫാ. ഡി കോസ്റ്റയുൾപ്പെടെ പന്ത്രണ്ടോളം മിഷ്യനറിമാർ മരണത്തിനിരയായി. ഫാ. ഡി ബ്രിട്ടോയും രോഗം പിടിപെട്ട് കിടപ്പിലായി. എങ്കിലും ദൈവപരിപാലനത്താൽ അദ്ദേഹത്തിന് രോഗശാന്തി ലഭിച്ചു. രോഗശുശ്രൂഷയ്ക്കും ദുരിതാശ്വാസങ്ങൾക്കുമായി ഫാ. ജോൺ അദ്ദേഹത്തിന്റെ മുഴുവൻ ശക്തിയും സമയവും വിനിയോഗിച്ചു. അന്യാദൃശവും അനന്യസുലഭവുമായ ഈ ജീവകാരുണ്യപ്രവർത്തനത്താൽ 'അഭിനവസേവ്യർ' എന്ന അപരാഭിധാനംപോലും അദ്ദേഹത്തിനു ലഭിച്ചു.

സാംക്രമികരോഗശമനത്തിനും, സമുദ്രത്തിലെ നിശ്ചലാവസ്ഥ നീങ്ങുന്നതിനുമായി വി. ഫ്രാൻസിസ് സേവ്യറിനു ഒരു നൊവേന നടത്തണമെന്ന് ഫാ. ജോൺ നിർദ്ദേശിച്ചു. ക്യാപ്റ്റനും കപ്പൽജോലിക്കാരും യാത്രക്കാരും അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം ഭക്തിപൂർവ്വം നൊവേന കഴിക്കയും വി. ഫ്രാൻസിസ് സേവ്യറിനോട് ഹൃദയംഗമമായി പ്രാർത്ഥിക്കയും ചെയ്തു.

കപ്പലിലെ പകർച്ചവ്യാധി തൽക്ഷണം ശമിച്ചു. കാറ്റ് അനുകൂലമായി വീശുവാനും തുടങ്ങി. കപ്പൽ ആഫ്രിക്കയുടെ തെക്കേഅറ്റത്തുള്ള ഗുഡ്ഹോപ്പു മുനമ്പിന്റെ സമീപത്തെത്തിയപ്പോഴും ഇതുപോലൊരു അത്യാഹിതമുണ്ടായി. കപ്പൽ പ്രചണ്ഡമായ ഒരു കൊടുങ്കാറ്റിൽപ്പെട്ട തിരമാലകളുടെ ശക്തിയായ ആഘാതമേറ്റ് കപ്പൽ തകർന്നു താണുപോകുമെന്നുതന്നെ യാത്രക്കാർ ഭയപ്പെട്ടു. മാലുമി തളർന്നു. ഈ നിസ്സഹായാവസ്ഥയിലും, പരിഭ്രാന്തരായ സഹയാത്രികന്മാർ വി. ഫ്രാൻസിസ് സേവ്യറിനെ

അഭയം പ്രാപിച്ചു. സമുദ്രക്ഷോഭം ക്രമേണ ശമിച്ചു; കാറ്റിന്റെ ചണ്ഡസ്വഭാവം മാറി. അവർ സുരക്ഷിതരായി യാത്രതുടരുകയും ചെയ്തു.

സെപ്റ്റംബർ 4-ാംതീയതി ഗോവയിൽ കപ്പൽ അടുത്തു. കപ്പലുകൾ വന്ന വിവരമറിഞ്ഞു് ഗോവയിലെ ഈശോസഭാംഗങ്ങളും മറ്റും പുതിയ മിഷ്യനറി സഹോദരന്മാരെ സ്വാഗതംചെയ്യുവാൻ തുറമുഖത്തെത്തി. സെപ്റ്റംബർ 6-ാംതീയതിയിലെ സുപ്രഭാതത്തിൽ ആ മിഷ്യനറിസമൂഹം ചരിത്ര പ്രസിദ്ധവും ഇൻഡ്യയിലെ പോർട്ടുഗിസ്സ് ആസ്ഥാനവുമായ ഗോവാനഗരത്തിലെത്തി. നഗരത്തിന്റെ പടിഞ്ഞാറു ഭാഗത്തു് വലിയ സെൻറ് പോൾസ് കോളേജ് സ്ഥിതിചെയ്തിരുന്നു. തെക്കുകിഴക്കു് ഭാഗത്തായിരുന്ന വൈദികവിദ്യാലയമായിരുന്ന പഴയ സെൻറ് പോൾസ് കോളേജ്. ഈ കോളേജുകളുടെ മദ്ധ്യസ്ഥിതമായ 'ബോം ജേസു' (Bom Jesu) എന്ന പ്രശസ്ത ദേവാലയത്തിലായിരുന്ന പുണ്യവാനായ ഫ്രാൻസിസ് സേവ്യറിന്റെ പൂജ്യാവശിഷ്ടങ്ങൾ അടക്കംചെയ്തിരുന്നതു്. ജോൺ ഡി ബ്രിട്ടോ മറ്റു മിഷ്യനറിമാരോടുകൂടി തന്റെ പ്രത്യേക മദ്ധ്യസ്ഥനായ വി. ഫ്രാൻസിസ് സേവ്യറിന്റെ പൂജ്യകുടീരം സന്ദർശിച്ചപ്പോൾ ആ യുവപ്രേഷിതനുണ്ടായ ഹൃദയവികാരങ്ങളും വർണ്ണനാതീതമത്രെ. ആ ഭാരതീയഅപ്പോസ്തലന്റെ സുധീരവും അവിശ്രാന്തവുമായ പ്രേഷിതകൃത്യങ്ങളെ അദ്ദേഹം അനുസ്മരിക്കയും അദ്ദേഹത്തിന്റെ ഹൃദയം അപ്പോസ്തലചൈതന്യംകൊണ്ടു് വിജൃംഭിതമാവുകയും ചെയ്തു. ഫാദർ ഡി ബ്രിട്ടോ ആ കുടീരാന്തികത്തിൽ നമ്രശിരസ്സനായി മുട്ടുകുത്തി നിന്നുകൊണ്ടു്, ഫ്രാൻസിസ് സേവ്യറിൽ നിന്നു് തനിക്കു ലഭിച്ചു നിരവധി നന്മകൾക്കു് അദ്ദേഹം ഹൃദയപൂർവ്വം കൃതജ്ഞത പ്രകടിപ്പിക്കയും ഇൻഡ്യയിലെ തന്റെ പ്രേഷിതജീവിതം ഫലപ്രദമാകുവാനും രക്തസാക്ഷിത്വത്താൽ അലംകൃതമാകുവാനും അദ്ദേഹത്തിന്റെ മദ്ധ്യസ്ഥം യാചിക്കയും ചെയ്തു.

അല്പകാലത്തെ വിശ്രമത്തിനുശേഷം ജോൺ ഡി ബ്രിട്ടോ തത്രിതമായി വേദാന്തപഠനം തുടർന്നു. ഈശോസഭയിലെ ചരിത്രം പൂർത്തിയാക്കുന്ന അന്തിമപരീക്ഷയിൽ അദ്ദേഹം പ്രശസ്ത വിജയം സമ്പാദിച്ചു.

ദൈവശാസ്ത്രപഠനാനന്തരമുള്ള ഏകാന്തധ്യാനം നടത്തുന്നതിനായി മലബാർ പ്രൊവിൻഷ്യൽ 1674-ൽ ഫാദർ ഡി ബ്രിട്ടോയെ അമ്പഴക്കാട്ടേയ്ക്കു നിയോഗിച്ചു. അമ്പഴക്കാട്ട് ഈശോസഭക്കാരുടെ വക ഒരു കോളേജും സുറിയാനി റീത്തിൽപ്പെട്ട വൈദികവിദ്യാർത്ഥികൾക്കായുള്ള ഒരു സെമ്മിനാരിയും ഉണ്ടായിരുന്നു.

മലബാറിലെ വേനൽക്കാലാവസ്ഥ ജോൺ ഡി. ബ്രിട്ടോയ്ക്ക് ദുസ്സഹമായിരുന്നു. എങ്കിലും അതെല്ലാം അദ്ദേഹം ക്ഷമാപൂർവ്വം സഹിച്ചു. ഗോവയിൽവച്ചുതന്നെ മത്സ്യമാംസങ്ങളും വീഞ്ഞും ഉപേക്ഷിച്ചു ഒരു മിഷ്യനറിക്കുയോജിച്ച ലളിതമായ ആഹാരരീതി അദ്ദേഹം ശീലിച്ചിരുന്നു. അമ്പഴക്കാട്ടും ആ ദരിദ്രജീവിതം തന്നെ അദ്ദേഹം തുടർന്നു. ഈ സഹനം അദ്ദേഹത്തിന്റെ ആരോഗ്യത്തെ സാരമായി ബാധിച്ചു. ഫാദർ ജോൺ നിശ്ചയമനുസരണമുള്ള ഒരു മാസത്തെ ഏകാന്തധ്യാനം വിജയപ്രദമായി നിർവ്വഹിച്ചു. ദൈവസ്തുതിക്കായി വേല ചെയ്യുന്നതിനും ദൈവരാജ്യം പ്രചരിപ്പിക്കുന്നതിനും ദൈവത്തിനുവേണ്ടി ജീവൻ ബലികഴിക്കുന്നതിനുമുള്ള അദ്ദേഹത്തിന്റെ പ്രതിജ്ഞ ഫാദർ ജോൺ നവീകരിച്ചുറപ്പിച്ചു.

അദ്ധ്യായം 4

മധുരമിഷ്യൻപ്രവേശനം

ജൂശോസഭയിലെ അന്തിമപ്രതം പൂത്തിയാക്കിയ ജോൺ ഡി ബ്രിട്ടോ മധുരമിഷ്യനിലേയ്ക്കു നിയമിതനായി. ആൻഡ്രൂ ഫ്രെയർ എന്ന മിഷ്യനറി വൈദികനോടൊന്നിച്ച് ജോൺ തന്റെ ഉദ്യോഗരംഗത്തേയ്ക്കു പുറപ്പെട്ടു. സമുദ്രമാർഗ്ഗമായി കന്യാകുമാരി വഴിയും കരമാർഗ്ഗമായി പശ്ചിമഘട്ടം കടന്നു കോയമ്പത്തൂർ വഴിയും മധുരയിലേയ്ക്കു പോകാമായിരുന്നു. ദുർഗ്ഗമവും ക്ലേശകരവുമായ കരയാത്രയാണ് ജോൺ തിരഞ്ഞെടുത്തത്. "സങ്കടവും ക്ലേശവും അനുഭവിക്കുന്നതിനാണ് ഞാൻ ഇൻഡ്യയിൽ വന്നിട്ടുള്ളത്; ഉല്ലാസകരമായ ജീവിതം നയിക്കുന്നതിനല്ല," എന്നാണ് അദ്ദേഹം പറഞ്ഞത്.

ഏകദേശം ഇരുന്നൂറിഎൺപതു മൈൽ ദൂരമുള്ള വഴി കാൽനടയായി സഞ്ചരിക്കാമെന്നുതന്നെ അവർ തീച്ചപ്പെടുത്തി. മാർഗ്ഗനിർദ്ദേശത്തിനും തസ്കരന്മാരുടെ ശല്യത്തിൽനിന്നും രക്ഷനേടുന്നതിനുമായി ഏതാനും അനുചരന്മാരെക്കൂടി അവർ കൊണ്ടുപോയി.

ആദ്യദിവസം തുടച്ചയായുണ്ടായ ഒരു പേമാരിയാൽ അവരുടെ യാത്രയ്ക്കു പ്രതിബന്ധവും പ്രയാസവും നേരിട്ടു. രാത്രി വിശ്രമത്തിനായി അവർ ഒരു ബ്രാഹ്മണഗൃഹത്തിന്റെ പടിക്കലെത്തി. അപരിചിതമായ അവരുടെ വേഷവും ഭാഷയും നിമിത്തം ഒട്ടുവളരെപ്പേർ അവിടെ ഓടിക്കൂടി. ജിജ്ഞാസുക്കളായ ജനക്കൂട്ടം ചോദ്യവർഷം കൊണ്ട് അവരെ ബുദ്ധിമുട്ടിച്ചു. യാത്രക്കാരുടെ ഭാണ്ഡങ്ങളും പെട്ടികളും അവർ കൗതുകപൂർവ്വം പരിശോധിച്ചു. ചോദ്യങ്ങൾകൊണ്ട് ചോദ്യകർത്താക്കൾതന്നെ മടുത്തപ്പോൾ അവർ ആ അഭ്യാർത്ഥികളെ വിട്ടുപോയി. പക്ഷേ അവർക്ക് ഒരു

പിടിച്ചോറോ കിടപ്പാൻ ഒരു വിട്ടിയോ കൊടുക്കുവാൻ ആർക്കും ദയവുണ്ടായില്ല. അവർ തങ്ങളേക്കാൾ ഹീനമായ ഏതോ വർഗ്ഗക്കാരാണെന്നായിരുന്നു ആ ബ്രാഹ്മണരുടെ സങ്കല്പം.

എങ്കിലും വീടിന്റെ മുറ്റത്ത് ഒരന്തി കഴിച്ചുകൂട്ടിക്കൊള്ളുവാൻ അവർ ദയാപൂർവ്വം അനുവദിച്ചു. തണുപ്പേറിയ രാത്രിയിൽ ഒരു പായ്പോലുമില്ലാതെ, ഈറൻവസ്ത്രങ്ങളുമായി കിടന്നുറങ്ങി.

പിറേറദിവസം രാവിലെതന്നെ അവർ ആ സ്ഥലം വിട്ടു. സത്യമംഗലം എന്ന ക്രിസ്ത്യീയഗ്രാമത്തിലെത്തിയപ്പോഴേയ്ക്കും ഫാദർ ഡി. ബ്രിട്ടോ തീരെ അവശനായിത്തീർന്നു. ചതഞ്ഞു മുറിപ്പെട്ട പാദങ്ങളുടെ വേദനകൊണ്ട് ഒരടിപോലും നടക്കുവാൻ നിവൃത്തിയില്ലാതായി. അതോടുകൂടി കഠിനമായ ഒരു രോഗവും അദ്ദേഹത്തെ ബാധിച്ചു. രോഗം മരണകരമായ നിലയിലെത്തി. എങ്കിലും ദൈവത്തിന്റെ പ്രത്യേകാനുഗ്രഹത്താൽ ആ അപ്പോസ്തലൻ അത്ഭുതകരമായ രോഗശാന്തിയുണ്ടായി.

ഫാ. ജോണിന്റെ യാത്ര വീണ്ടും തുടർന്നു. ഉന്നതവും ഭയാനകവുമായ ഒരു പർവ്വതപ്രദേശത്തുകൂടിയായിരുന്നു ആ യാത്ര. കല്ലേറു ദൂരത്തുവച്ച് കടുവാ മുതലായ ഹിംസ്രജന്തുക്കളെ അവർ അടിമുഖമായി കാണുകപോലും ഉണ്ടായത്രെ.

ജൂലായ് 30-ാംതിയതി ഈശോസഭാസ്ഥാപകനായ വി. ഇഗ്നേഷ്യസ് ലയോളായുടെ തിരുനാളിനു മുമ്പായി ഫാദർ ഡി ബ്രിട്ടോ പ്രൊയറച്ചനോടൊന്നിച്ച് തന്റെ ആശാകേന്ദ്രമായ മധുരമിഷ്യനിലുപെട്ട 'കൊലായി'ലെത്തി.

അദ്ധ്യായം 5

മധുരമിഷ്യൻ

തെക്ക് കന്യാകുമാരിമുതൽ വടക്ക് തുംഗഭദ്രാനദിവരെയും, പടിഞ്ഞാറ് മൈസൂർമിഷ്യനതിർത്തിമുതൽ പൂവ്വസമുദ്രതീരംവരെയും വ്യാപിച്ചുകിടന്നിരുന്നതും മധുര, തഞ്ചാവൂർ, മറവ ഗിഞ്ചി മുതലായ രാജ്യങ്ങളിൽ ഉൾപ്പെട്ടിരുന്നതും മലബാർ പ്രൊവിൻഷ്യലിന്റെ ഭരണസീമയിൽപെട്ടതുമായ സ്ഥലമായിരുന്ന മധുരമിഷ്യൻ രംഗം.

ഹിന്ദുക്കളുടെയിടയിലുള്ള വർണ്ണവ്യത്യാസം ഏറ്റവും തീക്ഷ്ണമായി പ്രബലപ്പെട്ടിരുന്ന സ്ഥലമായിരുന്ന മധുര. ജനതാമദ്ധ്യത്തിൽ പ്രാമാണികന്മാരും, പുരോഹിതാചാര്യന്മാരുമായ ബ്രാഹ്മണർ, സമരവീരന്മാരായ ക്ഷത്രിയർ, വണിക്കുകളായ വൈശ്യർ, കർഷകരും, തൊഴിലാളികളുമായ ശൂദ്രർ ആദിയായവർ ജാതിയമായ പ്രത്യേക പരിഗണനകളോടും പരിമിതികളോടുംകൂടി ജീവിച്ചുപോന്നു. വനവാസികളായ കള്ളർജാതിക്കാർ കൃഷിവലരായ ഒഡയന്മാർ ആട്ടിടയന്മാരും കമ്പിളി നെയ്ത്തുകാരുമായ കുറുമ്പർമാർ മുതലായി ശൂദ്രക്കു് അനേകം അവാന്തരവിഭാഗങ്ങളുണ്ടായിരുന്നു. പഞ്ചമന്മാർ എന്നു വിളിക്കപ്പെട്ടിരുന്നവർ ഏറ്റവും താണവർഗ്ഗമായി തള്ളപ്പെട്ടിരുന്നു. തീണ്ടൽ തൊട്ടിൽ മുതലായ അനാചാരങ്ങളാൽ അവരെ ഉയർന്ന ജാതിക്കാർ വളരെ അകറ്റിനിർത്തിയിരുന്നു. ഒരു സവർണ്ണൻ പഞ്ചമൻ കോലിയവെള്ളം കുടിക്കയോ പഞ്ചമനെ വീട്ടുവേലയ്ക്കു നിറുത്തുകയോ ചെയ്തുപോയാൽ സമുദായം അയാൾക്കു ഭ്രഷ്ട് കല്പിച്ചിരുന്നു. പോർട്ടുഗീസുകാരായ മിഷ്യനറിമാർ ഈ അധഃകൃതവർഗ്ഗക്കാരുമായി സഹോദരത്വേന പെരുമാറിയിരുന്നു. തന്മൂലം പറങ്കികൾ എന്നു വിളിക്കപ്പെട്ടിരുന്ന ഈ പരദേശികൾ സവർണ്ണഹിന്ദുക്കളുടെ ദൃഷ്ടിയിൽ വെറും



വിശ്രുതനായ കാലത്തുള്ള മധുരമിഷ്യന്റെ പടം. മുകളിൽ ചെറിയ പടത്തിൽ വരകൾ കൊണ്ട് വേർതിരിച്ചുകാണിക്കുന്ന ഭാഗമാണ് മധുരമിഷ്യൻ.



ഹിന്ദു ശൈവ സന്ന്യാസി

ശൈവബ്രാഹ്മണൻ



വൈഷ്ണവബ്രാഹ്മണൻ



പഞ്ചമന്മാർ തന്നെയായിരുന്നു. അവരിൽനിന്ന് ജ്ഞാനസ്നാനം സ്വീകരിക്കുകയെന്നതു് അക്ഷന്തവ്യമായ ഒരു അപരാധമായും സമുദായദ്രോഹമായും അവഹേളിക്കപ്പെട്ടിരുന്നു.

വിദേശമിഷ്യനറിമാർക്ക് മധുരയിൽ അഭിമുഖീകരിക്കേണ്ടിവന്ന പ്രതികൂലസാഹചര്യങ്ങളും എത്ര ബലവത്തരമായിരുന്നുവെന്ന് ഇതിൽനിന്ന് ഏറെക്കുറെ അനുമാനിക്കാമല്ലൊ.

മധുരമിഷ്യന്റെ യഥാർത്ഥ സ്ഥാപകൻ ഫാദർ റോബർട്ട് ഡി നോബിലി എന്ന പ്രസിദ്ധ മിഷ്യനറിയായിരുന്നു. ഇറ്റലിയിലുള്ള ടസ്കുനിയിലെ ഒരു കുലീനകുടുംബാംഗമായിരുന്ന അദ്ദേഹം ചെറുപ്പത്തിൽതന്നെ ഈശോസഭയിൽ ചേരുകയും തീഷ്ണമായ അപ്പോസ്തലചൈതന്യത്താൽ ഇൻഡ്യയിലേയ്ക്കു മിഷ്യനറിയായി പുറപ്പെടുകയും ചെയ്തു. 1606 ഡിസമ്പറിൽ അദ്ദേഹം മധുരയിൽ വന്നുചേർന്നു.

മധുരനിവാസികളുടെ വിശ്വാസാചാരങ്ങളും ഗ്രഹിച്ചതോടുകൂടി, 'പറങ്കി'യായി മധുരയിൽ വേദപ്രചാരണം നടത്തുക സുകരമല്ലെന്നും, ഭക്ഷണക്രമത്തിലും വേഷരീതിയിലും ഭാരതീയനും തനി മധുരക്കാരനുമായി രൂപാന്തരപ്പെടേണ്ടതാവശ്യമാണെന്നും അദ്ദേഹത്തിനു ബോധ്യമായി.

ആ രീതിയിൽ പ്രവർത്തിക്കുന്നതിനു് നോബിലിയച്ചൻ മേലധികാരികളുടെ അനുവാദം കരസ്ഥമാക്കി. അതിനുശേഷം ഫാ. ഡി നോബിലി യൂറോപ്യന്മാരുമായുള്ള സഹവാസവും, സമ്പർക്കം പോലും ഉപേക്ഷിച്ചു. കാഷായവസ്ത്രവും പൂണൂലും മെതിയടിയും ധരിച്ചു്, താടിയും തലയും വളർത്തി, അദ്ദേഹം ഒരു അനുകൃത ഹിന്ദുസന്യാസിയായി. ഹൈന്ദവമുറയനുസരിച്ചു് അദ്ദേഹം അതിരാവിലെ കുളിക്കയും സസ്യാഹാരം മാത്രം കഴിക്കയും ചെയ്തു.

അഭിജാതനായ ഈ അഭിനവ 'റോമൻ സന്യാസി'യുടെ വൃത്താന്തം രാജ്യമെങ്ങും പരന്നു. ജിജ്ഞാസുക്കളായ ബ്രാഹ്മണാചാര്യന്മാർ അദ്ദേഹവുമായി വേദസംബന്ധമായ ചർച്ചകളും

നടത്തി. അദ്ദേഹത്തിന്റെ ഭാഷാപാണ്ഡിത്യവും വേദപുരാണാദികളിലുള്ള വിജ്ഞാനവും ബ്രാഹ്മണരെ ആശ്ചര്യപ്പെടുത്തി. ഫാ. ഡിനോബിലി സന്ദർഭോചിതം ക്രിസ്തുമതതത്വങ്ങൾ അവരെ ഗ്രഹിപ്പിക്കയും ചെയ്തുകൊണ്ടിരുന്നു.

അദ്ദേഹത്തിന്റെ നവീനമാർഗ്ഗം ഫലവത്തായി. 1608-ൽ ബ്രാഹ്മണരുംപ്പടെ അനവധി സവർണ്ണർ ക്രിസ്തുമതം സ്വീകരിച്ചു. അപ്രതീക്ഷിതമായ അദ്ദേഹത്തിനു ചില പ്രതിബന്ധങ്ങൾ നേരിട്ടു. പുതിയ രീതിയിലുള്ള മിഷ്യൻ പ്രവർത്തനം നിരോധിച്ചുകൊണ്ട് മേലധികാരി അദ്ദേഹത്തിന് കല്പനയയച്ചു. എങ്കിലും 16-ാം-ൽ ഗ്രിഗരി മാർപ്പാപ്പാ പതിനഞ്ചാമൻ ഫാ. ഡിനോബിലിയുടെ നവീനമതപരിവർത്തനപദ്ധതിയെ അംഗീകരിക്കയും പുനരാരംഭിക്കുവാൻ അനുവദിക്കയും ചെയ്തു.

സവർണ്ണഹിന്ദുക്കളുടെയിടയിൽ മാനസാന്തരപ്പെടുവാൻ നിവൃത്തിയുണ്ടാക്കിയ നമ്മുടെ റോമൻസന്യാസി അധുകൃതരായ പഞ്ചമരേയും മറ്റും തിരെ വിസ്മരിച്ചില്ല പക്ഷപാതരഹിതമായി അവരോട് സമ്പർക്കം പുലർത്തുവാൻ ആ ബ്രാഹ്മണസന്യാസിക്ക നിവൃത്തിയില്ലായിരുന്നു.

മേലധികാരികളുമായി ആലോചിച്ചശേഷം ഫാ. ഡിനോബിലി അതിനൊരു പുതിയ പദ്ധതി സ്വീകരിച്ചു. പഞ്ചമന്മാർ, പള്ളന്മാർ മുതലായ താണജാതിക്കാരുടെയിടയിൽ മിഷ്യൻപ്രവർത്തനം നടത്തുന്നതിനായി 'പണ്ടാരംസ്വാമികൾ' എന്ന പേരിൽ ഏതാനും പുതിയ മിഷ്യനറി സന്യാസിമാരെ നിയോഗിച്ചു. ഫാ. ബൽത്തസർ ഡികോസ്റ്റായായിരുന്ന ആദ്യത്തെ പണ്ടാരം സ്വാമി. നമ്മുടെ കഥാനായകനും ഒരു പണ്ടാരംസ്വാമിയായിട്ടാണ് പ്രവർത്തിച്ചിരുന്നതു്.

പണ്ടാരം സ്വാമിമാരുടെ ജീവിതരീതി അനാർഭാടവും ദരിദ്രോചിതവുമായിരുന്നു. വെറുംതറയിൽ ഇലവച്ചാണ് അവർ ആഹാരം കഴിച്ചിരുന്നതു്. കത്തിയോ മുള്ളോ അവർ ഉപയോ

ഗിച്ചിരുന്നില്ല. ദാഹശമനത്തിനു് വെറും വെള്ളമാണു് അവർ കുടിച്ചിരുന്നതു്. അതും, വേനൽക്കാലങ്ങളിൽ പലപ്പോഴും അഴുക്കു നിറഞ്ഞു് കൂകിയ പച്ചവെള്ളം. ചെറുതും വൃത്തിഹീനവും വേണ്ടത്ര വായുവും വെളിച്ചവും കയറാത്തവണ്ണം ഇടുങ്ങിയതുമായ കുടിലുകളായിരുന്നു അവരുടെ പാർപ്പിടങ്ങളും. തറയിൽ പായോ വന്യമൃഗങ്ങളുടെ തോലോ വിരിച്ചാണു് അവർ കിടന്നിരുന്നതു്.

ഈ മിഷ്യനറിമാരുടെ അവിശ്രമമായ പ്രേഷിതവേലയുടെ ഫലമായി ക്രിസ്ത്യാനികളുടെ സംഖ്യ വർദ്ധിക്കുകയും 1674-ൽ മധുര മിഷ്യനിൽ മൻപതു വൈദികവസതികളും സ്ഥാപിക്കപ്പെടുകയുംചെയ്തു.

അദ്ധ്യായം 6

പ്രേഷിതയത്നത്തിന്റെ പ്രഥമഘട്ടം

ഈ ഘട്ടത്തിലായിരുന്നു നമ്മുടെ ചരിത്രനായകൻ ഫാദർ ഫ്രൈയറമൊരുമിച്ച് മധുര മിഷ്യനിലെത്തിയത്. മുൻഗാമികളെപ്പോലെ അദ്ദേഹവും ആദ്യമായി തമിഴ്ഭാഷ പഠിച്ചു. അതിൽ പ്രാവീണ്യം സമ്പാദിച്ചു. ദക്ഷിണേന്ത്യയിൽ ആയിടെയുണ്ടായ ഒരു യുദ്ധത്തിന്റെ ഫലമായി കൊലൈ മുതലായ സ്ഥലങ്ങൾ പഞ്ഞത്തിലും പട്ടിണിയിലും ആണ്ടുപോയിരുന്നു. അപായകരമായ ഒരു സാംക്രമികരോഗം ഈ നാടുകീയടുത്തിടങ്ങൾക്കു മകുടം ചാർത്തി. ഫാ. ഡി ബ്രിട്ടോ ഫ്രൈയറച്ചനോടുകൂടി അനേകം പേർക്ക് ജ്ഞാനസ്നാനവും ഇതരക്രമാശകളും നൽകി. രോഗത്തിന്റെ അപായകരമായ സാംക്രമികസ്വഭാവം ആ യുവപ്രേഷിതനെ ഒട്ടും അധീരനാക്കിയില്ല.

രോഗപരിചരണാർത്ഥമുള്ള സഞ്ചാരങ്ങൾക്കിടയിൽ ഫാ. ഡി ബ്രിട്ടോയ്ക്ക് ക്രൈസ്തവ പുരോഹിതന്മാരുമായി കണ്ടുമുട്ടുന്നതിനും അവരിൽ ആഴമായി പതിഞ്ഞിരുന്ന ക്രൈസ്തവവിദ്വേഷം ഗ്രഹിക്കുന്നതിനും ഇടയായി. അതുപോലെതന്നെ ക്രിസ്ത്യാനികളുടെ വിശ്വാസസ്ഥിരതയും ഭക്തിതീക്ഷ്ണതയും അദ്ദേഹം കണ്ടറിഞ്ഞു.

ബ്രിട്ടോ അച്ചൻ അധികനാൾ കൊലയിൽ താമസിച്ചില്ല. രോഗശുശ്രൂഷയ്ക്കുവേണ്ടി കൊലയിൽ ഡിസ്പെൻസ്സറി തുടങ്ങിയിരുന്നു. കൊളറൂൺനദിയുടെ ഉത്തരഭാഗത്തുള്ള തത്തുവഞ്ചേരി എന്ന സ്ഥലത്തേയ്ക്ക് 1676-ൽ ബ്രിട്ടോ അച്ചൻ നിയമിതനായി.

ആ ഗ്രാമത്തിലെ അധികാരികളായിരുന്ന രണ്ടു സഹോദരന്മാരുടെ പ്രീതിയും ആദരവും സമ്പാദിക്കുന്നതിന് ഫാ. ഡി ബ്രിട്ടോയ്ക്കു സാധിച്ചു. അവിടെ നിർബ്ബാധമായി മതപ്രചാരണം നട

ത്തുന്നതിനുള്ള സ്വാതന്ത്ര്യവും പരിരക്ഷയും നൽകാമെന്നും അവർ വാഗ്ദാനംചെയ്തു.

മധുര രാജാവും തഞ്ചാവൂരിലെ മഹാരാഷ്ട്ര ഭരണാധികാരിയും തമ്മിൽ നടന്ന ഭയങ്കര യുദ്ധത്തിന്റെ ദുരന്തയാതനകളിൽപ്പെട്ട്, രാജ്യവാസികൾ എരിപൊരിക്കൊണ്ടിരുന്ന ഒരു കാലഘട്ടമായിരുന്നു അത്. ആപത്തു വരുമ്പോൾ കൂട്ടത്തോടെ എന്നു തെളിയിക്കുമാറ് അതേതാട്ടുകൂടി അപ്രതീക്ഷിതമായ ഒരു വെള്ളപ്പൊക്കവുമുണ്ടായി. ഗ്രാമങ്ങളെല്ലാം വെള്ളത്തിനടിയിലായി. അസംഖ്യം മനുഷ്യരും ജീവജാലങ്ങളും ചത്തൊടുങ്ങി. പഞ്ഞവും പകർച്ചവ്യാധികളും തലപൊക്കി. കൊള്ളയും കവർച്ചയും വർദ്ധിച്ചു. ജനങ്ങൾ അത്യന്തരായി ഭയവിഹ്വലരായി നാലുപാടും ചിതറി. ജനങ്ങൾക്കു നേരിട്ട ദാരുണമായ ഈ ദുരിതാനുഭവങ്ങൾ കണ്ട് ആകുലചിത്തനായി ഫാ. ഡി ബ്രിട്ടോ ഏതാനും അനുചരന്മാരോടുകൂടി ഒരു കുന്നിൻമുകളിൽ കഴിഞ്ഞുകൂടി. വെള്ളം ഇറങ്ങുന്നതുവരെ വിശപ്പും ക്ലേശങ്ങളും സഹിച്ച് അദ്ദേഹം അവിടെ താമസിച്ചു.

അദ്ദേഹത്തിന്റെ വസതിയും കപ്പേളയും ജലപ്രളയത്തിൽപ്പെട്ടു നശിച്ചുപോയി. അക്കൊല്ലത്തെ ക്രിസ്മസ്, ബേസ്സഹം കാലിത്തൊഴുത്തിന്റെ ശരിപ്പകർപ്പായ ഒരു ചെറിയ ഓലക്കുടിലിൽ വച്ചാണ് അവർ ആഘോഷിച്ചത്.

ഫാ. ബ്രിട്ടോയുടെ സ്നേഹിതന്മാരായ ഗ്രാമാധികാരികൾ പഴയ കപ്പേളയും വസതിയും ഇരുന്നിടത്തുതന്നെ പുതിയ കപ്പേളയും വസതിയും അദ്ദേഹത്തിനു സൗജന്യമായി പണിയിച്ചുകൊടുത്തു.

യുദ്ധവും ജലപ്രളയവും നിമിത്തമുണ്ടായ ഈ ദുരവസ്ഥകളാൽ ഫാ. ബ്രിട്ടോയ്ക്ക് ക്രിസ്ത്യാനികളുമായി വേണ്ടിടത്തോളം സംസർഗ്ഗം പാലിക്കുന്നതിനോ ധർമ്മപ്രചാരണകൃത്യം സുഗമ

മായി നിർവ്വഹിക്കുന്നതിനോ സാധിച്ചില്ലെന്ന് അദ്ദേഹംതന്നെ രേഖപ്പെടുത്തിയിട്ടുണ്ട്.

മേലധികാരിയുടെ കല്പനപ്രകാരം അധികം താമസിയാതെ ബ്രിട്ടോ അച്ചൻ കൊലയിൽനിന്ന് വിദൂരസ്ഥമല്ലാത്ത കത്തൂർ എന്ന സ്ഥലത്തേയ്ക്കു പോയി. കത്തൂരിനും കൊലയിക്കും ഇടയ്ക്കുള്ള വനാന്തരത്തിൽ ഒരു ചെറിയ കുപ്പായും കുടിലും തീർത്ത് അദ്ദേഹം അവിടെ താമസമായി. പകലും രാത്രിയും വിശ്രമരഹിതനായി അദ്ദേഹം വേദപ്രചാരണം നിർവ്വഹിച്ചുകൊണ്ടിരുന്നു.

നോമ്പുകാലം ആരംഭിച്ചപ്പോൾ ഫാ. ബ്രിട്ടോ തത്തുവഞ്ചേരിയിലേയ്ക്കു മടങ്ങി. പുതുതായി പണികഴിപ്പിച്ച കുപ്പായിൽ വച്ച് മോടിയായി ഈസ്റ്റർ ആഘോഷിച്ചു.

തത്തുവഞ്ചേരിയിൽ നിന്ന് തെക്കുകിഴക്കുഭാഗത്തായി സ്ഥിതിചെയ്തിരുന്ന ശ്രീകടമ്പനൂർ എന്ന ഏകാന്തസ്ഥലത്തും അദ്ദേഹം ഒരു കുപ്പായ പണിയിച്ചു. ഈ സ്ഥലത്തും സെൻവഫ്രാൻസിസ് സേവ്യർ ഒരു കുപ്പായ പണിയിക്കയും പ്രസംഗങ്ങൾ നടത്തുകയും ചെയ്തതായി ഒരു ഐതിഹ്യമുണ്ട്. ശ്രീകടമ്പനൂർ കുപ്പായിൽ വച്ച് ഫാ. ബ്രിട്ടോ അനേകം ആളുകളെ ജ്ഞാനസ്നാനപ്പെടുത്തുകയും അസംഖ്യം ക്രിസ്ത്യാനികൾക്ക് കുദാശകൾ നൽകുകയും ചെയ്തു.

അദ്ധ്യായം 7

പ്രേഷിതപര്യടനങ്ങൾ

പാണ്ടനല്ലൂർ ഡിസ്ട്രിക്ടിൽ അനേകം ക്രൈസ്തവരെ ജ്ഞാനസ്നാപിതരാക്കിയശേഷം, തൂത്തുവഞ്ചേരിവഴി ഫാ. ബ്രിട്ടോ കുമരികാണ്ടത്തേയ്ക്കുപോയി. സാംക്രമികരോഗബാധിതരായ പലരേയും അദ്ദേഹം അവിടെവച്ചു സന്ദർശിച്ചു. ഈ അവസരത്തിൽ, ജ്ഞാനമുത്തു എന്ന പേരുള്ള അദ്ദേഹത്തിന്റെ ഒരു പ്രിയശിഷ്യൻ മരണാസന്നനായിരിക്കുന്നതറിഞ്ഞ് ഫാ. ബ്രിട്ടോ, കായികക്ഷീണമോ പാദങ്ങളിലെ മുറിവുകളോ വകവയ്ക്കാതെ രണ്ടുദിവസത്തെ ക്ലേശപൂർണ്ണമായ യാത്രചെയ്ത് രോഗിയുടെ അടുത്തെത്തി. അന്ത്യകൂദാശകൊടുക്കാൻ തക്ക സമയത്തായിരുന്നു ഫാ. ബ്രിട്ടോ അവിടെയെത്തിയത്. മരിക്കുന്നസമയംവരെയും അദ്ദേഹം രോഗിയുടെ സമീപത്തുതന്നെയിരുന്നു.

ഭക്തനായ ആ ഉപദേശിയെപ്പറ്റി ഫാ. ഡി ബ്രിട്ടോ ഒരു എഴുത്തിൽ ഇപ്രകാരം പ്രസ്താവിക്കുന്നു:— "എല്ലാ ക്രിസ്ത്യാനികളും അദ്ദേഹത്തിന്റെ ദേഹവിയോഗത്തിൽ, സ്വന്തം പിതാവിന്റെ വേർപാടിലെന്നപോലെ വിലപിച്ചു. രാത്രിയെന്നോ പകലെന്നോ മഴയെന്നോ വെയിലെന്നോ ചിന്തിക്കാതെ തന്റെ സഹോദരന്മാരായ ക്രിസ്ത്യാനികളെ സഹായിക്കുന്നതിനും മിഷ്യനറിമാരുടെ ആഗ്രഹാനുസരണം എവിടെപ്പോകുന്നതിനും അദ്ദേഹം എപ്പോഴും സന്നദ്ധനായിരുന്നു"

അവിടെനിന്ന് ഫാ. ഡി. ബ്രിട്ടോ മറവാരാജ്യത്തിനടുത്തുള്ള കരാരംപത്തിയിലേയ്ക്കു പുറപ്പെട്ടു. അസഹിഷ്ണുക്കളും ക്രിസ്തുമതവൈരികളുമായ ജനങ്ങളാൽ നിബിഡമായിരുന്ന ആ സ്ഥലം. മറവരല്ലാത്തവർ പ്രതിഷേധിച്ചിട്ടും അദ്ദേഹം അങ്ങോട്ടുപോയി.

അതിനുശേഷം അദ്ദേഹം ശ്രീകടമ്പന്തുരയ്ക്കു തിരിച്ചു. അവിടെ നിന്ന് തൂത്തുവഞ്ചേരിയിലേയ്ക്കു പുറപ്പെടാറായപ്പോൾ, അദ്ദേ

ഹത്തെ ബന്ധനസ്ഥനാക്കുവാൻ രാജകിങ്കരന്മാർ തത്തുവഞ്ചേരിയിലും പരിസരങ്ങളിലും അന്വേഷണം നടത്തുന്നുണ്ടെന്നറിഞ്ഞു. തല്ക്കാലം അവരുടെ കൈയിൽ അകപ്പെടാതെ സ്വകൃത്യം നിവ്വഹിക്കുന്നതാണ് ബുദ്ധിപൂവ്വമെന്നു കരുതി ഫാ. ഡി. ബ്രിട്ടോ സമുദ്രതീരംവഴി ഗിഞ്ചിയിലേയ്ക്കു പലായനം ചെയ്തു. അവിടത്തെ ക്രിസ്ത്യാനികളുടെയിടയിൽ രണ്ടുമാസത്തോളം താമസിച്ചശേഷം അദ്ദേഹം തഞ്ചാവൂരിലേയ്ക്കു പ്രയാണം ചെയ്തു. രാജാവ് ഒരു യുദ്ധത്തിൽ ഏർപ്പെട്ടിരുന്നതിനാൽ ക്രിസ്തീയമദ്ധ്യസ്ഥത്തിനു് അദ്ദേഹത്തിനു് സമയമോ സൌകര്യമോയില്ലായിരുന്നു.

ശ്രീകടമ്പനൂർ, തത്തുവഞ്ചേരി, കുണ്ടൂർ മുതലായ ക്രൈസ്തവകേന്ദ്രങ്ങളിൽ പൗരോഹിത്യകൃത്യങ്ങൾ നിവ്വഹിച്ചശേഷം നമ്മുടെ പ്രേഷിതൻ തഞ്ചാവൂരിനു പടിഞ്ഞാറുള്ള ചോളമണ്ഡലത്തിലേയ്ക്കു നിഷ്ക്രമിച്ചു. അവിടെ അദ്ദേഹം പറങ്കിമന്മാർ തുടങ്ങിയ പിന്നോക്കജാതികളുടെയിടയിലാണ് കൂടുതലായി പ്രവർത്തിച്ചതു്. വന്യമൃഗങ്ങളുടെയും തസ്കരന്മാരുടെയും ഉപദ്രവമുള്ള ഒരു കാട്ടിൽ താമസിച്ചുകൊണ്ട് അദ്ദേഹം നിർബാധമായി പ്രേഷിതയത്നങ്ങൾ നടത്തി. അവിടെ വച്ചു് അദ്ദേഹം രണ്ടായിരത്തോളം പേരുടെ പാപപ്രോച്ചാരണം ശ്രവിക്കയും നൂറോളംപേരെ ജ്ഞാനസ്നാനപ്പെടുത്തുകയും ചെയ്തു. പതിനാലുദിവസം ദീർഘിച്ച ആപൽസമ്പൂർണ്ണമായ ആ കാനനജീവിതത്തിനുശേഷം അദ്ദേഹം കരാരംപത്തിയിലേയ്ക്കു നിർഗ്ഗമിച്ചു. അവിടെ അദ്ദേഹം പകൽ ജ്ഞാനസ്നാനാർത്ഥികളായ ക്രൈസ്തവർക്കു മതോപദേശം നൽകിയും രാത്രിയിൽ ക്രിസ്ത്യാനികൾക്കു ക്ലേശകരം കൊടുത്തും വിശ്രമരഹിതനായി വർത്തിച്ചു.

1680 ജൂലായ് 31-ാം തീയതിവരെ അദ്ദേഹം അവിടെ താമസിച്ചശേഷം വീണ്ടും വടക്കോട്ടു യാത്ര തിരിച്ചു. തൃക്കാരിയൂർ എന്ന സ്ഥലത്തു ചെന്നപ്പോൾ അദ്ദേഹം തീരെ അവശനായിത്തീർന്നു. അദ്ദേഹത്തിന്റെ കഠിനമായ ദേഹാധ്വാനവും നി

ക്ഷീണമായ പ്രേഷിതപ്രയത്നവും ക്ലേശങ്ങളുടെയുള്ള പട്ടിണിയും അദ്ദേഹത്തിന്റെ ആരോഗ്യസ്ഥിതിയെ സാരമായി ബാധിച്ചു. ആപൽക്കരമായ ഒരു ജ്വരം പിടിപെട്ട് അദ്ദേഹം കിടപ്പിലായി. അദ്ദേഹത്തിന്റെ കാലുകളിൽ വ്രണങ്ങൾ നിറഞ്ഞുകഴിഞ്ഞു. കൺപോളയുടെ താഴെ നീരു വന്നുവീങ്ങി. നാട്ടുവൈദ്യന്മാർ രോഗിയെ കൈവെടിഞ്ഞു.

ദൈവപ്രബോധത്താലെന്നവണ്ണം അദ്ദേഹം ഫ്രാൻസിസ് സേവ്യറിന്റെ മാദ്ധ്യസ്ഥം യാചിച്ചു. തന്റെ അന്ത്യശ്വാസം വരെ സെന്റു സേവ്യറിന്റെ പ്രിയപ്പെട്ട ഭാരതിയരുടെ മാനസാന്തരത്തിനുവേണ്ടി പ്രയത്നിക്കുന്നതാണെന്നുള്ള പ്രതിജ്ഞയെ അദ്ദേഹം നവീകരിച്ചു. വിനാവിളംബം വേദന കുറഞ്ഞു രോഗം ശമിച്ചുതുടങ്ങി. ഏതാനും ദിവസങ്ങൾക്കകം അദ്ദേഹം പരിപൂർണ്ണസുഖപ്രാപ്തനായി.

1681-ൽ ഫാ. ബ്രിട്ടോ ഗിഞ്ചിയിൽ പ്രേഷിതപര്യടനം തുടർന്നു. അവിടത്തെ ക്രൈസ്തവരായ ക്രിസ്ത്യാനികൾ അദ്ദേഹത്തിന്റെ സാന്നിധ്യത്തിൽ കൈകൊണ്ടമായി ഈസ്റ്റർ ആഘോഷിച്ചു. നാലായിരത്തോളം നവക്രിസ്ത്യാനികൾക്ക് അദ്ദേഹം ദിവ്യകൂദാശകൾ നൽകി.

മേമാസാന്ത്യത്തോടുകൂടി അദ്ദേഹം ചോളമണ്ഡലത്തിലെത്തി. അവിടെ ഒരു വനാന്തരത്തിൽ ശുദ്ധമായി താമസിച്ചുകൊണ്ടായിരുന്ന അദ്ദേഹം അപ്പോസ്തലകൃത്യങ്ങൾ നടത്തിയിരുന്നത്. എങ്കിലും ക്രിസ്തീയ വിദ്വേഷികളായ അവിടത്തെ അധികൃസ്ഥർ ഭരണാധികാരിയെ സ്വാധീനപ്പെടുത്തി. നമ്മുടെ കഥാനായകനെ നിഗ്രഹിക്കുവാൻ അദ്ദേഹം ഏതാനും പടയാളികളെ നിയോഗിച്ചു. പക്ഷേ ഫാ. ബ്രിട്ടോ കണ്ടുപിടിക്കപ്പെടുന്നതിനുമുമ്പേ പുറപ്പെട്ടുപോകയാൽ അവരുടെ ദുഷ്ടലാക്ക് സഫലമായില്ല.

1682-ലെ നോമ്പുകാലവും ഉയിർപ്പുതിരുനാളും കഴിഞ്ഞ് അല്പംപൂർവ്വമായ ആഡംബരങ്ങളോടുകൂടി ഈശോയുടെ

ശേഷം ഫാ. ബ്രിട്ടോ തഞ്ചാവൂക്കുതന്നെ പോകുവാൻ തയാറായി. എങ്കിലും അവിടെ മതവിരോധികളുടെ ശല്യം ക്രൂരതലായുണ്ടാകുമെന്നും നമ്മുടെ പ്രേഷിതനെ മർദ്ദിക്കുവാൻ മടിക്കുകയില്ലെന്നും കല്പന പുറപ്പെടുവിച്ചിട്ടുണ്ടെന്നും ആപ്തന്മാരായ ഉപദേശിമാർ അദ്ദേഹത്തെ അറിയിച്ചു. അദ്ദേഹത്തെപ്പോലെയുള്ള ഒരു മിഷ്യനറിയുടെ ജീവൻ വിലയുള്ളതാണെന്നും ക്രിസ്ത്യാനികളുടെ രക്ഷയെക്കരുതി ശത്രുക്കളുടെ പിടിയിൽ പെടാതെ അദ്ദേഹം തൽക്ഷണം അവിടം വിടണമെന്നും അവർ ഹൃദയപൂർവം അഭ്യർത്ഥിച്ചു.

ഈ അവസരത്തിൽ പ്രൊവിൻഷ്യലുമായി മിഷ്യൻ സംബന്ധമായ ചില പ്രധാന സംഗതികളെപ്പറ്റി ആലോചിക്കുവാൻ പ്രൊവിൻഷ്യലിന്റെ ആസ്ഥാനത്തേയ്ക്കു പുറപ്പെടണമെന്ന് മിഷ്യൻ സുപ്പീരിയറായിരുന്ന ഫാ. ഫ്രെയർ ബ്രിട്ടോ അച്ചനോടാവശ്യപ്പെട്ടു.

അതനുസരിച്ച് ദക്ഷിണ ഇൻഡ്യയുടെ കിഴക്കേ കടൽതീരത്തേക്ക് പുറപ്പെട്ടു. അവിടെ ചെന്നപ്പോൾ പ്രൊവിൻഷ്യൽ, തോപ്പ് എന്ന സ്ഥലത്തുള്ള അദ്ദേഹത്തിന്റെ വസതിയിലാണെന്നു മനസ്സിലായി. അദ്ദേഹം അങ്ങോട്ടു യാത്രതിരിച്ചു.

തെക്കൻതിരുവിതാംകൂറിൽ കളച്ചലിനടുത്തുള്ള ഒരു സ്ഥലമാണ് തോപ്പ്. അവിടെ ഈശോസഭക സ്ഥാപനങ്ങളും ഏതാനും വൈദികരുടെ താമസവുമുണ്ടായിരുന്നു. ഇപ്പോൾ ആ സ്ഥലം 'പിള്ളത്തോപ്പ്' എന്ന പേരിലാണ് അറിയപ്പെടുന്നത്.

ഫാ. ബ്രിട്ടോ തോപ്പിലെത്തി. മിഷ്യന്റെ പുരോഗതിക്കും മിഷ്യൻ പ്രവർത്തനത്തിന്റെ സാഫല്യത്തിനും ആവശ്യമായ പല സംഗതികളെക്കുറിച്ചും അദ്ദേഹം പ്രൊവിൻഷ്യലുമായി ആലോചിച്ചു. അതിനുശേഷം ആ ആത്മീയപിതാവിന്റെ അനുഗ്രഹവും വാങ്ങി അദ്ദേഹം മധുരയിലേക്കു തിരിച്ചുപോയി.

തോപ്പു സന്ദർശനത്തെക്കുറിച്ച് ഫാ. ബ്രിട്ടോ എഴുതിയിരിക്കുന്നത് ഇങ്ങനെയാണ്:

"ഞാൻ തോപ്പിൽ കണ്ട ക്രിസ്ത്യാനികളും തികഞ്ഞ സഹാർദ്ദത്തോടും സാഹോദര്യത്തോടും കൂടി എന്നോട് പെരുമാറി. അവരുടെ പ്രത്യേക പ്രേഷിതനായ സെൻറ് ഫ്രാൻസിസ് സേവ്യറിൻെറ യഥാർത്ഥ അനുയായികളുംതന്നെയായിരുന്നു അവർ."

അദ്ദേഹം തുടരുന്നു:—

"ഞാൻ കായൽവശത്തുള്ള കൂട്ടിയിൽ അല്പം താമസിച്ചു. അവിടെനിന്ന്, ജെറോം ടെല്ലസ്, ലൂയിസ് ഡിമെല്ലോ എന്നീ രണ്ടു യുവമിഷ്യനറിമാരോടുകൂടി ഞാൻ കപ്പൽ കയറി. കടൽക്ഷോഭിച്ചുവശായി. മുപ്പത്തഞ്ചുദിവസത്തോളം ഞങ്ങൾ മരണത്തിൻെറ വായിൽതന്നെ കഴിഞ്ഞുകൂടി. "മുന്നു പ്രാവശ്യം എനിക്കു കപ്പൽഛേദം സംഭവിച്ചു" എന്ന് പൗലോസ് അപ്പോസ്തലനോടുകൂടി ഞങ്ങൾക്കും പറയാം. ഞങ്ങളുടെ യാനപാത്രം തിരമാലകളിൽപ്പെട്ട തകർന്നുപോയി. ഞങ്ങൾ അതിൻെറ അവശിഷ്ടങ്ങളിൽ പറ്റിപ്പിടിച്ചുകിടന്നു. തിരമാലകളിൽ പൊങ്ങിയും താണും ഞങ്ങൾ വലഞ്ഞപ്പോൾ, ദൈവഗത്യാ മഹമ്മദീയരുടെ വക ഒരു കപ്പൽ വന്ന് ഞങ്ങളെ അതിൽ കയറ്റി. പക്ഷേ ജീവസന്ധാരണത്തിനുള്ള വകകൾ വേണ്ടിടത്തോളമില്ലായിരുന്നതിനാൽ, ചായും ചുക്കാനുമില്ലാതിരുന്ന ഒരു ബോട്ടിലേയ്ക്കു ഞങ്ങളെ യാത്രയാക്കുവാൻ അവർ നിർബന്ധിതരായി. സ്വർഗ്ഗീയമാലുമിയായ ദൈവംതന്നെ ആ അത്യാപത്തിൽ നിന്നു ഞങ്ങളെ രക്ഷിച്ചു. സെപ്റ്റംബർ മാസത്തിൽ ഞങ്ങൾ ഗിഞ്ചിയുടെ തീരത്തടുത്തു. അവിടെ രണ്ടുമാസം താമസിച്ചശേഷം ഞാൻ തഞ്ചാവൂക്കു പോയി.

1685-ൽ ഫാദർ ബ്രിട്ടോ ഈശോസഭയുടെ ജനറലിനയച്ച വർഷാന്ത്യറിപ്പോർട്ടിൽ ഗിഞ്ചിയിലെയും തഞ്ചാവൂരിലെയും രാഷ്ട്രീയസ്ഥിതിഗതികളും സമൃക്കായി വിവരിച്ചിട്ടുണ്ട്.

"തഞ്ചാവൂരിൽ വിളവുകളുടെ അഞ്ചിൽ നാലു ഭാഗവും രാജഭോഗമായി കൊടുക്കേണ്ടിയിരുന്നു. രാജഭോഗം പണമായിട്ടുതന്നെ കൊടുക്കണമായിരുന്നുതാനും. സാധാരണ വിപണിയി

ലെ വിലയേക്കാൾ വളരെ ഉയർന്നതോതിലാണ് രാജഭോഗത്തിന്റെ വില്പനവില ക്ലിപ്തപ്പെടുത്തിയിരുന്നത്. ചുരുക്കത്തിൽ വിളവുകൾ നികുതിയടയ്ക്കുന്നതിനുപോലും തികയാത്തതുകൊണ്ട് കർഷകരുടെ ഋണഭാരം അനുദിനം വർദ്ധിച്ചുകൊണ്ടിരുന്നു. ഗിഞ്ചിയിലെ സ്ഥിതി ഇതിനേക്കാൾ അനുശാസ്യമായിരുന്നു.[2] ഇതിനെത്തുടർന്ന് ഫാ. ബ്രിട്ടാ തന്റെ മിഷ്യൻ പ്രവർത്തനങ്ങളെക്കുറിച്ച് ജനറലിന് നിവേദനം നടത്തുന്നു:—

"ഇവിടങ്ങളിൽ ബലവാന്മാരായ അസംഖ്യം ശത്രുക്കളുള്ളതുകൊണ്ട് മതപ്രചാരണം ദുസ്സാധ്യമായിരിക്കുമെന്ന് ഞങ്ങൾക്കു തോന്നി. പക്ഷേ മനുഷ്യൻ അസാധ്യമാണെന്നു വിചാരിക്കുന്നതു ദൈവദൃഷ്ടിയിൽ എത്രമേൽ സാധ്യമാണെന്ന് ഞങ്ങളുടെ വിജയം ഞങ്ങളെ ബോദ്ധ്യപ്പെടുത്തി. തഞ്ചാവൂരിലുള്ള മറവാരാജ്യത്തിന്റെ പ്രാന്തപ്രദേശങ്ങളിലേക്കു വച്ചു നീട്ടുന്ന ക്രൈസ്തവപ്രമാണികളുമായി പരസ്യമായ ഒരു വാദപ്രതിവാദത്തിലേർപ്പെടുന്നതിന് എനിക്കിടയായി. 'തലയിലെഴുത്തിനെ' അധികരിച്ചായിരുന്നു വിവാദം."

ശിരോലിഖിതമനുസരിച്ചാണ് മനുഷ്യന്റെ പ്രവർത്തനങ്ങളും നയിക്കപ്പെടുന്നതെന്നുള്ള മൂഢമായ വിശ്വാസത്തെ ഫാ. ബ്രിട്ടോ സയുക്തികം ഖണ്ഡിച്ചു.

അദ്ദേഹത്തിന്റെ വാർഷാന്ത്യറിപ്പോർട്ടിൽ അദ്ദേഹം ഇങ്ങനെ എഴുതുന്നു:

"ഇവിടെയുള്ള ജനങ്ങളും വിശ്വസിക്കുന്നതു, ഓരോരുത്തരും ചിന്തിക്കുന്നതും പറയുന്നതും പ്രവർത്തിക്കുന്നതും എല്ലാം അവരവരുടെ തലയിലെഴുത്തനുസരിച്ചാണെന്നാണ്. മനുഷ്യന്റെ എല്ലാ പ്രവൃത്തികളും ബ്രഹ്മാവ് എഴുതിയിട്ടുള്ള ഈ തലയിലെഴുത്തനുസരിച്ചായിരിക്കുമെന്നും അതു ബ്രഹ്മാവിനുതന്നെയോ മറ്റുള്ളവർക്കോ ദേവന്മാർക്കോ മാറ്റാൻ സാധിക്കയില്ലെന്നും അവർ വിശ്വസിക്കുന്നു. എന്തിടസ്ഥാനത്തിന്മേലാണ് ഇങ്ങനെ വിശ്വസിക്കുന്നു

തെന്നു ഞാൻ ചോദിച്ചപ്പോൾ എല്ലാ ഗ്രന്ഥക്കാരും സമ്മതിച്ചിട്ടുള്ള ഒരു തത്വമാണതെന്നും ആരും ഇതിനെ ചോദ്യം ചെയ്തിട്ടില്ലെന്നുമായിരുന്നു അവരുടെ മറുപടി. ബ്രഹ്മാവു വഞ്ചിക്കുമോ എന്നു ഞാൻ വീണ്ടും ചോദിച്ചതിനു ഇല്ല എന്നും മറുപടി നൽകി. അപ്പോൾ ഞാൻ യുക്തിവാദം അവരോടു പറയുകയുണ്ടായി.

"നിങ്ങളുടെ ഇടയിൽ വിശ്വാസത്തോടുകൂടിയ വൈഷ്ണവനെന്നും ശൈവനെന്നും രണ്ടു വിഭാഗക്കാരുണ്ടല്ലോ. ഒരു കൂട്ടർ ശിവനല്ല, വിഷ്ണുവാണു ദൈവമെന്നു പറയുന്നു. മറ്റവർ വിഷ്ണുവല്ല, ശിവനാണ് ദൈവമെന്ന് പറയുന്നു. ബ്രഹ്മാവു വഞ്ചിക്കയില്ലെന്നും നിങ്ങൾ സമ്മതിക്കുന്നു. അതുകൊണ്ടു ഒരുത്തന്റെ തലയിൽ ശിവനാണ് ദൈവമെന്നും മറ്റൊരുവന്റെ തലയിൽ വിഷ്ണുവാണ് ദൈവമെന്നും എഴുതുകയില്ല. അങ്ങനെ എഴുതുന്നതു ചതിവായിരിക്കും. അതിനാൽ ഒരു വൈഷ്ണവൻ വിഷ്ണുവാണു ദൈവമെന്നും ഒരു ശൈവൻ ശിവനാണു ദൈവമെന്നും പറയുമ്പോൾ അങ്ങനെചെയ്യുന്നതു തലയിലെഴുത്തുകൊണ്ടല്ല; അവർക്കു അതു സൗകര്യമായിട്ടു തോന്നുന്നതുകൊണ്ടാണ്".

ഉത്തരം മുട്ടിപ്പോയ പ്രതിയോഗികൾ പരാജിതരായി പിരുപിരുത്തുകൊണ്ടു പിന്തിരിഞ്ഞു. അതിനുശേഷം അദ്ദേഹം കുംഭകോണത്തും മന്നാർ കോലയിലും സഞ്ചരിച്ചു് മതപ്രചാരണം നിർവ്വഹിച്ചു.

ആയിടയ്ക്കു് ഫാ. ബ്രട്ടോയെ അറസ്റ്റു ചെയ്യുവാൻ അധികാരികൾ കല്പന പുറപ്പെടുവിച്ചിട്ടുണ്ടെന്നറിഞ്ഞു് എല്ലാവരും അസ്വസ്ഥരും ഉൽക്കണ്ഠിതരുമായി. അതോടുകൂടി ക്രിസ്ത്യാനികൾ നഗരങ്ങളും ഗ്രാമങ്ങളും വിട്ടു രാജ്യാതിർത്തിക്കു വെളിയിൽ പഞ്ചമക്കാടികളിൽ പാർത്തുകൊള്ളണമെന്നു് ഒരു വിളംബരവുമുണ്ടായി.

ഈ ഞെരുക്കത്തിന്റെ ആരംഭത്തിൽ ഫാ. ബ്രിട്ടോ ക്രിസ്ത്യാനികളെ സന്ദർശിച്ചു ധർമ്മോപദേശങ്ങളിൽ അവരെ ധൈര്യപ്പെടുത്തിക്കൊണ്ടിരുന്നു. മതാനുഷ്ഠാനങ്ങളും നിർവിഘ്നം നിർവ്വ

ഫിക്കുവാൻ സൗകര്യപ്രദമായ സുരക്ഷിതസങ്കേതങ്ങളിലേയ്ക്കു മാറിത്താമസിയ്ക്കുവാൻ അദ്ദേഹം ക്രിസ്ത്യാനികളെ ഉപദേശിച്ചു. എങ്കിലും താമസിയാതെ ഈ മർദ്ദനത്തിന്റെ പ്രധാനപ്രവർത്തകൻ മരണമടഞ്ഞു.

അതിനുശേഷം കുത്തൂർ നിന്നു് തഞ്ചാവൂരെത്തിയപ്പോൾ ശ്രീകടമ്പന്തെ അധികാരി, ക്രിസ്ത്യാനികളുടെ പള്ളിയും ഭവനങ്ങളും ചുട്ടെരിക്കുന്നതിനും ക്രിസ്ത്യാനികളുടെ വസ്തുവകകൾ കൊള്ളയിടുന്നതിനും നിശ്ചയിച്ചിരിക്കുന്നതായി അദ്ദേഹത്തിന് അറിവുലഭിച്ചു. 'രാമനായിക്കൻ' എന്നു ഹൈന്ദവ പ്രമാണിയായിരുന്ന ഈ മതമർദ്ദനസംരംഭത്തെ ഇളക്കിവിട്ടതു്. ഇയാൾ അധികാരിയുടെ സമക്ഷം ക്രിസ്ത്യാനികൾക്കെതിരായി അനേകം ആരോപണങ്ങൾ ഹാജരാക്കി. അതിൽ ഗൗരവാവഹമായ ഒരു കുറ്റാരോപണം അവർ ഒരു കാളയെ കശാപ്പിനു കൊടുത്തുവെന്നുള്ളതായിരുന്നു.

ഫാ. ബ്രിട്ടോയുടെ ആവശ്യപ്രകാരം ഒരിയർ യുവരാജാവു് ക്രിസ്ത്യാനികൾക്കനുകൂലമായി അധികാരിക്കു കത്തെഴുതിയിട്ടും അയാളുടെ കൈസ്ഥവ വിരുദ്ധമനസ്ഥിതിക്കു് യാതൊരു മാറ്റവും വന്നുകണ്ടില്ല. കന്നുകാലികളെ കൊന്നു് അവയുടെ മാംസം തിന്നുകയും അതുപോലെയുള്ള ഹീനകൃത്യങ്ങൾ ചെയ്യുകയും ചെയ്യുന്ന ക്രിസ്ത്യാനികളുടെ മേൽ അനുകമ്പ കാണിക്കുന്നതു് വിഹിതമായിരിക്കയില്ലെന്നായിരുന്നു അതിനു് അധികാരിയുടെ മറുപടി.

ഒടുവിൽ ക്രിസ്ത്യാനികളെല്ലാവരും ഫാ. ബ്രിട്ടോയുടെ ഉപദേശമനുസരിച്ചു് ഹൃദയപൂർവ്വം ദൈവസഹായം അഭ്യർത്ഥിച്ചു. അവരുടെ യാചന ദൈവം ശ്രവിച്ചു. ഏതാനും മാസങ്ങൾക്കുശേഷം അധികാരി അവമാനകരമാം വിധം സ്ഥാനഭ്രഷ്ടനാക്കപ്പെട്ടു. അയാളുടെ വിശ്വാസവഞ്ചനയ്ക്കും രാജദ്രോഹത്തിനും ശിക്ഷയായി അയാളുടെ കരചരണങ്ങൾ ഛേദിക്കുവാനും രാജാവു് ആജ്ഞാപിച്ചുവത്രെ!

താമസിയാതെ ഫാ. ബ്രിട്ടോ തഞ്ചാവൂരിൽ നിന്ന് വടക്കൻ പ്രദേശങ്ങളും സന്ദർശിക്കുവാൻ പുറപ്പെട്ടു. അവിടെ അദ്ദേഹം വനഗർത്തിലുള്ള ഒരു ഉയർന്ന പാറക്കെട്ടിനരികിലാണ് താമസിച്ചിരുന്നത്. രാത്രിയിൽ പഞ്ചമരോടും പകൽ സവർണ്ണഹിന്ദുക്കളോടും അദ്ദേഹം മതം പ്രസംഗിച്ചു. പഞ്ചമരുമായി ഇടപെടുന്നകാര്യം സവർണ്ണർ അറിയാതിരിക്കുവാനായിരുന്നു രാത്രിയിൽ അവർക്ക് മതോപദേശം നൽകാമെന്നവച്ചത്.

വിനാവിളംബം അദ്ദേഹത്തെ അന്വേഷിച്ചിറങ്ങിയ പടയാളികളും, ഒരു ക്രിസ്ത്യാനിയെ പിടികൂടി, ഫാ. ബ്രിട്ടോയുടെ താമസസ്ഥലം കാണിച്ചുകൊടുക്കുവാൻ നിർബന്ധപൂർവം ആവശ്യപ്പെട്ടു. അയാൾ അവരുടെപിടിയിലിരുന്നിന്ന സൂത്രത്തിൽ വഴുതിമാറി ബ്രിട്ടോ അച്ചനെ വിവരം അറിയിച്ചു. ശത്രുക്കൾ അടുത്തെത്തിയിട്ടുണ്ടെന്നറിഞ്ഞപ്പോൾ, ധീരനായ ഫാദർ ബ്രിട്ടോ, കൂടെയുണ്ടായിരുന്ന എട്ട് ക്രിസ്ത്യാനികളോടുകൂടി പ്രാർത്ഥിക്കുവാനാണ് തുടങ്ങിയത്. ഗുരുവും ശിഷ്യന്മാരും ക്രിസ്തുവിനുവേണ്ടി രക്തസാക്ഷികളാകുവാൻ സന്നദ്ധരായി. പക്ഷേ ദൈവം അപ്പോൾ ആ ഭാഗ്യം അവർക്ക് നൽകിയില്ല. ടേന്മാർ അവരെ കണ്ടുപിടിക്കാതെ സന്ധ്യയോടുകൂടി മടങ്ങിപ്പോയി.

നമ്മുടെ പ്രേഷിതന്റെ തടസ്സങ്ങളും ഒന്നിനുപിറകേ ഒന്നായി പിന്നെയും വന്നുകൊണ്ടിരുന്നു. പട്ടാപ്പകൽ ഒരു കച്ചവടക്കാരനെ കൊള്ളചെയ്തതിന് അയാൾ പോലീസിൽ പരാതിപ്പെട്ടു. ശത്രുക്കളുടെ പ്രേരണയാൽ മോഷ്ടാക്കളും ഫാ. ബ്രിട്ടോയുടെ അനുയായികളുമാണെന്ന് പറഞ്ഞുപരത്തി. അതനുസരിച്ച്, ഫാ. ബ്രിട്ടോയെത്തേടി അശ്വാരൂഢന്മാരും പാദചാരികളുമായ പടയാളികളും നാലു പാടും തിരിച്ചു. പക്ഷേ ഇതിനിടയ്ക്ക് മോഷ്ടാക്കളാരാണെന്ന് സൂക്ഷ്മമായി തെളിഞ്ഞതിനാൽ ടേന്മാർ തിരികെ വിളിക്കപ്പെട്ടു.

ആ ആപത്തിൽ നിന്നും രക്ഷപ്പെട്ടശേഷം ഫാ. ബ്രിട്ടോ ഗിഞ്ചിയുടെ അതിർത്തിപ്രദേശങ്ങളിലേക്കും ഗോൽക്കണ്ടയിലേക്കും പുറപ്പെട്ടു

അവിടെ ഉത്തരമണലൂർ എന്ന സ്ഥലത്തു് താമസിച്ചു് ഒരു വർഷത്തിനുശേഷം പേക്കു ജ്ഞാനസ്നാനം നൽകിയശേഷം അദ്ദേഹം തഞ്ചാവൂക്കു പ്രതിയാനം ചെയ്തു. മടക്കാലത്തിനുമുമ്പായി അദ്ദേഹം ശ്രീകടമ്പനൂരെത്തി. അവിടെ അല്പകാലം വിശ്രമിക്കണമെന്നു് അദ്ദേഹത്തിനു ആഗ്രഹമുണ്ടായിരുന്നു. പക്ഷേ അദ്ദേഹത്തെ തടവുകാരനാക്കുന്നതിനും അദ്ദേഹത്തിനുള്ളതെല്ലാം കണ്ടു കൈവശപ്പെടുത്തുന്നതിനുമുള്ള അധികാരിയുടെ കല്പനയായിരുന്നു അവിടെ അദ്ദേഹം സ്വാഗതം ചെയ്യപ്പെടുന്നതു്. അവിടത്തെ ക്രിസ്ത്യാനികൾ സംഘം ചേർന്നു് തങ്ങളുടെ ഗുരുവിനെ തെരുക്കുന്ന പക്ഷം തങ്ങൾ നാടുവിട്ടുപോകുമെന്നു് അധികാരിയുടെ സന്നിധിയിൽ സുധീരമായി നിവേദനം ചെയ്തതിന്റെ ഫലമായി ആ കല്പന പിൻവലിക്കപ്പെട്ടു.

എങ്കിലും അധികാരിയുടെ മനോഭാവത്തിനു് മാറ്റമുണ്ടായില്ല. പിറ്റേദിവസം രാത്രിയിൽ നമ്മുടെ മിഷ്യനറിയെ രഹസ്യമായി വധിച്ചു് അദ്ദേഹത്തിന്റെ ശിരസ്സു് തന്റെ മുമ്പിൽ ഹാജരാക്കുവാൻ അധികാരി ഏതാനും കിങ്കരന്മാരെ നിയോഗിച്ചു. അവർ കാനനഗർത്തത്തിലുള്ള കടപ്പള്ളത്തുവന്നപ്പോൾ ഭയങ്കരമായ ഒരു കാറ്റും മിന്നലുമുണ്ടായി. ആ കാട്ടിൽ വഴിയറിയാതെ അവർ ചുറ്റിത്തിരിഞ്ഞു. ഈ തക്കം നോക്കി ക്രിസ്ത്യാനികൾ തങ്ങളുടെ ആത്മീയഗുരുവിന്റെ പക്കൽ ഓടിയെത്തി. ആസന്നമായ ആപത്തിനെക്കുറിച്ചറിയിച്ചു. അവിടെ താമസിക്കുന്നതു അപകടകരമാണെന്ന കരുതി അദ്ദേഹം ഗിഞ്ചിയുടെ വടക്കൻപ്രദേശങ്ങളിൽപോയി രണ്ടു മാസം താമസിച്ചു. സ്ഥിതിഗതികൾ ശാന്തമായപ്പോൾ അദ്ദേഹം ശ്രീകടമ്പനൂരേയ്ക്കു പ്രത്യാഗമിച്ചു.

ഫാ. ബ്രട്ടോ അത്യത്ഭുതകരമായ ഒരു സ്വർഗ്ഗീയാനുഗ്രഹത്തെക്കുറിച്ച് വിവരിക്കുന്നു. "സതിപാട്ടി എന്ന ഗ്രാമത്തിലെ ഒരു വയലിൽ വച്ച് മൂന്നു കുട്ടികൾ ഇടിയേറ്റു മൃതരായി. അവരിൽ അക്രൈസ്തവരായ രണ്ടു ബാലന്മാരുടെ മൃതദേഹങ്ങളും അവരുടെ ആചാരമനുസരിച്ച് ദഹിപ്പിച്ചു. പൂർണ്ണമായി ജ്ഞാനസ്നാപിതമായ ഒരു കുടുംബത്തിൽപ്പെട്ടതായിരുന്ന മരിച്ച മൂന്നാമത്തെ കുട്ടി. മൃതശരീരം സംസ്കരിക്കുന്നതിനുമുമ്പായി അവന്റെ തള്ള ശവക്കുഴിയ്ക്കരികേ മുട്ടുകുത്തി വി. ഫ്രാൻസിസ് സേവ്യറിനോടു തന്റെ കുഞ്ഞിന് ജീവൻ കൊടുക്കണമെന്ന് ഹൃദയപൂർവ്വം പ്രാർത്ഥിച്ചു. അവളുടെ പ്രാർത്ഥന ഫലിച്ചു. മരിച്ചുകുട്ടി എഴുന്നേറ്റ് സംസാരിച്ചുതുടങ്ങി. എല്ലാവരും ആശ്ചര്യപ്പെട്ടു. അവർ ദേവാലയത്തിലെത്തി ദൈവത്തിനു നന്ദി പ്രകാശിപ്പിച്ചു."

ഇതുപോലെയുള്ള അനവധി അത്ഭുതങ്ങളും നപക്രിസ്ത്യാനികൾക്കും അക്രൈസ്തവർക്കും അനുഭവപ്പെട്ടിട്ടുള്ളതായി ഫാ. ബ്രിട്ടോ രേഖപ്പെടുത്തിയിട്ടുണ്ട്.

അദ്ധ്യായം 8

മധുര മിഷ്യൻ സുപ്പീരിയർ

1685 ആരംഭത്തോടുകൂടി നമ്മുടെ കഥാനായകൻ മധുരമിഷ്യന്റെ സുപ്പീരിയറായി തിരഞ്ഞെടുക്കപ്പെട്ടു. അക്കാലത്ത് മധുമിഷ്യനിൽ "ഒൻപതു മിഷ്യനറിമാരും" പന്ത്രണ്ടു മിഷ്യൻ വസതികളും ഉണ്ടായിരുന്നു. അമ്പഴക്കാട്ടെ കോളേജിന്റെ റെക്ടറായിരിക്കുവാൻ അദ്ദേഹത്തോടാവശ്യപ്പെട്ടെങ്കിലും മധുര മിഷ്യനിൽ വേല ചെയ്യുവാനുള്ള അത്യുത്സാഹം നിമിത്തം, കോളേജുഭരണത്തിനുള്ള യോഗ്യതയില്ലെന്നു പറഞ്ഞ് അദ്ദേഹം ആ ഉദ്യോഗം വിനയപൂർവം നിരസിക്കയാണുണ്ടായത്.

1682-ൽ മധുരമിഷ്യനിൽ വന്നെത്തിയ ഫാ. ടെല്ലസ് പുതിയ സുപ്പീരിയറെപ്പറ്റി ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. "ഫാ. ബ്രിട്ടോ അസാധാരണമായ സിദ്ധികളോടുകൂടിയ ഒരു യഥാർത്ഥ അപ്പോസ്തലനായിരുന്നു. അദ്ദേഹത്തിന്റെ നിസ്തുലമായ പ്രയത്നത്താൽ ക്രൈസ്തവസഭയ്ക്ക് ഗണ്യമായ അഭിവൃദ്ധിയുണ്ടായി. സുപ്പീരിയറായിരുന്ന അദ്ദേഹം തന്റെ സമയവും ശക്തിയും സഹപ്രവർത്തകരെ സഹായിക്കുന്നതിന് വിനിയോഗിച്ചിരുന്നു. ഭാരമേറിയ കൃത്യങ്ങൾ എപ്പോഴും സ്വയം ഏറ്റെടുക്കുവാൻ അദ്ദേഹം സന്നദ്ധനായിരുന്നു. അദ്ദേഹത്തിന്റെ പ്രേഷിതചൈതന്യവും തീക്ഷ്ണതയും ആദരണീയമായിരുന്നു. ആത്മാക്കളുടെ രക്ഷയ്ക്കും ദൈവരാജ്യം പ്രചരിപ്പിക്കുന്നതിനുംവേണ്ടി ഏതു് അപകടങ്ങളെയും നേരിടുന്നതിന് അദ്ദേഹം ഒരുക്കമായിരുന്നു.....മഹാനായ ആ അപ്പോസ്തലനിൽനിന്ന് അനേകം സൽഗുണങ്ങളും ഞാൻ പരിശീലിച്ചിട്ടുണ്ട്. തന്മൂലം എനിക്ക് അദ്ദേഹത്തോടുള്ള കടപ്പാട് നിസ്സീമമത്രെ ..... സെൻറ് സേവ്യറിനെ അനുസ്മരിപ്പിക്കത്തക്കവണ്ണം, അത്ര ഉജ്ജ്വലമായ

പ്രേഷിതപ്രബുദ്ധതയും വിസ്മയനിയമായ ത്യാഗസഹിഷ്ണുതയുമാണ് അദ്ദേഹം പ്രദർശിപ്പിക്കുന്നത്".

അദ്ദേഹം സുപ്പീരിയറായിരുന്ന കാലത്ത് സത്യമംഗലത്തും തഞ്ചാവൂരിലും മതപീഡനമുണ്ടായി. അദ്ദേഹം സത്യമംഗലത്തു ചെന്ന് പീഡിതരെ യഥോചിതം സമാശ്വസിപ്പിച്ചു.

തഞ്ചാവൂരിലെ മതമർദ്ദനത്തിനിടയിൽ ഗൗഡിയാസ് എന്ന കലീനകുല ജാതനായ ഒരു ക്രിസ്തീയ യുവാവിനെ ശത്രുക്കൾ ബന്ധിച്ച് ഒരു ഇരുട്ടറയിൽ അടച്ചു. സത്യവിശ്വാസം ഉപേക്ഷിക്കുവാൻ വിധികർത്താക്കൾ ആ ബന്ദിയെ നിർബന്ധിച്ചു. അദ്ദേഹം അതു ഉച്ചൈസ്തരം നിഷേധിച്ചുപറഞ്ഞു. ആ നിഷ്ഠുരകർമ്മർ ആ യുവാവിനെ ദാരുണമായി പീഡിപ്പിച്ചു. ചാട്ടകൊണ്ടുള്ള പ്രഹരത്താൽ ഗൗഡിയാസിന്റെ ശരീരം സർവ്വാംഗവ്രണപ്പെട്ടു. അദ്ദേഹത്തിന്റെ വിശ്വാസത്തെ വ്യതിചലിപ്പിക്കുവാൻ അവർ പല നയോപായങ്ങളും പ്രയോഗിച്ചു. ധീരനായ ആ ക്രിസ്തുഭടൻ പ്രതിവചിച്ചു: "ക്രിസ്തുമതം ഏകസത്യമതമാണ്. അതിന്റെ അനുയായികളുടെ എണ്ണമോ വണ്ണമോ അതിന്റെ മാഹാത്മ്യത്തെ കുറയ്ക്കുകയോ കൂട്ടുകയോ ചെയ്യുന്നില്ല. എന്റെ വിശ്വാസം ഉപേക്ഷിക്കയോ നിഷേധിക്കയോ ചെയ്യുന്നതിനേക്കാൾ ഞാൻ മരിക്കുവാൻ ആഗ്രഹിക്കുന്നു. ക്രിസ്തുവിനുവേണ്ടി ജീവൻ ബലികഴിക്കുക, എനിക്ക് പ്രാപിക്കാവുന്ന ഏറ്റവും വലിയ ബഹുമതി അതാണെന്ന് ഞാൻ വിശ്വസിക്കുന്നു."

നിരാശരായ വിധികർത്താക്കൾ അടുത്തദിവസംതന്നെ ഗൗഡിയാസിനെ കൊല്ലുവാൻ വിധിച്ചു. അന്നു വൈകുന്നേരം ആ ധർമ്മവീരാത്മാവിന്റെ അടുത്ത സംബന്ധിനിയായ, 11 വയസ്സുള്ള ഒരു ബാലിക അദ്ദേഹത്തിന് അന്ത്യാശംസകൾ നൽകുവാനായി കാരാഗൃഹത്തിൽ ചെന്നു. "അല്ലയോ സഹോദരാ, നമ്മുടെ മിശിഹായ്ക്കുവേണ്ടി ജീവാർപ്പണം ചെയ്യുവാൻ അവസരം

ലഭിച്ചിരിക്കുന്ന അങ്ങയുടെ ഭാഗ്യാതിരേകത്തിൽ ഞാൻ അസൂയപ്പെടുന്നു. അങ്ങ് ദൈവസന്നിധിയിൽ ചെല്ലുമ്പോൾ ഈ ഭാഗ്യം എനിക്കും ലഭിക്കുവാൻ പ്രത്യേകം പ്രാർത്ഥിക്കണമേ" എന്ന് ആ ബാലിക പറഞ്ഞു.

അന്നുരാത്രി ബന്ധുമിത്രാദികളോടു യാത്രപറയുന്നതിനായി കുവൽക്കാരുടെ അനുവാദത്തോടുകൂടി അദ്ദേഹം വീട്ടിലേയ്ക്കു പോയി. ഫാ. ബ്രിട്ടോയും അദ്ദേഹത്തെ അനുഗമിച്ചു. അദ്ദേഹത്തിന്റെ മാതാവിനെയും ഭാര്യയേയും മറുബന്ധുക്കളേയും ബ്രിട്ടോ അച്ചൻ ജ്ഞാനസ്നാനപ്പെടുത്തി.

ഗൗഡിയാസ് അവരോട് ഇപ്രകാരം പറഞ്ഞു:—നിങ്ങളെ അവസാനമായി ആശ്ലേഷിക്കുവാനും ഒരു അഭ്യർത്ഥന നടത്തുവാനുമാണ് ഞാൻ വന്നിരിക്കുന്നത്. ഞാൻ അവസാനംവരെ രക്തസാക്ഷിത്വത്തിൽ ദൃഢനിശ്ചയനായും കൃതധൈര്യനായും വർത്തിക്കുന്നതിനുള്ള അനുഗ്രഹം ലഭിക്കുവാൻ നിങ്ങളും ഹൃദയംഗമമായി ദൈവത്തോടു പ്രാർത്ഥിക്കുക. രക്തസാക്ഷിത്വം, ദൈവത്തിന്റെ പ്രിയതമന്മാരായ സന്താനങ്ങൾക്കുമാത്രം ലഭിക്കാവുന്ന ഒരു അസുലഭ ബഹുമതിയാണ്. അതിനു ഞാൻ അയോഗ്യനത്രെ. ജീവധനമാനാദികളുടെ നഷ്ടത്തെ ഭയന്ന് നിങ്ങളും ദൈവകല്പനകൾക്ക് വിപരീതമായി ഒരിക്കലും പ്രവർത്തിക്കാതിരിക്കുക". ഈ ഉപദേശാനന്തരം ഗൗഡിയാസ് ഹൃദയസ്പൃക്കായവിധം എല്ലാവരോടും അന്ത്യയാത്ര പറഞ്ഞു കുംഭകോണം ജയിലിലേയ്ക്കു മടങ്ങി.

ഫാ. ബ്രിട്ടോ മതപ്രചാരണപരിശ്രമങ്ങൾക്കായി മധുരയിൽ വെന്നക്കുളം എന്ന ഗ്രാമത്തിലേയ്ക്കു പോയിരുന്നു. ഒരു ദിവസം വൈകുന്നേരം ഇരുന്നൂറോളംപേർക്ക് ജ്ഞാനസ്നാനം നൽകിക്കൊണ്ടിരുന്നപ്പോൾ, ഒരു ജനക്കൂട്ടം അദ്ദേഹത്തെ പിടിക്കുവാൻ ഓടിയടുത്തു. കൂടെയുണ്ടായിരുന്നവരോട് ഓടി രക്ഷപ്പെട്ടുകൊള്ളുവാൻ ഉപദേശിച്ചിട്ട് അദ്ദേഹം ശത്രുമദ്ധ്യത്തിലേക്കു നടന്നു.

പ്രതികാരസന്നദ്ധരായ ജനാവലി അദ്ദേഹത്തെ ഭത്സിക്കയും പ്രഹരിക്കയും ചെയ്തു. അനന്തരം അവർ അദ്ദേഹത്തെയും അനുയായികളെയും ചങ്ങലകൊണ്ടു ബന്ധിച്ചു് കാരാഗൃഹത്തിലേയ്ക്കു കൊണ്ടുപോയി. കുറെ ദിവസം അവർ അവിടെ കഴിച്ചുകൂട്ടി.

അവരുടെ ശിരച്ഛേദംചെയ്യുവാൻ ആജ്ഞാപിക്കാരന്മാർ രണ്ടു പ്രാവശ്യം ഒരുങ്ങി. ബന്ദികൾ തലകുനിച്ചുകൊടുത്തു. എങ്കിലും ഒടുവിൽ എങ്ങനെയോ എന്തോ അവരെ മോചിപ്പിച്ചയച്ചു.

ബന്ധനവിമുക്തനായ ഫാ. ബ്രിട്ടോ ക്രിസ്ത്യാനികളുടെ ദുരിതനിവാരണാർത്ഥമങ്ങേക്കായി കുംഭകോണത്തേയ്ക്കു പോകുവാൻ ഒരുങ്ങി. അവിടങ്ങളിലെ ക്രൂരമായ മതപീഡനത്തെപ്പറ്റി ശിഷ്യന്മാർ അദ്ദേഹത്തിനു് അറിവുനല്കി. അങ്ങോട്ടു തല്ക്കാലം പോകരുതെന്നു കണ്ണുനിറഞ്ഞുകൂടി അവർ യാചിച്ചു. "ചെന്നായ്ക്കൂട്ടം കുറെ ആട്ടിൻകുട്ടിക്കളെയാണു് പിടിക്കുന്നതെങ്കിൽ അതു് സഹിക്കാവുന്നതാണു്. പക്ഷേ ആട്ടിടയനെത്തന്നെ പിടികൂടിയാൽ ആട്ടിൻപറ്റത്തിന്റെ സ്ഥിതിയെന്തായിരിക്കും?" ഇതായിരുന്നു അവരുടെ ആവലാതി. അവരുടെ നിർബന്ധപ്രകാരം ഫാ. ബ്രിട്ടോ കൊളൂൺ നദിയുടെ തീരത്തെത്തി. ഒരു തടിച്ചങ്ങാടത്തിൽ കയറി അവർ അദ്ദേഹത്തെ മറുകരയിലെത്തിച്ചു.

വർദ്ധമാനമായി വന്ന മതപീഡനത്തെയും മിഷ്യനു നേരിട്ട നിർഭാഗ്യാവസ്ഥയേയും അതിലംഘിക്കുന്നതിനുള്ള പോംവഴികളെപ്പറ്റി ഫ. ബ്രിട്ടോ ഗാഢമായി ചിന്തിച്ചുകൊണ്ടിരുന്നു. ശത്രുക്കളുടെ സ്വാധീനശക്തികൊണ്ടു് ക്രിസ്ത്യാനികൾക്കു് രാജസന്നിധിയിൽ സങ്കടം ബോധിപ്പിക്കുന്നതിനുപോലും പഴുതില്ലായിരുന്നു. ബ്രിട്ടോ അച്ഛന്റെ ഉപദേശമനുസരിച്ചു്, കൊട്ടാരത്തിലെ ക്രിസ്തീയ ഉദ്യോഗസ്ഥന്മാരെല്ലാവരുംകൂടി സേനാനായകനായ ഒരു മഹമ്മദീയനെ സമീപിച്ചു. രാജസമക്ഷം സങ്കടം ഉണർത്തിക്കുന്നതിനും ക്രിസ്ത്യാനികളുടെ നില ന്യായീകരിക്കുന്നതിനും ഒരു അവസരം ഉണ്ടാക്കിക്കൊടുക്കണമെന്നു മാത്രമായിരുന്നു അവർ ആവശ്യപ്പെട്ടതു്. ഈ വിവരം എങ്ങനെയോ മർദ്ദക-

പ്രമാണിയായ രാമനായ്ക്കൻ അറിഞ്ഞു. അയാൾ സേനാനായകന്റെ അടുത്തുകൂടി. ക്രിസ്ത്യാനികൾ മഹമ്മദീയരുടെയും ശത്രുക്കളാണെന്നും അവരെ സ്വതന്ത്രമായി പ്രവർത്തിക്കുവാൻ അനുവദിച്ചാൽ നാടുമുഴുവൻ അവർ കൈക്കലാക്കുമെന്നും അയാൾ മഹമ്മദീയ ഉദ്യോഗസ്ഥനെ തെറ്റിദ്ധരിപ്പിച്ചു. അതോടുകൂടി നല്ലൊരു കുതിരയെ ഉദ്യോഗസ്ഥന് പാരിതോഷികമായും നൽകി. അങ്ങനെ സേനാനായകന്റെ മനസ്സുമാറി.

അധികം താമസിയാതെ കൊട്ടാരത്തിലെ ലായജോലിക്കാരായ പഞ്ചമക്രിസ്ത്യാനികൾ വിദഗ്ദ്ധോപദേശപ്രകാരം രാജപണിമുടക്ക് ആരംഭിച്ചു. മൃഗാലയത്തിലെ സ്ഥിതിഗതികൾ വഷളായി. വിവരം രാജാവറിഞ്ഞു കാരണം അന്വേഷിച്ചു. ക്രിസ്ത്യാനികളോട് അനുകമ്പയുണ്ടായിരുന്ന മറ്റൊരു മുഹമ്മദീയോദ്യോഗസ്ഥൻ, ക്രിസ്ത്യാനികൾ അനുഭവിച്ചിരുന്ന കഷ്ടതകളും ഞെരുക്കങ്ങളും സന്ദർഭോചിതമായി രാജാവിനെ ബോധിപ്പിച്ചു.

തൽക്ഷണം ആറ് ക്രിസ്ത്യീയോദ്യോഗസ്ഥന്മാരെ വിളിച്ചു വിസ്തരിക്കുവാൻ രാജാവു ആജ്ഞാപിച്ചു. രാമനായ്ക്കന്റെ ദുരാരോപണങ്ങൾക്കെല്ലാം അവർ സമുചിതമായി മറുപടി കൊടുത്തു.

കുംഭകോണത്തെ ഗവണ്മെന്റർ ഈ കേസുകളെപ്പറ്റി സൂക്ഷ്മമായി വിചാരണ ചെയ്യുവാൻ നിയോഗിക്കപ്പെട്ടു. ക്രിസ്ത്യാനികളെ കുതിരവാലുകളിൽ കെട്ടി പട്ടണമദ്ധ്യത്തിൽ കൂടി വലിക്കണമെന്ന് കോപാന്ധരായ ജനക്കൂട്ടം നിലവിളിച്ചു. വിധികർത്താവായ ബ്രാഹ്മണൻ രാജകല്പനയെടുത്തു കാണിച്ചുകൊണ്ട് ക്രിസ്ത്യാനികളുടെമേൽ ആരോപിക്കപ്പെട്ടിരിക്കുന്ന കുറ്റങ്ങൾക്ക് വിശ്വാസയോഗ്യമായ തെളിവു നൽകാമെങ്കിൽ അവരെയെല്ലാം വധശിക്ഷയ്ക്കു വിധിക്കാമെന്നും അല്ലാത്തപക്ഷം രാജകല്പനയനുസരിച്ച് ശിക്ഷിക്കുവാൻ അധികാരമില്ലെന്നും പറഞ്ഞു. അവിടെ കൂടിയിരുന്നവരിൽ ആർക്കും യാതൊരു തെളിവും ഹാജരാക്കുവാൻ കഴിഞ്ഞില്ല. ക്രിസ്ത്യാനികൾ നിരപരാധികളാക

ാൽ അവരെ നിരുപാധികമായി മോചിപ്പിച്ചിരിക്കുന്നുവെന്നും അവരുടെ മതാചാരമനുസരിച്ച് സ്വതന്ത്രജീവിതം നയിക്കുന്നതിന് അനുവദിച്ചിരിക്കുന്നുവെന്നും ന്യായാധിപൻ വിധി പ്രസ്താവിച്ചു.

കാരാഗൃഹകവാടങ്ങൾ തുറക്കപ്പെട്ടു. തടവുകാരായ ക്രിസ്ത്യാനികളെ ഒന്നടങ്കം മോചിപ്പിച്ചു. ഫാ. ബ്രിട്ടോ ഗൗഡിയാസിനേയും സഹപ്രവർത്തകരെയും അഭിനന്ദിച്ചു. മർദ്ദനപ്രസക്തരായ അക്രൈസ്തവരെ അദ്ദേഹം നല്ലവണ്ണം ശാസിച്ചു.

1685 അവസാനത്തിൽ നമ്മുടെ പ്രേക്ഷിതൻ അഗാരം എന്ന സ്ഥലത്തുവച്ച് രണ്ട് ആജന്മശത്രുക്കളെ തമ്മിൽ രഞ്ജിപ്പിച്ചതായി താണുന്നു.

അവിടെ കുലീനരും സമ്പന്നരുമായ രണ്ടു ക്രിസ്ത്യാനികൾ തമ്മിൽ ബദ്ധവൈരികളായി വർത്തിച്ചിരുന്നു. അവരെത്തമ്മിൽ യോജിപ്പിക്കുന്നതിന് പലരും ശ്രമിച്ചിട്ടും ഫലിച്ചില്ല. അവരുടെ ദുർമാതൃകാപരമായ ജീവിതത്തെക്കുറിച്ചറിഞ്ഞ് ഫാ. ബ്രിട്ടോ അവരെ സമീപിച്ചു. ശത്രുക്കൾക്കുവേണ്ടി മരിച്ച ക്രിസ്തുവിന്റെ അനുയായികൾക്ക ശത്രുത്വം പാടില്ലെന്നും, അവർ പരസ്പരം സ്നേഹിക്കണമെന്നും അദ്ദേഹം ഉപദേശിച്ചു. എത്രതന്നെ ഉപദേശിച്ചിട്ടും അവരുടെ മനസ്സിന് യാതൊരു ഇളക്കവുമുണ്ടായില്ല.

"ക്രിസ്തുവിനെ പ്രതി സ്വന്തം സഹോദരനോട് ക്ഷമിക്കുവാൻ നിങ്ങൾക്കു കഴിയുകയില്ലെങ്കിൽ നിങ്ങളുടെ ആത്മരക്ഷയ്ക്കായി നിങ്ങൾക്കുവേണ്ടി ഞാൻ പ്രായശ്ചിത്തം ചെയ്യും" എന്നു പറഞ്ഞുകൊണ്ട്, ആ പുണ്യാത്മാവ് ഒരു ചാട്ടയെടുത്ത് സ്വയം പ്രഹരിക്കുവാൻ തുടങ്ങി. രക്തം ഒലിക്കുന്നതുവരെ ആ താഡനം തുടർന്നു. ഇതു കണ്ടുനിന്ന ആ മനുഷ്യർ കണ്ണുനീർ പൊഴിച്ചുകൊണ്ട് അദ്ദേഹത്തിന്റെ പാദങ്ങളിൽ പ്രണമിച്ചു. അവരുടെ വിരോധമെല്ലാം വിസ്മരിച്ച് ആത്മസ്നേഹിതന്മാരായി ജീവിച്ചുകൊള്ളാമെന്ന അവർ ഹൃദയപൂർവം പ്രതിജ്ഞ ചെയ്തു.

അദ്ധ്യായം 9

മറവരാജ്യത്ത്

ഫാദർ ഡി ബ്രിട്ടോ 1662-ൽ തോപ്പിലേയ്ക്കുള്ള യാത്രാമദ്ധ്യേയാണ് ആദ്യമായി മറവയിൽ വന്നത്. 1686-മെയ് 8-ാം തീയതി അദ്ദേഹം വീണ്ടും മറവയിലെത്തി. അത്യൽഭുതമായ പ്രേഷിതചൈതന്യം ഒന്നുമാത്രമായിരുന്ന അതിസാഹസമായ ആ യാത്രയ്ക്ക് അദ്ദേഹത്തെ പ്രേരിപ്പിച്ചത്.


അവിടെ അദ്ദേഹം മിക്കവാറും വന്നാന്തരത്തിൽ തന്നെയാണ പാർത്തിരുന്നത്. സമീപത്തുനിന്നും വിദൂരത്തുനിന്നും ധാരാളം ക്രിസ്ത്യാനികൾ അവിടെ സമ്മേളിച്ച്, അദ്ദേഹത്തിന്റെ ഉപദേശം ശ്രവിക്കയും വൈദികകർമ്മങ്ങളിൽ പങ്കുകൊള്ളുകയും ചെയ്തു. രണ്ടായിരത്തിയെഴുപതോളം പേരെ അവിടെവെച്ച് അദ്ദേഹം ജ്ഞാനസ്നാപിതരാക്കി. പാണങ്കുടിയിലെ കള്ളർജാതിക്കാരും ക്രിസ്തുമതം സ്വീകരിച്ചു.

ഫാ. ബ്രിട്ടോ 1686 ജൂലായ് 17-ാം തീയതി വെള്ളായ്മത്തു കർബാന ചൊല്ലിയിട്ട് മേൽമംഗലം എന്ന ഗ്രാമത്തിലേയ്ക്കു പോയി. മാർഗ്ഗമദ്ധ്യേ മറവയിലെ മന്ത്രിയായ കുമാരപിള്ളയുടെ കിങ്കരന്മാർ അദ്ദേഹത്തെ ബന്ധനസ്ഥനാക്കി. കൂടെയുണ്ടായിരുന്ന കനകപ്പൻ, ശ്രീരൻ, സത്യനാഥൻചെട്ടി, സിലുവായി നായിക്കർ എന്നിവരേയും അവർ പിടികൂടി. ഫാ. ബ്രിട്ടോയുടേയും അനുചരന്മാരുടേയും കൈവശമുണ്ടായിരുന്ന വസ്തുവകകളെല്ലാം അവർ കരസ്ഥമാക്കി. അവർ തടവുകാരെ വിഗ്രഹാരാധനയ്ക്ക് നിർബന്ധിച്ചു. അവർ അതിൻ വഴിപ്പെടുകയില്ലെന്ന് കണ്ടപ്പോൾ, ആ ക്രൂരന്മാർ ആ നിരപരാധികളെ കഠിനമായി മർദ്ദിച്ചു.

ഫാ. ബ്രിട്ടോയെ ഒരു മരത്തോട് ചേർത്തു ബന്ധിച്ചു. ഒരു രാത്രിയും പകലും ആ നിലയിൽ കഴിഞ്ഞു. അവിടെ നിന്ന്



കാളിയാർകോവിലിലെ അമ്പലക്കുളം



കാളിയാർകോവിലിലെ ഹിന്ദുക്ഷേത്രം

കാളിയാർകോവിൽ എന്ന സ്ഥലത്തേയ്ക്കു അവരെ മാറ്റി കഠോര മായ ദണ്ഡനങ്ങൾക്കുശേഷം അവരെ വധശിക്ഷയ്ക്കു വിധിച്ചു. എങ്കിലും എന്തുകൊണ്ടോ അതു മാറ്റിവച്ചു. കൈകാലുകൾ ബന്ധിച്ചു് അവരെ ഒരു ഇരുട്ടറയിലേയ്ക്കു തള്ളി. ജൂലായ് 28-ാം തീയതിവരെ അവർ അവിടെ കിടന്നു.

അതിനുശേഷം പഗനേര എന്ന സ്ഥലത്തേയ്ക്കു് അവരെ കൊണ്ടുപോയി. വിശപ്പും ദാഹവും കൊണ്ടുതന്നെ അവർ മൃത പ്രായരായി. മർദ്ദകപ്രമാണിയായ കുമാരപിള്ള ശിവാരാധന ചെയ്യുവാൻ അവരെ വീണ്ടും നിർബന്ധിച്ചു. ഏകസത്യദൈവ ത്തെമാത്രമേ ആരാധിക്കയുള്ളുവെന്നു് ഫാ. ബ്രിട്ടോ തീർത്തു പറഞ്ഞു. കോപാന്ധനായ കുമാരപിള്ള ക്രൂരതരമായ പീഡന ങ്ങൾക്കു് ആജ്ഞ നൽകി. അവരെ വധിക്കുവാൻ രാജകീയാ നുമതി വാങ്ങുവാനായി കുമാരപിള്ള കൊട്ടാരത്തിലേക്കു പോയി.

ഫാ. ഡിമെല്ലോയുടെ ഒരു കത്തിൽ നിന്നു് ഈ മർദ്ദനം സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങളും നമുക്കു ലഭിക്കുന്നു. ഫാ. ബ്രിട്ടോയേയും സഹദണ്ഡ്യരേയും ഏല്പിച്ച ജലശിക്ഷയെ അദ്ദേഹം ഇങ്ങനെ വിവരിക്കുന്നു. ഒരു ജലാശയത്തിന്റെ മുക ളിൽ ദണ്ഡ്യനെ ഒരു ഘടിയന്ത്രത്തോടു കെട്ടുബന്ധിച്ചിട്ടു് പെടുന്നു് വെള്ളത്തിലേയ്ക്കു താഴ്ത്തും. ശ്വാസം മുട്ടുന്നതുവരെ അങ്ങനെ മുക്കിപ്പിടിച്ചശേഷം മുകളിലേയ്ക്കു് ഉയർത്തും. മുക ളിൽ വന്നാൽ ഉടൻതന്നെ താഴ്ത്തും, ഇതായിരുന്നു ജലശിക്ഷ യുടെ സമ്പ്രദായം.

ഈ ഭയങ്കരമായ ദണ്ഡനങ്ങൾമൂലം പരവശനായി, സത്യ നാഥൻചെട്ടി എന്ന യുവാവു് വിശ്വാസത്യാഗം ചെയ്യുവാൻ നിർബന്ധിതനായിയെന്നും അദ്ദേഹം പറയുന്നു.

കാളിയാർകോവിലിൽ വെച്ചു് ഫാ. ബ്രിട്ടോയെ രണ്ടു കയ റിൽ കെട്ടിത്തൂക്കി. ഒരു കയറുകൊണ്ടു് അദ്ദേഹത്തിന്റെ കാലു കളും ബന്ധിച്ചു് ഒരു മരത്തിലും, വേറൊരു കയറുകൊണ്ടു് കൈ

കൈ കെട്ടി മറ്റൊരു മരത്തിലും കെട്ടിയിട്ടു. കെട്ടുകൾ മുറുകി കൈവിരലുകൾ മാംസത്തിനുള്ളിൽ ആഴ്ന്നുകയറി. ഈ നിലയിൽ വളരെ സമയം അവർ അദ്ദേഹത്തെ കഷ്ടപ്പെടുത്തി.

പഴയേരിയിലെ കാരാഗൃഹവാസക്കാലത്തും, കുമാരപിള്ള ദിനംതോറും ആ ദിവ്യയോഗിയെ പീഡിപ്പിച്ചു. ആ ദുഃശാസൻ അദ്ദേഹത്തിന്റെ പൈതൃകത്തിന്റെ ശക്തിയായി അടിച്ചു. അദ്ദേഹം തൽക്ഷണം മറ്റേ പൈതൃകവും കാണിച്ചുകൊടുത്തു. ഇതുകണ്ട് പീഡകൻ ആശ്ചര്യപ്പെട്ടു. എങ്കിലും കുമാരപിള്ളയുടെ കിരാതോചിതമായ പ്രവൃത്തി തുടരുന്നതിന് അയാൾ മടിച്ചില്ല.

ഒടുവിൽ ഫാ. ബ്രിട്ടോയെയും അനുയായികളേയും കരചരണങ്ങൾ ചേർത്ത് കുരിശുമരത്തിന്മേൽ നാട്ടി നിർത്തണമെന്നും ഇതര ക്രിസ്ത്യാനികളെ അംഗഭംഗപ്പെടുത്തി പറഞ്ഞയക്കണമെന്നുമായിരുന്നു കുമാരപിള്ള വിധിച്ചത്. ഈ ശിക്ഷാവിധികൾ കേട്ടിട്ടും ആ ഭണ്ഡിതർക്ക് ഒട്ടുംതന്നെ മനശ്ചാഞ്ചല്യമുണ്ടായില്ല. അവർ ആഹ്ലാദഭരിതരായി ഈ ശത്രുസ്തോത്രങ്ങൾ ആലപിക്കയും പരിശുദ്ധ കന്യാമറിയത്തിന്റെ പ്രാർത്ഥന കൃത്യമായി ചൊല്ലുകയും ചെയ്തു.

മർദ്ദകന്മാർ അവരെ വലിച്ചിഴയ്ക്കുകയും അവരുടെ ദേഹം തല്ലിക്കീറുകയും ചെയ്തു.

ഫാ. ബ്രിട്ടോയെ അവർ ഒരു വിജനസ്ഥലത്തെയ്ക്കു കൊണ്ടുപോയി. ആ സ്ഥലത്ത് കുത്തുമുള്ള ഒരു വലിയ പാറയുണ്ടായിരുന്നു. ശിലാഹൃദയന്മാർ നമ്മുടെ അപ്പോസ്തലനെ നഗ്നനാക്കി ആ പാറയുടെ കുത്തുമുനകളിലിട്ട് അങ്ങോട്ടുമിങ്ങോട്ടും വലിച്ചു. കുറേനേരം കഴിഞ്ഞപ്പോൾ പീഡകന്മാർതന്നെ ക്ഷീണിതരായി. അവർ അദ്ദേഹത്തെ അവിടെ കിടത്തിയിട്ട് ദൂരമാറിയിരുന്നു ക്ഷീണം തീർത്തു.

ബന്ദികളെ യഥോചിതം ശിക്ഷിക്കുന്നതിനുള്ള രാജകീയാനുമതി ലഭിച്ചു. കുമാരപിള്ളയുടെ വരവു പ്രതീക്ഷിച്ച് കൊലയാളികൾ അക്ഷമരായി നിന്നിരുന്നു. പക്ഷേ അപ്രതീക്ഷിതമായി

രാജാവിൽ നിന്ന് ഒരു അടിയന്തിരവിജ്ഞാപനം ലഭിച്ചതനുസരിച്ച് അയാൾ പടയാളികളോടുകൂടി രാജധാനിയിലേയ്ക്കു ശീഘ്രം പുറപ്പെട്ടു. തടവുകാർ പിന്നെയും പത്തിരുപതു ദിവസത്തോളം കാരാഗൃഹത്തിൽതന്നെ കഴിഞ്ഞുകൂടി.

ഫാ. ബ്രിട്ടോയുടെ സഹബന്ദിയായിരുന്ന സിലുവായി നായിക്കർ എന്ന ഉപദേശിയുടെ പുത്രൻ മരിയദാസൻ ഈ ദാരുണപീഡനങ്ങളും സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങളും നമുക്കു നൽകുന്നു. "ഫാദർ ബ്രിട്ടോ നിർദ്ദയനായി പീഡനങ്ങളുടെ മുമ്പിൽ തല കുനിച്ചു. അവരുടെ ക്രൂരമായ താഡനങ്ങളേറ്റ് ആ ശ്രേഷ്ഠൻ ബോധരഹിതനായി നിലം പതിച്ചു. അദ്ദേഹം മരിച്ചുപോയോ എന്ന് നിശ്ചയം വരുത്തുവാനായി ഒരു പന്തം കൊണ്ട് അദ്ദേഹത്തിന്റെ പാദത്തിൽ കുത്തി. അദ്ദേഹം കാൽ ഇളക്കി . . . . . എന്റെ പിതാവായ സിലുവായ് നായ്ക്കരേയും മറ്റുകുമാർ പാറപ്പുറത്തു കിടത്തി അങ്ങോട്ടുമിങ്ങോട്ടും വലിച്ചിഴച്ചു തൊഴിയുരിച്ചു. നിഷ്ക്കരുണകനായ ഒരുത്തൻ എന്റെ പിതാവിന്റെ പൈകുട്ടുള്ള് ഒരു അടി കൊടുത്തു. അടികൊണ്ട് കൺമിഴി പുറത്തു ചാടി. രക്തം ധാരധാരയായി ഒഴുകി. പീഡകന്മാർ വിവരം കുമാരപിള്ളയെ അറിയിച്ചു.

"സിലുവായ് നായ്ക്കരെ ഫാ. ബ്രിട്ടോയുടെ അടുക്കൽ കൊണ്ടുവന്നു. അരുളാനന്ദസ്വാമികളും ഇളകിയ കണ്ണ് സ്വസ്ഥാനത്തുവച്ചു കുരിശടയാളം വരച്ച് ആശീർവദിച്ചു. തൽക്ഷണം വേദന നീങ്ങി. സിലുവായ് നായ്ക്കർക്ക് പഴയപടി കാഴ്ചയും ലഭിച്ചു. ഈ വിവരം കുമാരപിള്ളയറിഞ്ഞു. അത്യന്തവിവശനായ കുമാരപിള്ള അരുളാനന്ദസ്വാമി ഒരു മന്ത്രവാദിയാണെന്നു ജല്പിച്ചു." ഇതെല്ലാം ട്രിക്സാക്ഷികളിൽ നിന്നു ലഭിച്ച സൂക്ഷ്മവിവരങ്ങളാണെന്ന് മരിയദാസൻ പ്രത്യേകം എടുത്തുപറയുന്നുണ്ട്.

ഒടുവിൽ തടവുകാരെ പഗനേരിയിൽ നിന്ന് രാമനാട്ടിലേയ്ക്കു കൊണ്ടുപോയി. അവരെ ആദ്യം ഒരു മുഗാലയത്തിലും

പിന്നീട് ഒരു ഇരുട്ടറയിലും പാപ്പിച്ചു. ഏൺപതുമൈൽ ദൂരം നഗ്നപാദനായി അതിവേഗം നടന്നതുകൊണ്ടും, തുടച്ചയായുള്ള ബന്ധനങ്ങൾകൊണ്ടും ഫാ. ബ്രിട്ടോ വളരെ ക്ഷീണിച്ചിരുന്നു. വിവശനായ ആ വിദേശസന്യാസിയെ അനായാസേന വാങ്ങിച്ചു തോല്പിക്കാമെന്ന കരുതി അക്രൈസ്തവപുരോഹിതന്മാർ അടുത്തുകൂടി. അദ്ദേഹം അവരുടെ മുമ്പിൽ ക്രിസ്തീയ വേദതത്വങ്ങൾ സമൃക്കായും സയുക്തികമായും പ്രതിപാദിച്ചു. തന്മൂലം അദ്ദേഹം പ്രതിപാദിക്കുന്ന തത്വങ്ങൾ പരിശുദ്ധവും മഹനീയവും യുക്തിയുക്തവുമാണെന്ന് ശത്രുക്കൾ രാജസന്നിധിയിൽപോലും സമ്മതിക്കേണ്ടതായി വന്നു.

ആ പരദേശസന്യാസിയെപ്പറ്റി കൂടുതലായി അറിയുവാൻ ഔത്സുക്യത്തോടുകൂടി രാജാവ് അദ്ദേഹത്തെ ആസ്ഥാനമണ്ഡപത്തിലേയ്ക്കു ക്ഷണിച്ചു. ഇരിപ്പിടം നൽകി യഥോചിതം ഉപചരിച്ചു.

അദ്ദേഹത്തിന്റെ പ്രബോധനങ്ങൾ എന്തൊക്കെയാണെന്ന് രാജാവ് ചോദിച്ചു. സർവ്വശക്തനും സമസ്താരാധനാകർമ്മങ്ങൾക്കും യോഗ്യനുമായ ക്രിസ്തുവിന്റെ വിശ്വോത്തരമായ ദിവ്യസന്ദേശങ്ങളാണ് താൻ പഠിപ്പിക്കയും പ്രചരിപ്പിക്കയും ചെയ്യുന്നതെന്ന് ഫാ. ബ്രിട്ടോ പ്രതിവചിച്ചു. ആ പ്രേഷിതന്റെ ധർമ്മധീരയെ രാജാവ് മുക്തകണ്ഠം അഭിനന്ദിച്ചു.

പത്തു പ്രമാണങ്ങളുടെ പാവനതയും മാനവസമുദായത്തിന് അതിന്റെ ആചരണംമൂലമുണ്ടാകുന്ന മേന്മയും അദ്ദേഹം വിവരിച്ചുകേൾപ്പിച്ചു. ആ ദൈവപ്രമാണങ്ങൾ അത്യുത്തമവും പരിപൂർണ്ണവുമാണെന്ന് രാജാവ് സമ്മതിച്ചു.

രാജാവ് മിശ്രുനറിയുടെ ഭാഗത്തേയ്ക്കു ചായുന്നതുകണ്ട് കുമാരപിള്ള പരിഭ്രമിച്ചു. അയാൾ ഇടയ്ക്കു കയറി ചോദിച്ചു: "നിങ്ങൾ ശിവനെ ഭജിക്കാത്തതെന്തുകൊണ്ടാണ്?".

"ശൈവന്മാർ ശിവനെ ആരാധിക്കുന്നു. വൈഷ്ണവന്മാർ വിഷ്ണുവിനെ ആരാധിക്കുന്നു. പ്രപഞ്ചസൃഷ്ടാവായ ഏകസത്യ

ദൈവത്തിൽ വിശ്വസിക്കുന്നു ഞാൻ അവിടുത്തെ മാത്രം ആരാധിക്കുന്നു."

"നിങ്ങളും ഒരു പറങ്കിയോ? ലന്തക്കാരനോ?" രാജാവു ചോദിച്ചു. "പണ്ഡിതന്മാരും പ്രഗത്ഭമതികളുമായ അംഗങ്ങളുള്ളതും ഉൽകൃഷ്ടമായ അദ്ധ്യാപനവും ഉത്തമമായ അഭിലാഷവും മുൻനിറുത്തിയുള്ളതുമായ ഒരു മഹത്തായ സഭയിലെ ഒരംഗമാണ് ഞാൻ. ദൈവസന്ദേശം പ്രചരിപ്പിക്കുന്നതിനായി ഞങ്ങളും ലോകത്തിന്റെ നാനാഭാഗങ്ങളിലും സഞ്ചരിക്കുന്നു." ഇതായിരുന്നു ഫാ. ഇഗ്നേഷ്യസിന്റെ പ്രത്യുത്തരം.

"സമുദ്രാന്തരദേശങ്ങളിലും ഈ സന്ദേശം അറിയപ്പെടുന്നുണ്ടോ?" രാജാവ് അന്വേഷിച്ചു.

"തീച്ചയായും എല്ലാവരും അതു ചെവി കൊള്ളുന്നു. സ്വീകരിക്കുന്നു. അതു് എല്ലാവർക്കും വേണ്ടിയുള്ളതാണ്. എല്ലാവരും ആ സത്യം സ്വീകരിക്കണം."

"നിങ്ങളും സത്യസന്ധനും നിഷ്കളങ്കനുമായ ഒരു ആത്മീയ ഗുരുവാണ്" രാജാവ് വീണ്ടും നമ്മുടെ അപ്പോസ്തലനെ പ്രശംസിച്ചു.

കുമാരപിള്ള പ്രകൃതികർത്താവിന്റെയും അന്യായികളുടേയും പേരിലുള്ള ആരോപണങ്ങളും പിന്നെയും ഉയർത്തിക്കാണിച്ചു. രാജാവു് അതിനു കീഴ്പ്പെട്ടില്ല. "അദ്ദേഹം ശിവനെ ആരാധിക്കുയോ ആരാധിക്കാതിരിക്കുയോ ചെയ്യട്ടെ. അതു് നിങ്ങളുടെ കാര്യമല്ല. ഇത്ര അത്യുത്തമമായ ആദർശങ്ങളുള്ള ഒരാൾ നിങ്ങളുടെ അബദ്ധസിദ്ധാന്തങ്ങളെ എങ്ങനെ വിശ്വസിക്കും? സത്യം അസത്യത്തെ അംഗീകരിക്കുമോ!" രാജാവ് ചോദിച്ചു.

രാജാവിന് ക്രിസ്തുമതത്തോട് അനുഭാവമുണ്ടായിരുന്നെങ്കിലും ക്രിസ്തുമതത്തിന്റെ നിയമകാര്യങ്ങൾ രാജാവിന് ഹിതകരമായില്ല. അദ്ദേഹം നയിച്ചിരുന്ന ഭോഗലാലസമായ ജീവിതത്തിന്-മദ്യപാനം, ബഹുഭോഗിത്വം എന്നിവയ്ക്ക്-കടകവിരുദ്ധ

മായിരുന്ന ക്രിസ്തുമതത്തിന്റെ ഉൽകൃഷ്ടവും പരിശുദ്ധവുമായ നിയമങ്ങളും. അതുകൊണ്ട് ക്രിസ്തുമതത്തെ പ്രോത്സാഹിപ്പിക്കുവാൻ അദ്ദേഹം വൈമനസ്യം പ്രകടിപ്പിച്ചു.

രാജാവ് നമ്മുടെ അപ്പോസ്തലനോട് ഇപ്രകാരം പറഞ്ഞു. "താങ്കൾക്കും സഹബന്ദികൾക്കും സ്വാതന്ത്ര്യമനുവദിച്ചിരിക്കുന്നു, എന്നാൽ നിങ്ങളുടെ മതപ്രചാരണം ഞാൻ ശക്തിയായി നിരോധിച്ചിരിക്കുന്നു. മോക്ഷണമോ ബഹുഭോജ്യാതപമോ, വിഗ്രഹാരാധനയോ അനുവദിക്കാത്ത ഒരു മതം ഞങ്ങൾക്ക് അനുയോജ്യമല്ല. എന്റെ നിരോധനം ലംഘിച്ച് എന്റെ രാജ്യാതിർത്തിക്കുള്ളിൽ നിങ്ങൾ മതപ്രസംഗം നടത്തിയാൽ നിങ്ങൾ കഠിനമായി പീഡിപ്പിക്കപ്പെടുകയും വധിക്കപ്പെടുകയും ചെയ്യും."

1686 ആഗസ്റ്റിൽ, ബന്ധനവിമുക്തനായ ശേഷം ഫാ. ബ്രിട്ടോ മധുരയിലേയ്ക്കു പോകുവാൻ നിശ്ചയിച്ചു. പക്ഷെ അദ്ദേഹം തോപ്പിലേക്ക് വിളിക്കപ്പെട്ടു.

മർദ്ദിതനായ ആ മഹർഷിയെ തോപ്പിലെ സഹോദരന്മാരും സുപ്പീരിയറും ഹാർദ്ദമായി സ്വീകരിച്ചു. തോപ്പിൽ താമസിച്ച് കുറേക്കാലം വിശ്രമിക്കുവാൻ പ്രൊവിൻഷ്യൽ ആ ക്ഷീണനായ മിഷ്യനറിയെ നിർബന്ധിച്ചു. പക്ഷേ എത്രയും വേഗം, തന്റെ പ്രിയപ്പെട്ട മിഷ്യൻ രംഗത്തെത്തി സ്വസഹോദരന്മാരോടൊന്നിച്ചു ക്ലേശകരമായ മിഷ്യൻജോലി നടത്തുവാൻ നമ്മുടെ പ്രേഷിതോത്തമൻ ഉൽക്കണ്ഠിതനായിരുന്നു.

അദ്ദേഹത്തിന്റെ ആരോഗ്യം ഒരുവിധം അഭിവൃദ്ധിപ്പെട്ടപ്പോൾ മധുരമിഷ്യനിലേയ്ക്കു പോയ്ക്കൊള്ളുവാൻ പ്രൊവിൻഷ്യൽ അദ്ദേഹത്തെ അനുവദിച്ചു.

യാത്രപുറപ്പെട്ട കുറെദിവസം കഴിഞ്ഞപ്പോൾ, അദ്ദേഹം തോപ്പിലേയ്ക്കു സത്വരം പ്രത ഗമിക്കണമെന്നുള്ള കല്പന ലഭിച്ചു. അങ്ങനെ വിശുദ്ധനായ ജോൺ ബ്രിട്ടോ നാലാമതും നമ്മുടെ മാതൃഭൂമിയെ തന്റെ പാദപാംസുക്കളാൽ പാവനമാക്കി.

മധുരമിഷ്യനെറ കാര്യക്കാരായി യൂറോപ്പിലേയ്ക്കു നിയമിതനായിരുന്ന ഫാ ഫ്രാൻസിസ് പായെസ് കപ്പലപകടത്തിൽ അകാലചരമം പ്രാപിച്ചതിനാൽ, അദ്ദേഹത്തിനു പകരം യൂറോപ്പിൽ പ്രൊക്കുറേറ്ററായി പോകുവാനായിരുന്ന ഫാ. ബ്രിട്ടോ വിളിക്കപ്പെട്ടത്. പന്ത്രണ്ടുകൊല്ലം മിഷ്യനറിയായും സുപ്പീരിയറായും മധുരമിഷ്യനിൽ പ്രവർത്തിച്ച ഫാ. ബ്രിട്ടോ മേലധികാരികളുടെ ദൃഷ്ടിയിൽ പ്രസ്തുത ജോലിക്കു സർവ്വഥാ അർഹനായിരുന്നു.

മധുരമിഷ്യനിൽ പ്രേഷിതജോലി തുടർന്നു നടത്തുവാൻ തന്നെ അനുവദിക്കണമെന്നു ഫാ. ബ്രിട്ടോ വിനയപൂർവ്വം അഭ്യർത്ഥിച്ചു. പ്രൊവിൻഷ്യൽ അദ്ദേഹത്തിനെറ അപേക്ഷ സ്വീകരിച്ചില്ല. അദ്ദേഹം യൂറോപ്പിലേയ്ക്കു പോകുവാൻതന്നെ സന്നദ്ധനായി.

അദ്ധ്യായം 10

വീണ്ടും യൂറോപ്പിൽ

1685-ൽ ഫാ. ബ്രിട്ടോ ഗോവയിലേയ്ക്കു പുറപ്പെട്ട ഗോവയിലെത്തിയ ഉടൻതന്നെ പോർട്ടുഗലിലേയ്ക്കു കപ്പൽകിട്ടി. കപ്പൽസഞ്ചാരം ആദ്യം സുഖകരമായിരുന്നെങ്കിലും ഗുഡ്ഹോപ്പ് മുനമ്പിന്റെ സമീപമെത്തിയപ്പോൾ കൊടുങ്കാറ്റുണ്ടായി. അവർ തെക്കെ അമേരിക്കയിലുള്ള ബ്രസീലിൽ സന്റോസ് തുറമുഖത്തടുത്തു് വിശ്രമിച്ചു. കപ്പൽ പോർട്ടുഗലിലേയ്ക്കു തിരിക്കുന്നതുവരെ ഫാ. ബ്രിട്ടോ അവിടെയുള്ള ജസ്വീത്തു കോളേജിൽ താമസിച്ചു.

1687-സെപ്തംബർ 8-ാംതീയതി കപ്പൽ ലിസ്ബണിലെത്തി. പതിനാലുകൊല്ലത്തെ വിപ്രവാസത്തിനു ശേഷം ബ്രിട്ടോകുടുംബത്തിന്റെ ഭാഗധേയമുകുളവും രാജകീയ കളിത്തോഴനുമായ ജോൺ ഡി ബ്രിട്ടോ, തന്റെ പ്രിയപ്പെട്ട ജന്മദേശമായ ലിസ്ബണിൽ കാലുകുത്തി. സ്വജനങ്ങളുടെ ഹാർദ്ദമായ സ്വാഗതാശംസകളോടുകൂടി, അദ്ദേഹം വേദാത്ഥിയായിരുന്നകാലത്തു് പഠിപ്പിച്ചിരുന്ന സെൻറ് ആൻറണീസ് കോളേജിലെത്തി.

ഫാ. ബ്രിട്ടോ പോർട്ടുഗലിൽ എത്തുന്നതിനു മുമ്പുതന്നെ, അദ്ദേഹം അനുഭവിച്ച കാരാഗൃഹവാസവും ക്രൂരബന്ധനങ്ങളും സംബന്ധിച്ചുള്ള വാർത്ത പോർട്ടുഗലിൽ എത്തിയിരുന്നു. ധീരനായ ആ മർദ്ദിതൻ സ്വരാജ്യത്തു് പ്രത്യാഗതനായിരിക്കുന്നുവെന്നുള്ള സന്തോഷവാർത്ത കണ്ണാകണ്ണികയാ ലിസ്ബൺ പട്ടണംമുഴുവൻ വ്യാപിച്ചു. വിശ്വാസത്തിനുവേണ്ടി പീഡിതനായ ആ വൈദികോത്തമനെ ഒരുനോക്കു കാണുവാനും അദ്ദേഹത്തോടുള്ള ബഹുമാനാദരങ്ങൾ പ്രകടിപ്പിക്കുവാനുമായി ജനങ്ങൾ സന്തോഷഭരിതരായി ഓടിക്കൂടി. പരസ്യമായ ഈ അനുമോദന പ്രകടനകോലാഹലങ്ങളിൽ നിന്നു് ഒഴിഞ്ഞുമാറുവാൻ

വിനയാന്വിതനായ ബ്രിട്ടോ അച്ചൻ ശ്രമിച്ചെങ്കിലും അയ്യ ഫല ശൂന്യമാവുകയാണുണ്ടായത്.

1685-മുതൽ പോർട്ടുഗൽരാജ്യം ഭരിച്ചിരുന്നത് ബ്രിട്ടോ അച്ചന്റെ ബാല്യകാലമിത്രമായ പീഡ്രോ ദ്വിതീയനായിരുന്നു. ഉപനിവേശരാജ്യങ്ങളിലെ മിഷ്യൻപ്രവർത്തനത്തിൽ അദ്ദേഹം പ്രത്യേകതാല്പര്യം പ്രദർശിപ്പിച്ചിരുന്നു. ഉപനിവേശ രാജ്യങ്ങളിൽനിന്ന് ലഭിച്ചിരുന്ന നികുതി മുഴുവൻ മിഷ്യനറിമാക്കും ഉപദേശിമാക്കുമായി അദ്ദേഹം ദാനം ചെയ്തിരുന്നു. ഭാരതമിഷ്യന്റെ പ്രത്യേക സംരക്ഷകനും അഭ്യുദയകാംക്ഷിയുമായ പീഡ്രോ രാജാവിനോട് പ്രതിനന്ദി പ്രകടിപ്പിക്കുവാനായി ഫാ. ബ്രിട്ടോ രാജകൊട്ടാരത്തിലെത്തി.

രാജാവ്, തന്റെ ബാല്യകാലസഖാവിനെ കണ്ടപ്പോൾ സന്തോഷഭരിതനായി അദ്ദേഹത്തെ സ്വീകരിക്കുവാൻ ബദ്ധപ്പെട്ടു. നമ്മുടെ പ്രേഷിതൻ ആദരപൂർവ്വം രാജാവിനെ സമീപിച്ച് അദ്ദേഹത്തിന്റെ കരം ചുംബിക്കുവാൻ ഭാവിച്ചു. പീഡ്രോ തൽക്ഷണം അദ്ദേഹത്തെ കെട്ടിപ്പിടിച്ച് സന്തോഷാശ്രുക്കൾ പൊഴിച്ചു. അവരിരുവരും രാജകീയമണ്ഡപത്തിൽ ചെന്നിരുന്ന് ദീർഘനേരം സൗഹൃദസംഭാഷണങ്ങളിൽ ഏർപ്പെട്ടു.

ഈ ആദ്യസന്ദർശനത്തിനുശേഷം, ഫാ. ബ്രിട്ടോ പലപ്പോഴും രാജധാനിയിൽ പോയ്ക്കൊണ്ടിരുന്നു. മധുരമിഷ്യന്റെയും മലബാർ പ്രൊവിൻസിന്റെയും വിശദവിവരങ്ങൾ അദ്ദേഹം രാജാവിനെ ധരിപ്പിക്കയും ഭാരതമിഷ്യനെയും ഭാരതീയരെയും സംബന്ധിച്ച പ്രശ്നങ്ങളെപ്പറ്റി രാജാവിനോടും മന്ത്രിസഭാംഗങ്ങളോടും ചർച്ചനടത്തുകയും ചെയ്തു. രാജാവ് മധുരമിഷ്യന് കൂടുതൽ സഹായങ്ങളും വാഗ്ദാനംചെയ്തു.

ഇൻഡ്യയിലെ ലാളുവായ ജീവിതരീതി തന്നെയാണ് പോർട്ടുഗലിലെ താമസക്കാലത്തും അദ്ദേഹം തുടർന്നുകൊണ്ടിരുന്നത്. ഒരുനേരം മാത്രമേ അദ്ദേഹം ആഹാരം കഴിച്ചിരുന്നുള്ളു. അതും

ചോറും സസ്യക്കറികളും വെള്ളവും മാത്രം. രാജകീയ വിരുന്നിൽപോലും, ഇതുമാത്രമാണ് അദ്ദേഹം ഉപയോഗിച്ചിരുന്നത്. തറയിൽവിരിച്ച വന്യമൃഗത്തിന്റെ തോലായിരുന്നു അദ്ദേഹത്തിന്റെ ശയ്യ.

യൂറോപ്പിൽ താമസിച്ച് ആരോഗ്യം അഭിവൃദ്ധിപ്പെടുത്തണമെന്നു സ്നേഹിതന്മാർ ഉപദേശിച്ചതിന് നമ്മുടെ പുണ്യാത്മാവിന്റെ മറുപടി ഇപ്രകാരമായിരുന്നു :—

"മധുരയിലെ എന്റെ സഹോദരന്മാർ കൊടുംവെയിലത്ത് കഠിനതരമായ കായികാദ്ധ്വാനവും ബുദ്ധിമുട്ടും സഹിച്ച് എന്നെക്കാൾ ക്ലേശിതരായി ജീവിക്കുന്നു. അനുസൃതമായ ആപത്തുകൾക്കും പീഡനങ്ങൾക്കും അവർ വിധേയരായിരിക്കുന്നു. ആ സ്ഥിതിക്ക്, അവരെക്കാൾ മെച്ചമായ ഒരു ജീവിതം ഞാൻ അഭിലഷിക്കുന്നത് അനുചിതമായിരിക്കയില്ലേ? ദുഃഖത്തിന്റെ പാനപാത്രം ഞാൻ ചുണ്ടിൽ വച്ചിട്ട് അതു കുടിക്കാൻ ധൈര്യം കാണിക്കുന്നില്ലെങ്കിൽ, ദൈവസന്നിധിയിലും സെൻറ് ഇഗ്നേഷ്യസ് സെൻറ് ഫ്രാൻസിസ് സേവ്യർ, എന്നീ പിതാക്കന്മാരുടെ മുമ്പിലും ഞാൻ അപരാധിയാകയില്ലേ?"

അനന്തരം മിഷ്യൻ രംഗത്തേയ്ക്ക് യുവമിഷ്യനറിമാരെ തിരഞ്ഞെടുക്കുന്നതിനായി അദ്ദേഹം ലിസ്ബണിലെ വിദ്യാഭ്യാസസ്ഥാപനങ്ങൾതോറും സഞ്ചരിച്ചു. സാന്തരം എന്ന സ്ഥലത്തുനിന്ന് ഫാ. ബ്രിട്ടോ തന്റെ പൂർവ്വവിദ്യാലയമായ കൊയിമ്പ്രാ സർവ്വകലാശാലയിലേയ്ക്കു പോയി. മധുര മിഷ്യനിലെ വിശേഷങ്ങളും സുഖദുഃഖങ്ങളും അദ്ദേഹം അവിടത്തെ വൈദികരെയും വൈദികവിദ്യാർത്ഥികളെയും വിവരിച്ചു കേൾപ്പിച്ചു. പണ്ഡാരം സ്വാമിയുടെ വേഷത്തിൽ അവരുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ട അദ്ദേഹത്തിന്റെ വ്യക്തിവിലാസം അവരെ ആകർഷിച്ചു. അദ്ദേഹത്തോടൊന്നിച്ച് മിഷ്യനറികളായി, വിശ്വാസത്തിനുവേണ്ടി ആത്മാർപ്പണം ചെയ്യുവാൻ അവരെല്ലാം അഹമഹമികയാ

സന്നദ്ധരായി. അത്മായവിദ്യാർത്ഥികൾപോലും പുണ്യശ്ലോകനായ ആ മിഷ്യനറിയുടെ വാക്കുകളിൽ ലീനചിത്തരായി ഈശോസഭയിൽ പ്രവേശിച്ച് ഭാരതമിഷ്യൻ പ്രവർത്തനത്തിന് പോകുവാൻ ആഗ്രഹം പ്രകടിപ്പിച്ചു.

കേയിബ്രായിൽ നിന്ന് അദ്ദേഹം പോർട്ടോയിലേയ്ക്ക് യാത്രതിരിച്ചു. അവിടെയും അദ്ദേഹത്തിന് ഹൃദ്യമായ സ്വീകരണം ലഭിച്ചു. അവിടത്തെ വൃദ്ധപുരോഹിതന്മാർപോലും അദ്ദേഹത്തിന്റെ കാലു കഴുകുവാൻ ബദ്ധപ്പെട്ടു. വിനീതനായ നമ്മുടെ മിഷ്യനറി അതു നിഷേധിച്ചെങ്കിലും, ഗത്യന്തരമില്ലായ്കയാൽ ഒടുവിൽ രണ്ടു സഹോദരന്മാരെ ആ സ്നേഹോപചാരകർമ്മം നിവൃഹിക്കുവാൻ അനുവദിച്ചു. വിലങ്ങും ചങ്ങലകളും മാറും കൊണ്ട് അദ്ദേഹത്തിന്റെ കൈകാലുകളിലുണ്ടായിരുന്ന മുറിവുകളും വ്രണങ്ങളും കണ്ട്, അവർ അനുകമ്പാകുലരായി. വിശ്വാസത്തിന്റെ സാക്ഷീകരണത്തിനായി അദ്ദേഹം സഹിച്ച ആ മുദ്രകളിൽ അവർ ആദരപൂർവ്വം ചുംബിച്ചു.

ഫാ. ബ്രിട്ടോ, അദ്ദേഹത്തിന്റെ പൂർവ്വവിദ്യാലയമായിരുന്ന എവോറായും സന്ദർശിച്ചു. അദ്ദേഹത്തിന്റെ ശാലിനമായ പ്രസംഗരീതിയും അതീവ ഹൃദ്യമായ പെരുമാറ്റവും അജയ്യമായ സുഹൃത്ഭാവവും അന്യാദൃശമായ ഗുണഗണങ്ങളും അവിടത്തെ അദ്ധ്യാപകാധ്യേതാക്കളെ ഹഠാദാകർഷിച്ചു.

പോർട്ടുഗലിലെ ആദ്യത്തെ ഈശോസഭാ ചരിത്രകാരന്മാരിൽ ഒരാളായ ഫാ. ഫ്രാൻകൊ പ്രസ്താവിക്കുന്നു, "അദ്ദേഹം കാലാന്തരത്തിൽ വിശുദ്ധന്മാരുടെ ഗണത്തിൽ എണ്ണപ്പെടുമെന്ന് ഞങ്ങൾ പ്രതീക്ഷിച്ചു", എന്നാണ്.

അദ്ദേഹത്തിന്റെ മാതാവ് ഡോണാബിയാറ്റ്റിക്സ് പോർട്ടലെഗർ എന്ന സ്ഥലത്താണ് താമസിച്ചിരുന്നത്. മകൻ വന്ന വിവരമറിഞ്ഞപ്പോൾ അനാരോഗ്യവും വാർദ്ധക്യവും നിമിത്തം ലിസ്ബണിൽ വന്ന് അദ്ദേഹത്തെ കാണുവാൻ പ്രയാസമാ

ണമെന്നും അമ്മയെ കാണുന്നതിന് അദ്ദേഹം പോർട്ടലെഗറിലേക്കോ സമീപസ്ഥലത്തേക്കോ വരണമെന്നും അവർ മകനെ എഴുതിഅറിയിച്ചു. എത്രയും വേഗംചെന്ന് അമ്മയെ കണ്ടുകൊള്ളാമെന്നും അമ്മയുടെ അനുഗ്രഹങ്ങളും നൽകണമെന്നും കാണിച്ച് ഫാ. ബ്രിട്ടോ അതിനു മറുപടിയും കൊടുത്തു.

ഫാ. ബ്രിട്ടോ സാന്തരത്തുനിന്ന് കൊയിമ്പ്രായിലേക്കു പോകുന്ന വഴി (സിലേഗം) എന്ന സ്ഥലത്തെത്തി. അതിനടുത്തായിരുന്ന അദ്ദേഹത്തിന്റെ സഹോദരി ഡോണാ ലൂസിയ മരിയ താമസിച്ചിരുന്നത്. സഹചാരിയായ വൈദികൻ ഈ വിവരം അദ്ദേഹത്തിന്റെ ശ്രദ്ധയിൽപെടുത്തി. ബന്ധുമിത്രാദികളെ കാണുന്നതിനല്ല താൻ പോർട്ടുഗലിൽ വന്നതെന്നും മിഷ്യനു സംബന്ധിക്കുകയാണ് തന്റെ പ്രഥമ കൃത്യമെന്നും അതിനായി ആദ്യം കൊയിമ്പ്രായിലേയ്ക്കു പോകണമെന്നും മടങ്ങി വരുന്നവഴി അവിടെ കയറാമെന്നും ഫാ. ബ്രിട്ടോ മറുപടി പറഞ്ഞു.

ഒരു മണിക്കൂർകൊണ്ട് അവിടെ എത്താമെന്നും, അതുകൊണ്ടു പറയത്തക്ക കാര്യദോഷമൊന്നും ഉണ്ടാകയില്ലെന്നും ഭ്രാതൃസ്നേഹത്തിന് അനുപേക്ഷണീയമായ ഒരു ചുമതലയാണതെന്നും കൂട്ടുകാരനായ വൈദികൻ വീണ്ടും ഓർമ്മിപ്പിച്ചു. അതനുസരിച്ച് അദ്ദേഹം സഹോദരിഗൃഹത്തിലെത്തി കുറെനേരം താമസിച്ചശേഷം മടങ്ങിപ്പോന്നു.

കൊയിമ്പ്രായിൽനിന്ന് ലിസ്ബണിലേയ്ക്കുള്ള മടക്കയാത്രയിലും അദ്ദേഹം സഹോദരിഗൃഹം സന്ദർശിച്ചു. ഈ അവസരത്തിൽ അദ്ദേഹത്തിന്റെ പ്രിയമാതാവും അവിടെ സന്നിഹിതയായിരുന്നു. പതിനാലു വർഷത്തെ വേർപാടിനുശേഷം തന്റെ പ്രിയപുത്രനെ അഭിമുഖമായി കണ്ടപ്പോൾ ആ വൃദ്ധമാതാവിനുണ്ടായ ചേതോവികാരം വർണ്ണനാതീതമാണ്. ദൈവത്തുശുശ്രൂഷയ്ക്കായി സ്വപുത്രനെ ദാനംചെയ്ത ആ ഭാഗ്യവതിയായ മാതാവിന്

സ്വർഗ്ഗീയമായ ഒരു ആനന്ദാനുഭൂതിതന്നെ തദവസരത്തിലുണ്ടായി എന്നു പറയാം. ഹ്രസ്വമായ ആ സന്ദർശനത്തിനുശേഷം അദ്ദേഹം അവിടെനിന്നു യാത്രപറഞ്ഞുപിരിഞ്ഞു.

എവറോയിലെ താമസം കഴിഞ്ഞു് മാതാവിനെ ഒന്നുകൂടി കാണുവാനായി അദ്ദേഹംപോർട്ടലെഗറിലേയ്ക്കു പുറപ്പെട്ടു. അദ്ദേഹത്തിന്റെ സഹോദരൻ ഫെർണാണ്ടോ താമസിച്ചിരുന്ന മോൻറഫോർട്ടിൽ കൂടിയാണു് അദ്ദേഹം യാത്ര ചെയ്തതു്. നിഷ്കളങ്കമായ സഹോദരസ്നേഹത്താൽ ബദ്ധരായ ആ സഹോദരന്മാർ മോൻറഫോർട്ടിൽവച്ചു പരസ്പരം കണ്ടുമുട്ടി. സഹോദരസ്നേഹത്തിന്റെ മാധുര്യംപൂണ്ണമായ സമാശ്ലേഷത്തിലമർന്നു് ആ ആത്മസഹോദരന്മാർ ഏതാനും നിമിഷത്തേയ്ക്കു് അങ്ങനെ നിന്നുപോയി. രാത്രിയാകുംമുമ്പു് മാതൃഭവനത്തിലെത്തുവാൻ ഫാ. ബ്രിട്ടോയ്ക്കു തിടുക്കമുണ്ടായിരുന്നതിനാൽ ആ സന്ദർശനം അധികം നീണ്ടുനിന്നില്ല.

തുടർന്നുള്ള യാത്രയിൽ ഘോരമായ ഇടിയും മഴയുമുണ്ടായി. ഫാ. ബ്രിട്ടോയുടെ കൂട്ടുകാരനായ വൈദികൻ യാത്ര തുടരുന്നതു് അപകടമാണെന്നു പറഞ്ഞു. പക്ഷേ ഇൻഡ്യയിൽ ഇതുപോലെയുള്ള അനേകം ഘട്ടങ്ങളെ അഭിമുഖീകരിച്ചിരുന്ന ആ ഭാരതീയപ്രേഷിതൻ യാത്ര മുടക്കുവാൻ വിസമ്മതിച്ചു. സഹപാഠി പുറകോട്ടു പോകുമെന്നു ശഠിച്ചു. ഒടുവിൽ രണ്ടുപേരും ഫെർണാണ്ടോയുടെ വസതിയിലേയ്ക്കു മടങ്ങി.

പിറേറ ദിവസം രാവിലെ അവർ പോർട്ടലെഗറിലേയ്ക്കു തിരിച്ചു. പോർട്ടലെഗറിലെ ഒരു കോളേജിൽ ഏതാനും ദിവസം താമസിച്ചു് അദ്ദേഹം അമ്മയെ കൂടെക്കൂടെ സന്ദർശിച്ചുകൊണ്ടിരുന്നു. അവിടെ വച്ചു് അദ്ദേഹം തന്റെ ഒരു ബാല്യകാലസ്നേഹിതനെ കണ്ടുമുട്ടി. അദ്ദേഹം അവിടത്തെ മെത്രാനായിരുന്നു. ഫാ. ബ്രിട്ടോ മെത്രാന്റെ മുമ്പിൽ മുട്ടുകുത്തി ശ്ലൈഹികാശീർവാദം സ്വീകരിക്കുവാൻ തുനിഞ്ഞപ്പോൾ മെത്രാനും ആ പ്രേ

ക്ഷിതോത്തമന്റെ ആശിസ്സുകളും സ്വീകരിക്കുവാൻ മുട്ടു മടക്കി. ഒടുവിൽ ഇരുവരും പരസ്പരം കൈമുത്തിയശേഷം സൗഹാർദ്ദസം ഭാഷണം ആരംഭിച്ചു.

പോർട്ടുഗലിലും നമ്മുടെ പ്രേഷിതനു ചില പ്രതിബന്ധങ്ങൾ തരണംചെയ്യേണ്ടതായി വന്നു. പീഡ്രോ രാജാവു് അദ്ദേഹത്തെ മധുരമിഷ്യനിലേയ്ക്കു തിരിച്ചയയ്ക്കാതെ തന്റെ കൗൺസിലിലെ ഒരംഗമാക്കുവാൻ ആഗ്രഹിച്ചു. രാജാവിന്റെ അടിലാഷമറിഞ്ഞു നമ്മുടെ മിഷ്യനറി വളരെ കണ്ടുപ്പെട്ടു. ഭാരതമിഷ്യനുവേണ്ടി മാത്രം ജീവിക്കുന്നതിനും മരിക്കുന്നതിനും തീവ്രമായി ആഗ്രഹിച്ചിരുന്ന അദ്ദേഹം രാജാവിനെ പ്രസ്തുത നിശ്ചയത്തിൽനിന്നു പിന്തിരിപ്പിക്കുവാൻ കഴിയുന്നത്ര ശ്രമിച്ചു. പക്ഷെ യാതൊരു ഫലവുമുണ്ടായില്ല.

അങ്ങനെയിരിക്കുമ്പോൾ രാജാവിന് ഒരു പുത്രൻ ജനിച്ചു. ആ രാജശിശുവിന്റെ വിദ്യാഭ്യാസത്തിലും സ്വഭാവരൂപവത്കരണത്തിലും മേൽനോട്ടം വഹിക്കുന്നതിനു ഫാ. ബ്രിട്ടോയെക്കാൾ ഉത്തമനായ ഒരാളെ രാജാവിനു കണ്ടുപിടിക്കുവാൻ കഴിഞ്ഞില്ല. ആ ഉദ്യോഗം ഭരമേൽക്കുവാൻ ഫാ. ബ്രിട്ടോയെ അദ്ദേഹം നിർബന്ധപൂർവം ക്ഷണിച്ചു. യൂറോപ്പിൽ ആ ഉദ്യോഗത്തിനു തന്നെക്കാൾ യോഗ്യന്മാരായ അനേകരുണ്ടെന്നും, മധുരമിഷ്യനിലാകട്ടെ മിഷ്യനറിമാർ വളരെ ചുരുക്കമാണെന്നും, തന്നിക്ക് അവിടത്തെ ഭാഷയും ആചാരമര്യാദകളും പരിചിതമാകയാൽ ആ ജോലിയാണു കൂടുതൽ യോജിച്ചതെന്നും ഫാ. ബ്രിട്ടോ രാജാവിനെ അറിയിച്ചു. ദൈവം തന്നിൽ ഭരമേല്പിച്ചിരിക്കുന്ന ആ കൃത്യത്തിൽനിന്നു തന്നെ വ്യതിചലിപ്പിക്കരുതെന്നും അദ്ദേഹം അപേക്ഷിച്ചു. പോർട്ടുഗലിൽ താമസിച്ചുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ സ്വാധീനശക്തിയും സമ്മായകയും വഴിയായി ആണ്ടുതോറും ധാരാളം മിഷ്യനറിമാരെ ഇൻഡ്യയിലേയ്ക്ക് അയച്ചുകൊടുക്കുകയും മിഷ്യനുവേണ്ടി വളരെയൊക്കെ

പ്രവർത്തിക്കയും ചെയ്യുവാൻ സാധിക്കുമെന്നു രാജാവു് യുക്തി പൂർവ്വം പ്രതിവദിച്ചു.

പ്രസംഗത്തിലല്ല, പ്രവർത്തിയിലുള്ള മാതൃകയാണു് കൂടുതൽ അഭികാമ്യമായിട്ടുള്ളതെന്നും, പുതിയ മിഷ്യനറിമാർക്കു് ത്യാഗത്തിന്റെ മാതൃക കാണിച്ചുകൊടുക്കുവാൻ താൻ ഇൻഡ്യയിലേയ്ക്കു പോയേ മതിയാകൂ എന്നും ഫാ. ബ്രിട്ടോ തുടർന്നു പറഞ്ഞു.

ഇതുയൊക്കെയായിട്ടും രാജാവു തന്റെ പൂർവ്വനിശ്ചയത്തിൽ ദൃഢചിത്തനായിത്തന്നെ നിന്നു.

ഇൻഡ്യയിലേയ്ക്കു പോകാൻ തന്നെ അനുവദിക്കാത്തപക്ഷം ദൈവഹിതത്തിനു വിരുദ്ധമായി പ്രവർത്തിക്കയായിരിക്കും ചെയ്യുന്നതെന്നുപോലും ആ ദൈവശുശ്രൂഷാനിരതൻ രാജാവിനെ അനുസ്മരിപ്പിച്ചു.

ദൈവകേതനായ രാജാവു്, പണ്ഡിതരും പുണ്യചരിതരുമായ രണ്ടു വൈദികരെ വരുത്തി, അവരുടെ അഭിപ്രായം ആരാഞ്ഞു. ദൈവഹിതം അറിയുവാനായി ഭീർഘനേരം പ്രാർത്ഥിച്ചശേഷം, ഫാ. ബ്രിട്ടോയെ പോർട്ടുഗലിൽ താമസിക്കുവാൻ നിർബന്ധിക്കുന്നതു ശരിയല്ലെന്നു് അവർ രണ്ടുപേരും രാജാവിനെ ഉപദേശിച്ചു. എന്നിട്ടും രാജാവിനു് തന്റെ അഭിലാഷം ഉപേക്ഷിക്കുവാൻ മനസ്സുണ്ടായില്ല.

രണ്ടുകൊല്ലം അങ്ങനെ കടന്നുപോയി. അതിനിടയ്ക്കു ഫാ. ബ്രിട്ടോ, രാജ്ഞിയേയും കുമ്പസാരക്കാരനേയും സമീപിച്ചു. പുണ്യാത്മാവായ ആ വൈദികൻ പോർട്ടുഗലിൽ താമസിച്ചു് തന്റെ ഓമനപുത്രന്റെ ട്യൂട്ടർസ്ഥാനം വഹിക്കണമെന്നായിരുന്നു രാജ്ഞിയുടേയും ആഗ്രഹം. എങ്കിലും ഒടുവിൽ അവർ അദ്ദേഹത്തിനനുകൂലമായി രാജാവിന്റെ അടുക്കൽ ശുപാർശ ചെയ്തു. രണ്ടു കൊല്ലത്തിനകം തിരിച്ചു വിളിക്കുമെന്നുള്ള വ്യവസ്ഥയിൽ ഫാ. ബ്രിട്ടോയെ ഇൻഡ്യയിലേയ്ക്കു പോകുവാൻ രാജാവു മനസില്ലാമനസോടെ അനുവദിച്ചു.

ഫാ. ബ്രിട്ടോ ഇൻഡ്യയിലേയ്ക്കു പുറപ്പെട്ട കുറെ കഴിഞ്ഞപ്പോൾ പീഡ്രോരാജാവു് അദ്ദേഹത്തെ തിരിച്ചു വിളിക്കുവാൻ ജനറലിനോടു് അപേക്ഷിച്ചു. ജനറൽ രാജാവിന്റേയും രാജ്ഞിയുടേയും കുമ്പസ്സാരക്കാരായ വൈദികർക്കു് രാജാവിനെ ആ ആഗ്രഹത്തിൽനിന്നു പ്രതിനിവർത്തിപ്പിക്കുവാൻ ശ്രമിക്കണമെന്നു കാണിച്ചു് എഴുത്തയച്ചു. ഈശോസഭാജനറലിനു് ഫാ. ബ്രിട്ടോയുടെ പേരിലുണ്ടായിരുന്ന വർദ്ധമാനമായ മതിപ്പും സ്നേഹവും ആ എഴുത്തുകൾ സുവ്യക്തമാക്കുന്നുണ്ടു്.

രാജാവിന്റെ കുമ്പസ്സാരക്കാരനുള്ള എഴുത്തിൽ അദ്ദേഹം പ്രസ്താവിക്കുന്നതിങ്ങനെയാണു്:—സത്യമതം പ്രചരിപ്പിക്കുന്നതിനുള്ള അത്ഭുതാവഹമായ തീക്ഷ്ണതയും, അക്രൈസ്തവരെ സത്യമതത്തിലേയ്ക്കാനയിക്കുവാനുള്ള മഹത്തായ സിദ്ധികളും ഒരു മിഷ്യനറിക്കാവശ്യമായ അസാധാരണമായ മറ്റു യോഗ്യതകളും ദൈവം അദ്ദേഹത്തിനു ദാനംചെയ്തിരിക്കുന്നു. മധുരയിലെ അദ്ദേഹത്തിന്റെ പ്രവർത്തനം ഫലസമൃദ്ധമായി പുരോഗമിക്കുന്നു."

അദ്ദേഹത്തിന്റെ സഹനവും പീഡനവും നിമിത്തം അദ്ദേഹം മറ്റു മിഷ്യനറിമാർക്കു മാതൃകയും നേതൃത്വവും നൽകിയെന്നു ജനറൽ തുടർന്നു പ്രശംസിക്കുന്നു.

രാജ്ഞിയുടെ കുമ്പസാരക്കാരനുള്ള എഴുത്തിൽ ജനറൽ ഫാ. ബ്രിട്ടോയെ ഇപ്രകാരം അഭിനന്ദിക്കുന്നു:—

"അദ്ദേഹം ഇൻഡ്യയിൽത്തന്നെ താമസിക്കുന്നതാണു് ദൈവസ്തുതിക്കും ആത്മാക്കളുടെ രക്ഷയ്ക്കും അദ്ദേഹത്തിന്റെ തന്നെ ഗുണത്തിനും കൂടുതൽ നല്ലതെന്നു ഞാൻ വിചാരിക്കുന്നു. പരിശുദ്ധാത്മാവു്, മറ്റൊരു പൌലോസ് അപ്പോസ്തലനായി, അദ്ദേഹത്തെ അക്രൈസ്തവരുടെ മാനസാന്തരത്തിനായി നിയോഗിക്കയും മാതുരാജ്യത്തുനിന്നു് മലബാറിലേയ്ക്കു് അയയ്ക്കുകയും ചെയ്തിരിക്കുന്നു. ആ മുന്തിരിത്തോട്ടം അദ്ദേഹത്തിന്റെ പ്രവർത്തനരംഗമായി ദൈവം അദ്ദേഹത്തിനു നൽകിയിരിക്കുന്നു."

ഇൻഡ്യയിലേയ്ക്കു പുറപ്പെടുവാൻ രാജകിയാനുവാദം ലഭിച്ച് ഉടൻ ആ വിവരം അദ്ദേഹം സഹോദരനെ എഴുതിയറിയിച്ചു. അമ്മയോടും സഹോദരീസഹോദരന്മാരോടും അഭിമുഖമായും കത്തു വഴിയായും അദ്ദേഹം യാത്ര പറഞ്ഞു.

അമ്മയും ബന്ധുമിത്രാദികളും അദ്ദേഹം മാതൃരാജ്യത്തു തന്നെ നിവസിക്കുവാൻ അവരുടെ കഴിവുകളുടെ അങ്ങേയറ്റം വരെ ശ്രമിച്ചു. അവരുടെ ഹൃദയസ്പൃക്കായ അഭ്യർത്ഥനയെ ഫാ. ബ്രിട്ടോ വ്യസനപൂർവ്വം തിരസ്കരിച്ചു.

മാർച്ചു 18-ാം തിയതി ഫാ. ബ്രിട്ടോ തന്റെ സഹോദരന് ഒരിക്കൽക്കൂടി മറുകത്തെഴുതി. ഈ വിയോഗാവസരത്തിൽ നമ്മുടെ അപ്പോസ്തലൻ അനുഭവിച്ച വ്യാകുലത എത്ര അപാരവും അഗാധവുമായിരുന്നുവെന്ന് ഹൃദയസ്പർശകമായ ആ എഴുത്തിൽ സമൃക്കായി സ്ഫുരിക്കുന്നുണ്ട്. ശോകപൂർണ്ണമായ ആ കത്തു ഇങ്ങനെ സമാപിക്കുന്നു:— "ആശംസകൾ! പ്രിയം നിറഞ്ഞ ജ്യേഷ്ഠാ, എന്റെ ഹൃദയംഗമമായ ആശംസകൾ!!"

അദ്ധ്യായം 11

ഇൻഡ്യയിലേയ്ക്കുള്ള പ്രതിയാനം

കപ്പൽ പുറപ്പെട്ടഞ്ചാമദിവസം ആപൽക്കരമായ ഒരു കൊടുങ്കാറ്റ് ആരംഭിച്ചതുകൊണ്ട് പിന്നെയും, രണ്ടാഴ്ചയോളം യാത്രക്കാർ ഉറമുഖത്തു് കഴിച്ചുകൂട്ടേണ്ടിവന്നു. 1690 ഏപ്രിൽ എട്ടാം തീയതി മദ്ധ്യാഹ്നത്തോടുകൂടി പ്രകൃതി പ്രസന്നയായി. അനുകൂലമായ ഒരു വടക്കൻകാറ്റും അടിച്ചുതുടങ്ങി.

കപ്പൽ വിടുവാനുള്ള ആദ്യത്തെ വെടിവച്ചു. ഈ സമയത്തു് ഫാ. ബ്രിട്ടോ സമീപത്തുള്ള സെൻറ് ആൻറണീസ് കോളേജിലായിരുന്നു. വെടിയൊച്ചകേട്ട് അദ്ദേഹം ശീഘ്രം സഹചാരിയായ ഒരു വൈദികനോടുകൂടി കപ്പലിലേയ്ക്കു പാഞ്ഞു. വഴിക്കുവച്ച് അദ്ദേഹത്തിൻെറ ഒരു അടുത്ത ബന്ധുവിനെ കണ്ടുമുട്ടി. ഒരിക്കൽകൂടി രാജാവിനെ കണ്ട് യാത്രപറയണമെന്നു് അയാൾ ആ യാത്രോദ്യുക്തനെ നിർബന്ധിച്ചു.

കപ്പലുകാരും നങ്കൂരമിളക്കി യാത്രയ്ക്കു തയാറായിരിക്കുന്നതിനാൽ സന്ദർശനത്തിനു സമയമില്ലെന്നും രാജാവിനോടു നേരത്തെ യാത്രപറഞ്ഞതാണെന്നും ഫാ. ബ്രിട്ടോ മറുപടി പറഞ്ഞു. രാജസന്നിധിയിൽ ഏതാനും നിമിഷത്തേയ്ക്കുമാത്രം താമസിച്ചാൽ മതിയെന്നും അതു്, രാജാവിനു് ഏറ്റവും സന്തോഷപ്രദമായിരിക്കുമെന്നും, തിരിച്ചെത്തുന്നതിനു മുമ്പു കപ്പലുകാരും പൊയ്യോയാത്ത ഒരു ബോട്ടിൽകയറ്റി കപ്പലിൽ എത്തിച്ചുകൊടുക്കാമെന്നും അയാൾ പറഞ്ഞു.

ദയാലുവായ ഫാ. ബ്രിട്ടോ ഈ അഭ്യർത്ഥനയ്ക്കു വഴങ്ങി. അദ്ദേഹം രാജകീയദമ്പതികളെയും അവരുടെ കോമളകിശോരനെയും ഒരിക്കൽകൂടി സന്ദർശിച്ചു.

കപ്പൽ പുറപ്പെടുവാനുള്ള രണ്ടാമത്തെ വെടിയും വച്ചു. ഫാ. ബ്രിട്ടോ കൂട്ടുകാരനുമൊന്നിച്ചു് തുടിതി ഉറമുഖത്തേയ്ക്കു

പാഞ്ഞു. കപ്പലുകൾ തുറമുഖത്തുനിന്ന് വളരെ ദൂരം അകന്നു പോയി. അദ്ദേഹത്തിന്റെ ബന്ധു പറഞ്ഞിരുന്നതുപോലെ ബോട്ട് കിട്ടിയുമില്ല.

നിസ്സഹായമായ ഈ പരിതസ്ഥിതിയിൽ അദ്ദേഹം ഫ്രാൻസിസ് സേവ്യർ പുണ്യവാന്റെ മദ്ധ്യസ്ഥം യാചിച്ചു. അധികം താമസിയാതെ ഒരു ബോട്ട് അവരുടെ ദൃഷ്ടിയിൽപെട്ടു. ബോട്ട് കാരനു് നല്ലൊരുസംഖ്യ പ്രയിഫലവും പറഞ്ഞൊത്തു് അവർ ബോട്ടിൽകയറി കപ്പലുകളെ ലക്ഷ്യമാക്കി പുറപ്പെട്ടു.

വളരെപ്പണിപ്പെട്ടിട്ടും കപ്പലുകൾ അവരുടെ ദൃഷ്ടിപഥത്തിൽ എത്തിയില്ല. ഇടയ്ക്കുവച്ചു്, വേഗതകുടിയ മറെറാരു യാനപാത്രം അവരുടെ ഉപയോഗത്തിനായി ഒരു സ്നേഹിതൻ കൊടുത്തു. അതിൽകയറി പൂർവ്വോപരി ശീഘ്രഗതിയിൽ അവർ യാത്രതുടർന്നു. അൽമിറേവ്യാ എന്ന കപ്പലിലെ കപ്പിത്താൻ എങ്ങനെയൊ, പാഞ്ഞുവരുന്ന ആ ബോട്ടുകണ്ടു. കപ്പലിന്റെ വേഗതകുറച്ചു. അധികം താമസിയാതെ ഫാ. ബ്രിട്ടോയും കൂട്ടുകാരനായ വൈദികനും കപ്പലിൽ വന്നെത്തി.

കപ്പലുകൾ മദ്ധ്യരേഖാപ്രദേശത്തെ സമീപിച്ചപ്പോൾ യാത്രക്കാരിൽ പലർക്കും ഒരു പകർച്ചപ്പനി പിടിപെട്ട് രണ്ടാഴ്ചയോളം അതു നീണ്ടുനിന്നു. രാപ്പകലില്ലാതെ ഫാ. ബ്രിട്ടോ രോഗികളെ ശുശ്രൂഷിച്ചുകൊണ്ടിരുന്നു.

ഫാ. ബ്രിട്ടോയുടെ ആത്മത്യാഗപരമായ ജീവകാരുണ്യപ്രവർത്തനങ്ങളിൽ മീനചിത്തനായ ഒരു ജർമ്മൻ നാവികൻ മരണക്കിടക്കയിൽവച്ചു് അദ്ദേഹത്തിന്റെ സഹായം അപേക്ഷിച്ചു. പ്രൊട്ടസ്റ്റൻറുകാരനായ അയാൾ വിനാവിളംബം കത്തോലിക്കസഭയെ ആശ്ലേഷിക്കയും ഫാ. ബ്രിട്ടോ അയാൾക്ക് അന്ത്യശുശ്രൂഷകൾ നൽകുകയും ചെയ്തു.

യാത്രയുടെ അന്ത്യഘട്ടത്തിലും പകർച്ചരോഗങ്ങൾ വീണ്ടും തലപൊക്കി. അദ്ദേഹം യാത്രചെയ്തിരുന്ന അൽമിറേവ്യ എന്ന കപ്പലിൽ നാല്പതോളംപേരും സഹയാത്ര ചെയ്തിരുന്ന 'സന്ത്യാഗോ' എന്ന കപ്പലിൽ അൻപതോളം പേരും രോഗഗ്രസ്തരായി.

സ്വസഹോദരനുള്ള ഒരു കത്തിൽ, ഫാ. ബ്രിട്ടോ ദുരിതപൂരിതമായ ആ സമുദ്രയാനത്തെ ഇങ്ങനെ വിവരിക്കുന്നു :—

"കപ്പലിൽവച്ച് എനിക്കും രോഗം പിടിപെട്ടു. എങ്കിലും ദൈവാനുഗ്രഹത്താൽ എന്റെ രോഗം ശമിച്ചു. എന്റെ സഹപ്രവർത്തകരായ രണ്ടു ഈശോസഭാംഗങ്ങളും സാംക്രമികരോഗബാധയാൽ മൃതിയടഞ്ഞു. കപ്പലിലെ ആത്മീയശുശ്രൂഷാഭാരം മുഴുവൻ എന്നിൽ നിക്ഷിപ്തമായി. രോഗവും പൈദാഹക്ലമങ്ങളും ശൈത്യബാധയും നിമിത്തം ഞാൻ നന്നേ വിഷമിച്ചു. പാപപരിഹാരത്തിനായി ആ ക്ലേശങ്ങളെല്ലാം നമുക്ക് ദൈവത്തിനു കാഴ്ചവയ്ക്കാം".

നവമ്പർ രണ്ടാംതിയതി കപ്പലുകൾ ഗോവാ തുറമുഖത്തു് നങ്കൂരമിട്ടു. യാത്രക്കാർ ഉത്സാഹഭരിതരായി കരയ്ക്കിറങ്ങി. ഗോവയിലെ വൈദികരാലും ജനങ്ങളാലും അനുഗതരായി ഫാ. ബ്രിട്ടോയും ഇതര മിഷ്യനറിമാരും പട്ടണത്തിൽ പ്രവേശിച്ചു.

അദ്ധ്യായം 12

അന്ത്യകാലഘട്ടം

വി. ശെരിയാനു പുണ്യവാന്റെ കബീറാന്തികത്തിൽ പ്രാർത്ഥിച്ചശേഷം, ഫാ. ബ്രിട്ടോ ഗോവയിലെ പ്രൊവിൻഷ്യലിനെ സന്ദർശിച്ചു. തന്റെ ബാല്യകാല സ്നേഹിതനായ ഗോവയിലെ പോർട്ടുഗീസ് വൈസ്രോയിയുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തി. ഗോവയിൽ കുറേക്കാലം താമസിച്ച് ആരോഗ്യസ്ഥിതി അഭിവൃദ്ധിപ്പെടുത്തുവാൻ വൈസ്രോയി നമ്മുടെ മിഷ്യനറിയെ സസ്നേഹം ക്ഷണിച്ചു. ഏററവും വേഗം മധുരമിഷ്യനിൽ ചെന്നൊത്തണമെന്നുമാത്രം ആഗ്രഹിച്ചിരുന്ന നമ്മുടെ അപ്പോസ്തലനുണ്ടോ അതുവല്ലതും സ്വീകരിക്കുവാൻപോകുന്നു! എങ്കിലും ഫാ. ബ്രിട്ടോയുടെ ഗോവയിലെ താമസം പ്രതീക്ഷാതീതമായി ദീർഘിച്ചുപോയി. മധുരമിഷ്യനിലേയ്ക്കു നിയമിക്കപ്പെട്ടിരുന്ന നവവൈദികരുടെ അന്തിമപരിശീലനം കഴിയുന്നതുവരെ ഫാ. ബ്രിട്ടോയും ഗോവയിൽ താമസിക്കണമെന്ന് മലബാർ പ്രൊവിൻഷ്യലിന്റെ നിർദ്ദേശം ലഭിച്ചതിനാൽ ഏതാനും നാൾകൂടി അദ്ദേഹം ഗോവയിൽ താമസിച്ചു. അതിനിടയിൽ അകാലപരമം പ്രാപിച്ച വൈസ്രോയിയുടെ ശവസംസ്കാരകർമ്മത്തിൽ പങ്കുകൊള്ളുന്നതിനും അദ്ദേഹത്തിനിടയായി.

ഈ താമസത്തിനിടയിൽ ഫാ. ബ്രിട്ടോയ്ക്ക് അവാച്യമായ ഒരു ആനന്ദാനുഭവമുണ്ടായി. അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ വി. ഫ്രാൻസിസ് സേവ്യറിന്റെ പൂജ്യകുടീരം തുറക്കപ്പെട്ടു. ഫാ. ബ്രിട്ടോ കയ്യാദരപൂർസ്സരം ആ പുണ്യശരീരത്തെ സ്പർശിച്ച് പരമാനന്ദനിമഗ്നനായി.

മൂന്നുമാസത്തെ താമസത്തിനുശേഷം, ഫെബ്രുവരി 12-ാം തിയതിയോടുകൂടി ഫാ. ബ്രിട്ടോ, ഒരു നവവൈദികനോടുകൂടി മലബാർ പ്രൊവിൻസിലേയ്ക്കു പ്രയാണംചെയ്തു.

ഫെബ്രുവരി 28-ാംതിയതി അവർ കൊച്ചിയ്ക്കു സമീപമെത്തുകയും ഡച്ചുകാരുടെ നിരോധനാജ്ഞമൂലം കൊച്ചിയിൽ അടുക്കാതെ നേരെ അമ്പഴക്കാട്ടേയ്ക്കു തിരിക്കയുംചെയ്തു.

അമ്പഴക്കാട്ടേ കോളേജിൽ ഏതാനും ദിവസം വിശ്രമിച്ചശേഷം മാർച്ചു് 1-ാംതീയതി അവർ തോപ്പിലേയ്ക്കു യാത്രയായി. കുതിരപ്പുറത്തും കാൽനടയായും ജലമാർഗ്ഗമായും യാത്രചെയ്തു് അവർ പാതിരാനോമ്പോടടുത്തു തോപ്പിലെത്തി. ഈ യാത്രയിൽ തിരുവിതാംകൂറിന്റെ മദ്ധ്യോത്തരഭാഗങ്ങളിൽ കൂടി നമ്മുടെ വിശുദ്ധൻ കടന്നുപോയിരിക്കണം. നമ്മുടെ മാതൃഭൂമിയിലെ പുരാതന പ്രസിദ്ധങ്ങളായ ക്രൈസ്തവകേന്ദ്രങ്ങളും അദ്ദേഹം സന്ദർശിച്ചിരിക്കാം. ഉദാരമതികളായ ക്രിസ്ത്യാനികളുടെ ഉപചാരങ്ങളും അദ്ദേഹം സ്വീകരിച്ചിരിക്കാം.

പതിമ്മൂന്നുകൊല്ലക്കാലം ഫാ. ബ്രിട്ടോയുടെ സഹപ്രവർത്തകനായിരുന്ന ഫാ. സ്രയർ ആയിരുന്നു അന്നത്തെ മലബാർ പ്രൊവിൻഷ്യൽ. പ്രൊക്കുറേറ്റർ എന്ന നിലയിൽ ഫാ. ബ്രിട്ടോ യൂറോപ്പിൽ നിർവഹിച്ച ദൗത്യത്തിന്റെ സൂക്ഷ്മവിവരങ്ങളും അദ്ദേഹം പ്രൊവിൻഷ്യലിനെ ധരിപ്പിച്ചു.

മേയ് 2-ാംതീയതി ദൈവസാക്ഷിയായ വി. ജോൺമാപ്പിപ്പുയുടെ തിരുനാൾദിനം, അദ്ദേഹം മറവയിലേയ്ക്കു പുറപ്പെട്ടു. മറവയിൽ വച്ചുമാത്രമേ, താൻ തീവ്രമായി അഭിലഷിക്കുന്ന ദൈവസാക്ഷിത്വം തനിക്കു ലഭിക്കുവാൻ ഇടയുള്ളുവെന്നു് അദ്ദേഹം സഹോദരന്മാരോടു വ്യക്തമായും സുധീരമായും പറഞ്ഞു.

മറവായിലെത്തി വരകപ്പതി മുതലായ സ്ഥലങ്ങളിൽ അദ്ദേഹം അത്യുത്സാഹപൂർവം അക്ഷീണമായി പ്രേഷിതവൃത്തി തുടർന്നു. പതിനാറുദിവസത്തെ താമസത്തിനിടയിൽ ആയിരത്തോളംപേരുടെ പാപസങ്കീർത്തനം ശ്രവിക്കയും നാനൂറുപേരെ മാനസാന്തരപ്പെടുത്തുകയും ചെയ്തു.

അപ്പോഴേക്കും ഫാ. ബ്രിട്ടോ, മധുര മിഷ്യന്റെ ഔദ്യോഗിക സന്ദർശകനായി നിയമിക്കപ്പെട്ടു. സന്ദർശകനെന്നനിലയിൽ വിവിധ വേദപ്രചാരണകേന്ദ്രങ്ങൾ സഞ്ചരിച്ചു്, അവിടത്തെ മിഷ്യൻ പ്രവർത്തനത്തെ ഉത്തേജിപ്പിക്കയും മിഷ്യനറിമാർക്ക് വിദഗ്ദ്ധോപദേശം നൽകുകയുമായിരുന്നു അദ്ദേഹത്തിന്റെ കൃത്യം.

കാമനായിക്കൻപട്ടി എന്ന സ്ഥലമാണ് അദ്ദേഹം ആദ്യമായി സന്ദർശിച്ചതു്. സുപ്പീരിയറായിരുന്ന കാലത്തു് അദ്ദേഹം അവിടെ ഒരു കപ്പേള പണിയിച്ചിരുന്നു. അദ്ദേഹം സന്ദർശകനായി അവിടെച്ചെന്നപ്പോൾ ബോർഗിസ് എന്നൊരു വൈദികനായിരുന്നു അവിടത്തെ മിഷ്യൻജോലി നിർവ്വഹിച്ചിരുന്നതു്. ആ ഡിസ്ട്രിക്ടിലെ അധികാരിയിൽ നിന്നു് പ്രസ്തുത മിഷ്യൻ കേന്ദ്രത്തിനു ധാരാളം ആനുകൂല്യങ്ങളും സഹായങ്ങളും ലഭിച്ചിരുന്നു. ആ സംരക്ഷണത്തിന്റെ സ്മാരകമായി ഒരു ശിലാലിഖിതവും അവിടെ സൂക്ഷിച്ചിരുന്നു.

അധികകാലവിളംബമെന്യേ, അദ്ദേഹം പോണ്ടിച്ചേരിയ്ക്കു പോയതായി കാണുന്നു. പോണ്ടിച്ചേരിയിലെ കാലാവസ്ഥ സുഖകരമാകയാൽ, ഗോവയിൽനിന്നും തന്റെകൂടെ വന്നിരുന്ന യുവവൈദികനെ ചികിത്സക്കായി അങ്ങോട്ടു കൊണ്ടുപോയി. ഫാ. ബ്രിട്ടോയും തന്റെ സ്നേഹിതനെ അനുഗമിച്ചു. ആ യുവവൈദികന്റെ സുഖക്കേടിനു യാതൊരു ശമനവുമുണ്ടായില്ല. അദ്ദേഹം അവിടെവച്ചു് മൃതിയടയുകയാണുണ്ടായതു്.

പോണ്ടിച്ചേരിയിൽവച്ചു് ഫാ. ബ്രിട്ടോ തന്റെ പൂർവ്വസ്നേഹിതനായ ഫ്രഞ്ചുഗവണ്മെന്റ് മാർട്ടിനെ സന്ദർശിച്ചു. ഗവണ്മെന്റുടെ വാക്കുകളിൽ പറഞ്ഞാൽ, അദ്ദേഹത്തിന്റെ ഹൃദയം തന്റെ തന്റെ പ്രിയപ്പെട്ട മറവാക്കാക്കുവേണ്ടി തുടിച്ചുകൊണ്ടിരുന്നതിനാൽ, അദ്ദേഹം ഏറ്റം താമസിയാതെ മറവയിലേയ്ക്കു മടങ്ങിപ്പോന്നു.

തന്റെ പ്രേഷിതവൃത്തിയുടെ അന്തിമരംഗമായ ആ സ്ഥലത്ത് ഫാ. ബ്രിട്ടോ പതിനഞ്ചുമാസക്കാലം തുടർച്ചയായി ധർമ്മപ്രചാരണപര്യടനങ്ങൾ നടത്തി. ആദ്യം അദ്ദേഹം കള്ളർ ജാതിക്കാർ താമസിച്ചിരുന്ന കൂടൽകുടി എന്ന ഗ്രാമത്തിലേയ്ക്കു പോയി. വിദൂരസ്ഥലങ്ങളിൽനിന്നുപോലും, പാപപരിഹാരകർമ്മങ്ങളായ ക്രിസ്ത്യാനികളും സത്യാന്വേഷികളായ അക്രൈസ്തവരും അദ്ദേഹത്തെ അന്വേഷിച്ച് അവിടെ വന്നുകൊണ്ടിരുന്നു. വിശ്രമമെന്നിതനായി അദ്ദേഹം സ്വകൃത്യം നിർവഹിച്ചു. താമസിയാതെ അദ്ദേഹം ഗ്രാമം വിട്ടു.

മൂലാമൂലം അദ്ദേഹം മൂന്നുമാസം തുടർച്ചയായി സഞ്ചരിച്ചതിൽ തന്നെ കഴിച്ചുകൂട്ടേണ്ടിവന്നെന്നും, ഒരു ദിവസം മരണാസന്നനായ ഒരു രോഗിക്ക് അന്ത്യകൂദാശ നൽകുവാനായി പുറപ്പെട്ടപ്പോൾ ഒരു സംഘം പോലീസുകാർ അദ്ദേഹത്തെ അറസ്റ്റു ചെയ്യുവാൻ വന്നെങ്കിലും അദ്ദേഹം അവരിൽനിന്നും രക്ഷപ്പെട്ടുവെന്നും, മറ്റൊരവസരത്തിലും അദ്ദേഹം അതുപോലെയൊരു ആപത്തിൽ കുടുങ്ങിയെന്നും ഫാ. ബ്രിട്ടോ സ്നേഹിതനായ ഫാ. ജോൺ ഡികോസ്റ്റായ്ക്ക് എഴുതിയ എഴുത്തുകളിൽ പ്രസ്താവിക്കുന്നു.

ജ്ഞാനസ്നാനാർത്ഥികളായി പഞ്ചമന്മാരും സവർണ്ണജാതിക്കാരുമായ ജനക്കൂട്ടം എല്ലായിടത്തും അദ്ദേഹത്തെ പിന്തുടർന്നുകൊണ്ടിരുന്നു. രാജാവിന്റെ ബന്ധുമിത്രാദികളുപോലും അക്കൂട്ടത്തിൽപെട്ടിരുന്നവരത്രെ. ക്രിസ്ത്യാനികളുടെ എണ്ണം നാൾക്കുനാൾ വർദ്ധിച്ചതോടുകൂടി അക്രൈസ്തവപുരോഹിതന്മാരുടെ വൈരവും കോപവും പ്രവൃദ്ധമായി. എന്തു മർദ്ദന നടപടികളും സ്വീകരിച്ചും ആ നവീനമതത്തെ അടിച്ചമർത്തുവാൻ അവർ രാജാവിനെ പ്രേരിപ്പിച്ചു.

സമകാലികനായ ഫാ. ഫെയിനസ് പറയുന്നതുപോലെ, ഓരോ ദിവസവും നമ്മുടെ അപ്പോസ്തലനു, ജീവഹാനി നേരിടാവുന്ന ആപത്തുകളെ അഭിമുഖീകരിക്കേണ്ടതായി വന്നു. സമാധാ

നത്തോടുകൂടി രണ്ടുദിവസം തികച്ച് ഒരു സ്ഥലത്തു താമസിക്കുവാൻ അദ്ദേഹത്തിനു കഴിയുമായിരുന്നില്ല"

പീഡനങ്ങളും യാതനകളും നിറഞ്ഞ ഈ കാലഘട്ടത്തിൽ പോലും നമ്മുടെ അപ്പോസ്തലൻ മധുരതമമായ സ്വർഗ്ഗീയാനുഭൂതികളാൽ ഭരിതനായിരുന്നു. അദ്ദേഹം അവികലമായ ശാന്തിയും അവാച്യമായ ആനന്ദവും അനുഭവിച്ചു. ലിസ്ബണിലെ രാജകീയ മാളികകളേക്കാൾ അദ്ദേഹത്തിനു പ്രിയതരമായിരുന്ന മറവയിലെ കാട്ടിലുള്ള അശ്രമങ്ങൾ. മധുരയിലെ വേദപ്രചാരണപ്രവർത്തനങ്ങളും വിപുലവും വല്മാനവുമായി വരുന്നതുകണ്ട് ചരിതാർത്ഥനായ ഫാ. ബ്രിട്ടോ ഭാരതത്തിൽ തനിക്കു ലഭിച്ച മഹനീയമായ സുവിശേഷപ്രചരണസൗഭാഗ്യത്തോടുകൂടി തുലനം ചെയ്യുമ്പോൾ, യൂറോപ്പിൽ തനിക്കു ലഭിക്കുമായിരുന്ന ബഹുമതികൾ എത്രമേൽ നിസ്സാരമാണെന്ന് സ്വയം ആനന്ദാശ്രുക്കളോടുകൂടി പ്രഖ്യാപനം ചെയ്ത ഭാരതമിഷ്യനിലെപ്പോലെ, ദൈവസ്തുതിക്കുവേണ്ടി പ്രവർത്തിക്കുവാൻ ഇത്ര അനുകൂലമായ അവസരം, ലോകത്തിൽ മറ്റൊരിടത്തും ലഭ്യമല്ലെന്നും ആത്മരക്ഷയും സഹോദരന്മാരുടെ രക്ഷയും കാംക്ഷിക്കുന്ന ഒരുവൻ നിശ്ചയമായും ഭാരതമിഷ്യനിൽ തന്നെ ചരണമെന്നും, അദ്ദേഹം, പോർട്ടുഗലിലെ, തന്റെ സംബന്ധിയായ ഒരു സഹോദരനെ എഴുതിയറിയിക്കുകയുണ്ടായി.

ഫാ. ബ്രിട്ടോ മധുരയുടെ അതിർത്തിക്കടുത്തുള്ള 'മുനി' എന്ന സ്ഥലത്തേയ്ക്കു പോയി. അവിടത്തെ ഭരണാധിപൻ മിഷ്യനറിയോട് അനുഭാവമുള്ളയാളായിരുന്നതിനാൽ, ആപച്ചങ്ക കൂടാതെ അദ്ദേഹത്തിന് അവിടെ ധർമ്മപ്രചാരണം നിർവ്വഹിക്കാമായിരുന്നു. ഫാ. ബ്രിട്ടോ അവിടെ ഒരു കപ്പേള പണിയിച്ചു.

ഫാ. ഡി കോസ്റ്റായ്ക്കുള്ള എഴുത്തിൽ, "ഇക്കൊല്ലം ഞാൻ നാലായിരം പേർക്കു ജ്ഞാനസ്നാനം നൽകി" യെന്ന് ഫാ. ബ്രിട്ടോ പ്രസ്താവിക്കുന്നു. മറവയിൽ പതിനഞ്ചുമാസം ദീർഘിച്ച അദ്ദേ

ഹത്തിന്റെ അന്തിമയത്നത്തിൽ ഏണ്ണായിരത്തിലധികം പേർ ക്രിസ്തുമതാവലംബികളായതായി കണക്കാക്കപ്പെട്ടിരിക്കുന്നു.

മറവയിലെ രാജ്യാവകാശം നഷ്ടീവിച്ചു പുറംരാജകുടുംബത്തിൽപെട്ട തടയദേവർ എന്ന യുവരാജാവു്, ബ്രിട്ടോഅച്ചന്റെ നിസ്വാർത്ഥ സേവനങ്ങളിൽ സൂക്ഷ്മമനസനായി, അദ്ദേഹത്തിന്റെ ഉപദേശങ്ങളും വിശദമായി ഗ്രഹിക്കുവാൻ ഔത്സുക്യം പ്രദർശിപ്പിച്ചു.

ആയിടയ്ക്കു് രാജകുമാരന് ഒരു കഠിനരോഗം പിടിപെട്ടു. ക്രിസ്ത്യാനികളുടെ ദൈവത്തിന്റെ സഹായം അഭ്യർത്ഥിക്കാമെന്നു അദ്ദേഹം തീർച്ചപ്പെടുത്തി. തടയദേവരുടെ അപേക്ഷ അനുസരിച്ചു് ഫാ. ബ്രിട്ടോ ഒരു ഉപദേശിയെ അദ്ദേഹത്തിന്റെ വാസസ്ഥാനമായ ശിവപള്ളിയിലേയ്ക്കയച്ചു.

ഉപദേശി വി. യോഹന്നാന്റെ സുവിശേഷത്തിന്റെ ആദ്യഭാഗം വായിച്ചു രോഗിക്കുവേണ്ടി പ്രാർത്ഥിക്കയും ക്രിസ്തീയവിശ്വാസാനുസരണമായ പരിചരണങ്ങളും നടത്തുകയും ചെയ്തു. തത്സമയംതന്നെ തടയദേവർ രോഗവിമോചിതനുമായി.

പ്രത്യക്ഷമായ ഈ അത്ഭുതപ്രകടനത്താൽ മനസ്സിളകിയ തടയദേവർ പുണ്യാത്മാവായ മിഷ്യനറിയെ നേരിട്ടു കാണുവാനും അദ്ദേഹത്തിൽനിന്നു് ജ്ഞാനസ്നാനം സ്വീകരിക്കുവാനും അത്യാകാംക്ഷ പ്രകടിപ്പിച്ചു.

തടയദേവരുടെ മതപരിവർത്തനം മൂലം ഉണ്ടാകാവുന്ന ഗൗരവാവഹമായ സംഭവവികാസങ്ങളെപ്പറ്റി നല്ല നിശ്ചയമുണ്ടായിരുന്നിട്ടും, അദ്ദേഹത്തെ ജ്ഞാനസ്നാനപ്പെടുത്താമെന്നതന്നെ ഫാ. ബ്രിട്ടോ നിശ്ചയിച്ചു.

അദ്ദേഹം തടയദേവരോടൊന്നിച്ചു് കുറെദിവസം താമസിച്ചു് അദ്ദേഹത്തിനു മതോപദേശം നൽകി. ക്രിസ്തുമതത്തിന്റെ നിയമസംഹിതകളും ദൈവികശാസനങ്ങളും ക്രിസ്തു

നികളം അനുഷ്ഠിക്കേണ്ട ജീവിതപവിത്രതയും പരിത്യാഗങ്ങളും അദ്ദേഹം രാജകുമാരനെ ഗ്രഹിപ്പിച്ചു.

തടയദേവക്ക്, സൗന്ദര്യവതികളും ഉന്നതകുലജാതരുമായ അഞ്ച് ഭാര്യമാരുണ്ടായിരുന്നു. അവരിൽ ആദ്യഭാര്യയെ ഒഴിച്ച് മറവള്ളവരെയെല്ലാം ആ ജ്ഞാനസ്നാനാർത്ഥി ഉപേക്ഷിച്ചു. പരിത്യക്തകളായ തരുണികളം കണ്ണുനീരും കൈയുമായി നിന്ന് പുതിയ നിശ്ചയത്തിൽനിന്ന് പിന്തിരിയുവാൻ അദ്ദേഹത്തോട പേക്ഷിച്ചു. ബഹുഭാര്യാത്വം, താൻ സ്വീകരിക്കുവാൻപോകുന്ന ക്രിസ്തുമതത്തിന്റെ അനുശാസനത്തിനു വിരുദ്ധമാകയാൽ അവരെ സ്വീകരിക്കുവാൻ നിവൃത്തിയില്ലെന്നും അവർക്ക സുഖമായി ജീവിക്കുവാൻ വേണ്ട സൗകര്യങ്ങളം നൽകാമെന്നും രാജകുമാരൻ പ്രതിവചിച്ചു.

1693 ജനുവരി 6-ാംതിയതി ഫാ. ബ്രിട്ടോയുടെ കരങ്ങളിൽ നിന്ന് തടയദേവൻ ജ്ഞാനസ്നാനം സ്വീകരിച്ചു.

ഫാ. ബ്രിട്ടോ മുനിയിലേയ്ക്കു മടങ്ങിപ്പോന്നു. ജീവാപായകരമായ പീഡനം തന്നെ വലയംചെയ്തിരിക്കുന്നതായി അദ്ദേഹത്തിനു തോന്നി. രണ്ടുമൂന്നുദിവസത്തിനകം താൻ ബന്ധനസ്ഥനായേക്കുമെന്ന് അദ്ദേഹം തന്റെ ആത്മീയപുത്രരോട പറഞ്ഞു. തങ്ങളുടെ ആത്മീയ പിതാവിനോടൊന്നിച്ച്, പീഡനങ്ങളിൽ സഹകരിക്കുവാൻ അവരെല്ലാം സന്നദ്ധരായി. എങ്കിലും അദ്ദേഹത്തിന്റെ നിർബന്ധപൂർവ്വമായ നിർദ്ദേശപ്രകാരം അവർ സുരക്ഷിതസങ്കേതങ്ങളിലേക്കു പ്രയാണംചെയ്തു.

തടയദേവരുടെ ഭാര്യമാരിൽ രണ്ടുത്തി മറവയിലെ രാജാവായ രഘുനാഥദേവരുടെ ഭാഗിനേയിയായിരുന്നു. അവമാനാകുലയായ അവർ, തടയദേവർ പ്രവർത്തിച്ച അനീതിയെക്കുറിച്ച് രാജമാതുലന്റെ അടുക്കൽ പരാതിപറഞ്ഞു. ഈ അനിഷ്ടസംഭവങ്ങൾക്ക ഹേതുഭൂതനായ ആ 'പരദേശമാന്ത്രികനെപ്പറ്റിയും അവർ ആവലാതിപ്പെട്ടു.

ഹൈന്ദവപുരോഹിതന്മാരുടെ സന്നിധിയിലും അവർ സങ്കടനിവേദനം നടത്തി. രോഷാകുലരായി പ്രതികാരത്തിനുള്ള അവസരം അക്ഷമയോടെ പ്രതീക്ഷിച്ചിരുന്ന പുരോഹിതവൃന്ദത്തിനു ആ പരദേശസന്ന്യാസിയെ നല്ല പാഠം പഠിപ്പിക്കുവാനുള്ള സന്ദർഭം ലഭിച്ചു!

അവർ, പമ്പവനൻ എന്ന ബ്രാഹ്മണന്റെ നേതൃത്വത്തിൽ രാജധാനിയിൽ ചെന്ന് ഫാ. ബ്രിട്ടോ ഹിന്ദുമതവിദ്വേഷകനും വിപ്ലവകാരിയും രാജദ്രോഹിയുമാണെന്ന് രാജസമക്ഷം നിവേദനം ചെയ്തു. ആ പരദേശിയേയും അയാളുടെ അനുയായികളേയും യഥോചിതം ശിക്ഷിക്കാത്തപക്ഷം രാജാവും രാജ്യവും ഈശ്വരകോപത്തിനു പാത്രമാകുമെന്നായിരുന്നു അവരുടെ വിചിത്രമായ വാദഗതി.

ക്രോധാന്ധനായ രാജാവു് സംഹാരപരമായ കല്പന പുറപ്പെടുവിച്ചു. ക്രിസ്ത്യൻ ഭവനങ്ങളെല്ലാം കൊള്ള ചെയ്തു നശിപ്പിച്ചു. കപ്പേളകളും ചുട്ടെരിച്ചു. 'കരുണാകരി'യായ ആ പരദേശസന്ന്യാസിയെത്തേടി ടോന്മാർ നാലു പാടും പാഞ്ഞു. രക്തദാഹം പൂണ്ട ചെന്നായ്ക്കളെപ്പോലെ പടയാളികളും മുനിയിലെ ഫാ. ബ്രിട്ടോയുടെ വസതിയെ വളഞ്ഞു. മനശ്ചാഞ്ചല്യത്തിന്റെയാതൊരു ലാഞ്ഛനയും കൂടാതെ, മന്ദസ്മേരവദനനായി അദ്ദേഹം അവരുടെ അടുക്കലേയ്ക്കു മന്ദംമന്ദം നടന്നുചെന്നു. അദ്ദേഹത്തെ കണ്ട മാത്രയിൽ ക്രൂരന്മാരായ ആ രാജകിങ്കരന്മാർ ഇരയെക്കണ്ട സിംഹങ്ങളെപ്പോലെ അദ്ദേഹത്തിന്റെ മേൽ ചാടി വീഴുകയും നിലത്തു തള്ളിയിട്ട് അദ്ദേഹത്തെ കഠിനമായി മർദ്ദിക്കയും ചെയ്തു. ജോൺ എന്നുപേരുള്ള ഒരു ക്രിസ്തീയയുവാവും പതിനാലു വയസ്സിനുതാഴെ പ്രായമുണ്ടായിരുന്ന രണ്ടു ബാലന്മാരും ഫാ. ബ്രിട്ടോയോടൊന്നിച്ചു ക്രൂരമായി പീഡിപ്പിക്കപ്പെട്ടു.

മിഷ്യൻ രംഗത്തെ അവിശ്രാന്തമായ കായികാദ്ധ്വാനംമൂലം ക്ഷീണിച്ചിരുന്ന ഫാ. ബ്രിട്ടോ, ഈ ദാരുണമായ മർദ്ദനങ്ങളും കൂടെയായപ്പോൾ തീരെ അവശനായി. അദ്ദേഹം കൂടെക്കൂടെ നിലത്തുവീണു, അദ്ദേഹത്തിന്റെ പാദങ്ങളും മുറിഞ്ഞു രക്താസിക്തമായിരുന്നിട്ടും വജ്രഹൃദയന്മാരായിരുന്ന ആ മർദ്ദകന്മാർ ശീഘ്രം നടക്കുവാൻ അദ്ദേഹത്തെ നിർബന്ധിച്ചു.

ബന്ദികളെ ഹനുമന്തകുടി എന്നാ ഗ്രാമത്തിൽ കൊണ്ടുചെന്നു വിഗ്രഹങ്ങളും എഴുന്നള്ളിക്കുന്ന ഒരു രഥത്തിൽ കയറ്റിയിരുത്തി അവർ തെരുവീഥിനിളെ കൊണ്ടുനടന്നു. പകലന്തിയോളം ജനങ്ങളുടെ പരിഹാസവും നിന്ദയും ആ ധന്മ വീരന്മാർ സഹിച്ചു.

നമ്മുടെ അപ്പോസ്തലൻ രാത്രിയിൽ പ്രാർത്ഥനാനിരതനായിരിക്കുമ്പോൾ, പുറത്ത് ആരുടെയോ കാലൊച്ച കേട്ടു. ഉത്തരക്ഷണത്തിൽ അദ്ദേഹത്തിന്റെ പ്രിയതമനായ ശിഷ്യൻ—കനകപ്പൻ—അയാളുടെ ബലിഷ്ഠകരങ്ങളിൽ ആയുധവും വഹിച്ചു നിൽക്കുന്നതായിട്ടാണ് അദ്ദേഹം കണ്ടത്. തന്റെ ആത്മീയ പിതാവിനെ എങ്ങിനെയെങ്കിലും മോചിപ്പിക്കണമെന്നുള്ള ദൃഢനിശ്ചയത്തോടുകൂടിയായിരുന്നു കനകപ്പൻ വന്നത്. തന്നെ മോചിപ്പിക്കുവാൻ ബദ്ധപരികരനായി വന്ന ആ വത്സലശിഷ്യനെ ബന്ദിയായ ഗുരു ശ്ലാഘിക്കയല്ല, ശാസിക്കയാണുചെയ്തത്. ക്രിസ്തുവിന്റെ അപ്പോസ്തലൻ പീഡനങ്ങളുടെ മുമ്പിൽനിന്ന് കള്ളനെപ്പോലെ ഒളിച്ചോടുന്നതു യുക്തമല്ലെന്നും വിശ്വാസസംരക്ഷണത്തിനുവേണ്ടി മരിക്കാൻ തയാറാവുകയാണ് സ്വകർത്തവ്യമെന്നും, സഹനംകൊണ്ടാണ് ആക്രമത്തെ എതിർക്കേണ്ടതെന്നും അദ്ദേഹം ആ സാഹസികനായ ശിഷ്യനെ അനുസ്മരിപ്പിച്ചു.

ജനുവരി 11-ാം തിയതി അവർ തലസ്ഥാന നഗരമായ രാമനാട്ടെത്തി. മരിയദാസൻ, മത്തുപ്പിള്ള, അരുൾനാഥൻ

എന്നിവരേയും ബന്ദികളായി അവിടെ കൊണ്ടുവന്നിരുന്നു. രാജാവു് സ്ഥലത്തില്ലാതിരുന്നതിനാൽ തടവുകാരായ ഏഴുപേരേയും ആഹാരംപോലും ശരിക്കു കൊടുക്കാതെ കാരാഗൃഹത്തിലടച്ചു കർശനമായി സൂക്ഷിച്ചു. രണ്ടാഴ്ച കഴിഞ്ഞു് രാജാവു വന്നു.

ഹിന്ദുപുരോഹിതന്മാരുടെ അമർത്തിവച്ചിരുന്ന ക്രോധവഹ്നി രാജസമക്ഷം വീണ്ടും ആളിക്കത്തുവാൻ തുടങ്ങി. തടയദേവരും അവിടെ സന്നിഹിതനായിരുന്നു. ക്രിസ്തുമതം ഉപേക്ഷിച്ചു ദേവാരാധന ചെയ്യുവാൻ രാജാവു് അദ്ദേഹത്തെ നിർബന്ധിച്ചു. തടയദേവർ വഴിപ്പെടുകയില്ലെന്നു കണ്ടപ്പോൾ, രാജാവു് പുരുഷദേവർ എന്നൊരു നവക്രിസ്ത്യാനിയുടെ നേരെ തിരിഞ്ഞു. ജ്ഞാനസ്നാനംമൂലം അത്ഭുതകരമായ രോഗശാന്തി ലഭിച്ച ഒരാളായിരുന്നു പുരുഷദേവർ. ആദ്യമാദ്യം ദേവാരാധന ചെയ്യുവാൻ അയാൾ വിസമ്മതിച്ചുവെങ്കിലും, രാജാവിന്റെ ഉത്സാഹമായ മർദ്ദനങ്ങളെ യേന്നു് ഒടുവിൽ അതിനു സമ്മതിച്ചു. ആ നിമിഷത്തിൽത്തന്നെ അയാൾ പഴയപടി രോഗഗ്രസ്തനാവുകയും അത്യുരണകരമായ വിധം അത്യുഗ്രാവസ്ഥയെ പ്രാപിക്കയുംചെയ്തു. പശ്ചാത്താപപരവശനായ പുരുഷദേവൻ മുട്ടിന്മേൽനിന്നു ദൈവത്തോടു മാപ്പിരക്കുകയും കരുണയാചിക്കയും ചെയ്തു. തൽഫലമായി ശാരീരികവും ആത്മീയവുമായ ആരോഗ്യം അയാൾക്കു വീണ്ടും ലഭിച്ചു.

ശത്രുസംഹാരിണിയായ ഭദ്രകാളിയുടെ ശക്തിയാലും ഇതര മാന്ത്രിക വിദ്യകൊണ്ടും ഫാ. ബ്രിട്ടോയെ മനുഷ്യകരസ്പർശം കൂടാതെ നിഗ്രഹിക്കാമെന്നു രാജാവും പുരോഹിതന്മാരും വീരവാദം മുഴക്കി. പക്ഷെ പരിഹാസ്യമാംവിധം അവർ പരാജയപ്പെട്ടു. ഭദ്രകാളി പൂജയും ഇതര മാന്ത്രികപ്രയോഗങ്ങളും മുടങ്ങാതെ നടത്തിയിട്ടും അദ്ദേഹത്തിനു് ഒരു ഉപദ്രവവും നേരിട്ടില്ല. ആ പരദേശി ഒരു കടുത്ത മന്ത്രവാദിയാണെന്നു് അവർ ഏകകണ്ഠമായി അഭിപ്രായപ്പെട്ടു. ആ പരദേശമാന്ത്രികനെ വെടിവച്ചു കൊല്ലുവാൻ രാജാവു കല്പനകൊടുത്തു.

തടയദേവർ രാജാവിന്റെ പക്കൽചെന്ന്, നിരപരാധിയായ ആ പുണ്യാത്മാവിനെ വധിക്കുന്നപക്ഷം തന്നെക്കൂടെ വധിച്ചുകൊള്ളണമെന്ന് ശക്തിപൂർവം വാദിച്ചു. രാജ്യത്തിലാകമാനം സുദൃഢമായ സ്വാധീനതയും സമ്മാന്യതയുമുണ്ടായിരുന്ന തടയദേവക്ക് എതിരായി പ്രവർത്തിച്ചാൽ ജനക്ഷോഭമുണ്ടായേക്കുമെന്ന് ഭയപ്പെട്ട്, രാജാവ് ആ കല്പന പിൻവലിച്ചു. ഫാ. ബ്രിട്ടോയെ നാട്ടുകടത്തുവാനായിരുന്ന രാജാവ് അടുത്തതായി ആജ്ഞാപിച്ചത്.


ജനുവരി 29-ാം തീയതി ഒരു സംഘം പടയാളികളും ഫാ. ബ്രിട്ടോയെ, രാജാജ്ഞയനുസരിച്ചു, രാമനാട്ടിൽ നിന്ന് രണ്ടു ദിവസത്തെ വഴിദൂരമുള്ള ഒറിയൂർ എന്ന ഗ്രാമത്തിലേയ്ക്കു കൊണ്ടുപോകുവാൻ ഒരുങ്ങി. സഹപ്രവർത്തകരോട്, വികാരഭരിതനായി അദ്ദേഹം അന്ത്യയാത്ര പറഞ്ഞു. അവരെപ്പിരിഞ്ഞ് ഏകനായി പോകുന്നതിൽ മാത്രമേ അദ്ദേഹത്തിനു കണ്ണീരുണ്ടായിരുന്നുള്ളൂ. ഹൃദയസ്പർശകമായ ആ രംഗം കണ്ടു നിന്ന അക്രൈസ്തവർപോലും കണ്ണുനീർ പൊഴിച്ചുപോയി.

തടയദേവരും മറ്റുചില ക്രിസ്ത്യാനികളും, വഴിമദ്ധ്യേ അദ്ദേഹത്തെ ഗൂഢമായി വധിച്ചേക്കുമെന്നു ഭയന്ന്, അദ്ദേഹത്തിന്റെ കൂടെ ഒറിയൂരേയ്ക്കു പോകുവാൻ ആഗ്രഹിച്ചു. ഫാ. ബ്രിട്ടോ അവരെ അതിന് അനുവദിക്കാതെ, രാമനാട്ടിൽതന്നെ താമസിച്ച് തടവുകാരായ ക്രിസ്ത്യാനികളുടെ മോചനത്തിനായി യത്നിക്കണമെന്ന് ഉപദേശിച്ചു. അവർ രാമനാട്ടിൽ ചെന്ന് അദ്ദേഹത്തിന്റെ ആജ്ഞാനുസരണം പ്രവർത്തിക്കയും തടവുകാരെല്ലാം അചിരേണ വിമോചിതരാവുകയും ചെയ്തു.


ശ്രീരൻ, കനകപ്പൻ, സിലുവായ് നായ്ക്കർ എന്നിവരും തങ്ങളുടെ ആത്മീയപിതാവിന്റെ മോചനത്തിനായി ശ്രമിച്ചു. ഫാ. ബ്രിട്ടോ ഈ വിവരം എങ്ങനെയോ അറിഞ്ഞു. അദ്ദേഹത്തിന്റെ ജീവരക്ഷാർത്ഥം യാതൊരു നടപടിയും സ്വീകരിക്കരുതെന്നും രക്ത

സംക്ഷിതപത്തിന്റെ മഹനീയ ഭാഗ്യത്തിൽനിന്ന് അദ്ദേഹത്തെ വ്യതിചലിപ്പിക്കരുതെന്നും ഫാ. ബ്രിട്ടോ അവരെ എഴുതി അറിയിച്ചു.


എമ്മാനുവൽപിള്ള എന്ന ഒരു ഉപദേശിവശം ഫാ. ലയിനാസും ഫാ. ഡി കോസ്റ്റായും അദ്ദേഹത്തിന് ഓരോ എഴുത്ത് കൊടുത്തയച്ചു. ക്രിസ്ത്യാനികളെ അദ്ദേഹത്തിന്റെ തൽക്കാല സ്ഥിതിയിൽ അനുകമ്പാകുലരായിരിക്കുന്നെന്നും ഏതു മതപീഡനവും സഹിക്കാൻ തയ്യാറായിരിക്കുന്നുവെന്നും ആ കത്തുകളിൽ നിന്നറിഞ്ഞപ്പോൾ നമ്മുടെ പ്രേഷിതനുണ്ടായ ആനന്ദം വാചാമഗോചരമായിരുന്നു.



മുകളിൽ—ഉദയതേവരുടെ ശവകുടീരം. നടുക്ക്—പില്ലരിൽ വിശ്വാസത്തെ പാപ്പിച്ച ജയിൽ. താഴെ—ഒറിയൂരിൽ വിശ്വാസത്തെ ബന്ധിച്ചിട്ട അമ്പലം.



വിശുദ്ധന്റെ പ്രതിമ





ഒറിയൂർ പള്ളി

ഒറിയൂർ ചാപ്പൽ

പള്ളി വിശുദ്ധനെ ശിരശ്ഛേദം ചെയ്ത സ്ഥലത്തുതന്നെയാണ് പണിയുട്ടുള്ളത്.
ചാപ്പൽ പണിയുട്ടുള്ളത് വിശുദ്ധൻ ഒടുവിൽ പ്രാർത്ഥിച്ച സ്ഥലത്തുമാണ്.

അദ്ധ്യായം 13

അന്ത്യബലി

ഫാ. ബ്രിട്ടോ തന്റെ കാൽവരിയിലേയ്ക്കുള്ള പ്രയാണത്തിൽ അസഹനീയമായ യാതനകളും പീഡനങ്ങളും അനുഭവിച്ചു. അദ്ദേഹത്തിന്റെ പാദങ്ങളിലെ മുറിവുകളിൽനിന്ന് രക്തം ധാരധാരയായി ഒഴുകി. രക്തത്തിൽ മുങ്ങിയ അദ്ദേഹത്തിന്റെ കാൽപ്പാടുകളും നിലത്തു വ്യക്തമായിപതിഞ്ഞു. അദ്ദേഹം അസ്സൽരക്ഷനായി കൂടക്കൂടെ നിലത്തുവീണു. ചങ്ങലയാൽ ബന്ധിച്ച് അദ്ദേഹത്തെ ക്രൂരന്മാരായ പടയാളികളും വഴിനീളെ വലിച്ചിഴച്ചു. ഈ ദയനീയമായ കാഴ്ചകണ്ട് അക്രൈസ്തവർപോലും അനുകമ്പാർദ്രരായി. അദ്ദേഹം ജീവനോടുകൂടി ഒറിയൂരെത്തുമോ എന്നുപോലും അവർ സംശയിച്ചുപോയി.

ഒറിയൂരിനു മൂന്നുമൈൽ തെക്കുള്ള ഒരു ഗ്രാമത്തിലെത്തിയപ്പോൾ, ഫാ. ബ്രിട്ടോ ഓടിപോലും വയ്യുവാനാവാത്തവിധം തളർന്നു വീണുപോയി. ഈ ദയനീയസ്ഥിതികണ്ട്, ദയാർദ്രചിത്തയായ ഒരു അക്രൈസ്തവ വനിത ഒരുപാത്രം പാൽ, പടയാളികളുടെ അനുമതിയോടുകൂടി അദ്ദേഹത്തിനു കുടിക്കുവാൻ കൊടുത്തു. അദ്ദേഹം അവളുടെ ഔദാര്യത്തിനു നന്ദിപറഞ്ഞു. ആ ഗ്രാമത്തിന്റെ പേരെന്താണെന്ന് അന്വേഷിച്ചു. പില്ലൂർ എന്നാണെന്ന് ആ സ്ത്രീ പറഞ്ഞു. പില്ലൂർ, പിന്നീടാലത്ത് നെല്ലൂ സുലഭിയായി വിളയുന്ന നെല്ലൂരായിത്തീരട്ടെ എന്ന് അദ്ദേഹം ആശംസിച്ചു. അദ്ദേഹത്തിന്റെ ആശംസ യഥാർത്ഥമായിത്തീർന്നുവെന്ന ഐതിഹ്യം ഘോഷിക്കുന്നു. പില്ലൂർ ഒറിയൂർനിന്നും മൂന്നുനാഴികതെക്കാണ്.

ജനുവരി 31-ാംതീയതി അവർ ഒറിയൂരെത്തി. രാജരഘുനാഥദേവന്റെ സഹോദരനായ ഉദയദേവരായിരുന്നു അവിടത്തെ ഗവർണർ. അയാൾ അന്ധനും മുടന്തനുമായിരുന്നെങ്കിലും ദുഷ്ട

തയിൽ സ്വസഹോദരനെയും അതിശയിച്ചിരുന്നു. ആ പരദേശ സന്യാസിയെ ശിരഃഛേദം ചെയ്തുകൊള്ളണമെന്ന് വിവരിക്കുന്ന രാജകല്പന ഭടന്മാർ അദ്ദേഹത്തെ ഏല്പിച്ചു.

ഉടയദേവർ ഫാ. ബ്രിട്ടോയെ തന്റെ മുമ്പാകെ വരുത്തി അദ്ദേഹത്തോട് സംഭാഷണം ചെയ്തു. രോഗം ശമിപ്പിക്കുന്നതിനുള്ള അദ്ഭുതകരമായ ശക്തി ആ പരദേശ ഗുരുവിനുണ്ടെന്നു കേട്ടിരുന്നതിനാൽ, ഉടയദേവർ, തന്റെ രോഗം സ്വസ്ഥമാക്കുന്നപക്ഷം, അദ്ദേഹത്തെ സ്വതന്ത്രനാക്കാമെന്നും ഗണ്യമായ പാരിതോഷികങ്ങളും നല്കാമെന്നും ഫാ. ബ്രിട്ടോയോട് വാഗ്ദാനം ചെയ്തു. അതിന് ഇന്ദിയനായ അപ്പോസ്തലന്റെ മറുപടി ഇപ്രകാരമായിരുന്നു:— "എനിക്കു രോഗശമനശക്തിയുണ്ടെന്നിരുന്നാൽത്തന്നെയും, നിങ്ങളുടെ ഈടുശൂന്യവാഗ്ദാനങ്ങളും, അപ്രകാരം പ്രവർത്തിക്കുന്നതിന് എനിക്കു പ്രേരകമല്ല. ദൈവത്തിനു മാത്രമേ നിങ്ങളെ സുഖപ്പെടുത്തുവാൻ കഴിയുള്ളൂ. അവിടുത്തെ പ്രഭാവം സീമാതീതമത്രെ."

അപ്രതീക്ഷിതമായ ഈ പ്രത്യുത്തരിയാൽ പരിതാപവും ആശാഭംഗവും തോന്നിയ ഉടയദേവർ, ആ ഇന്ദിയനെ തൽക്ഷണം കാരാഗൃഹത്തിൽ കൊണ്ടുപോയി വധിക്കുന്നതിനുള്ള ഒരുക്കങ്ങളും ചെയ്യുന്നതിന് ആജ്ഞാപിച്ചു. എങ്കിലും ആ നിർദ്ദോഷിയെ മർദ്ദിക്കരുതെന്ന് ഉടയദേവന്റെ പ്രഥമഭാര്യ അഭ്യർത്ഥിച്ചതനുസരിച്ച്, ബ്രിട്ടോ അച്ചന്റെ വധം മൂന്നുദിവസത്തേയ്ക്കുകൂടി നീട്ടിവയ്ക്കുവാൻമാത്രം അയാൾ സമ്മതിച്ചു.

ഫെബ്രുവരി ൨൰ാം തീയതി ഒറ്റയൂർ ജയിലിൽ കിടന്നുകൊണ്ട് ഫാ. ബ്രിട്ടോ മധുര മിഷ്യൻ സുപ്പീരിയറായ ഫാ. ലയിനാസിനും, ഫാ. ഡിക്രൂസ്സ്യൂസ്സിനും ഓരോ കത്തെഴുതി. മഷിക്കു പകരം കരി കലക്കിയ വെള്ളവും, പേനയ്ക്കു പകരം കൂർത്ത വയ്ക്കോൽ കഷണവുമാണ് അദ്ദേഹം ഉപയോഗിച്ചത്. അദ്ദേഹം അനുഭവിച്ച പീഡനങ്ങളുടെ ഒരു സാമാന്യവിവരണം ആ കത്തിൽ

ളുകളിൽ അടങ്ങിയിരുന്നു. "പടയാളികൾ എന്നെ കുറ്റമായി സൂക്ഷിക്കുന്നു. കൂടുതലായി എഴുതുവാൻ എനിക്കു നിവർത്തിയില്ല. ഒടുവിൽ അങ്ങേയ്ക്കു തുണയായിരിക്കട്ടെ! അങ്ങയുടെ ജൈത്രയാത്രയിലെ ആശിസ്സുകളും ദിവ്യബലിയിലെ പ്രാർത്ഥനകളും ഞാൻ യാചിക്കുന്നു." എന്നു ഫാ.. ഘയിനാസ്സിനുള്ള കത്തും,

"സന്തോഷപ്രദമായ ആ സുദിനം പ്രതീക്ഷിച്ചു ഞാൻ ജയിലിൽ കഴിയുന്നു. അങ്ങയുടെയും വന്ദ്യനായ പ്രൊവിൻഷ്യലച്ചന്റെയും മറ്റു വൈദികരുടെയും അനുഗ്രഹങ്ങളും ഞാൻ എപ്പോഴും യാചിക്കുന്നു. ദിവ്യബലിയിൽ ഈയുള്ളവനെ അനുസ്മരിച്ചുകൊള്ളണമേ! മിശിഹായിൽ ആത്മാർത്ഥതയായി തന്നെ ഞാൻ വർത്തിക്കുന്നു. ആ പ്രമോദം എന്നെ പ്രവൃദ്ധോത്സേഷനാക്കുന്നു. ദേവന്മാർ എപ്പോഴും എന്നെ വളഞ്ഞിരിക്കയാണ്. അതുകൊണ്ടു ഞാൻ കൂടുതലായി എഴുതുന്നില്ല. ഈ എഴുത്തു് എന്റെ എല്ലാ സഹോദരന്മാർക്കുമുള്ളതാണ്. എന്റെ പ്രിയപ്പെട്ട സഹോദരാ, ആത്മാശംസകൾ!" എന്നു ഫാ. ഡിഗോസ്സായ്ക്കുള്ള കത്തും. അദ്ദേഹം സമാപിക്കുന്നു.

ഫെബ്രുവരി 4-ാം തീയതി ഉദയദേവർ നമ്മുടെ പുണ്യാത്മാവിനെ വധിക്കുവാനായി അഞ്ചു കൊലയാളികളെ ഏല്പിച്ചു. തലേദിവസം രാത്രി മുഴുവൻ നിദ്രാരഹിതനായി അദ്ദേഹം പ്രാർത്ഥിക്കയായിരുന്നു.

പിറേറദിവസം രാവിലെ തനിക്കുണ്ടായിരുന്ന നല്ല കുപ്പായവും ധരിച്ചു്, അദ്ദേഹം മരണയാത്രയ്ക്കൊരുങ്ങി. ഉച്ചയോടുകൂടി ആരാച്ചാരന്മാർ വന്നു. "ഞാൻ ഇതാ തയ്യാറായിരിക്കുന്നു" എന്നു മധുരമായ ഒരു മന്ദസ്മിതത്തോടുകൂടി അദ്ദേഹം അവരോടു പറഞ്ഞു.

ഒരിയൂർ കോട്ടയിൽനിന്നു സാമാന്യം ദൂരത്തു് പാമ്പരു നദിതിരത്തുള്ള ഒരു ചെറിയ മണൽക്കുന്നായിരുന്നു നമ്മുടെ പുണ്യവാന്റെ അന്തിമയാഗവേദി. രക്തസാക്ഷിമകുടത്തിൽ

ദത്തവീക്ഷണനായി, സന്തുഷ്ട ചിത്തനായി, ശാരീരികക്ഷീണം പോലും വകവയ്ക്കാതെ ഫാ. ബ്രിട്ടോ കൊലക്കളത്തിലേയ്ക്ക് അതിശീഘ്രം നടന്നു.

ആ കൈതപ്പണം കാണുവാനായി അസംഖ്യം ആളുകൾ അവിടെ കൂടി. പ്രാർത്ഥിക്കുവാൻ അല്പ സമയം അനുവദിക്കണമെന്ന് ഫാ. ബ്രിട്ടോ ആരാച്ചാരന്മാരോട് ആവശ്യപ്പെട്ടു.

അദ്ദേഹം അല്പം അകലെമാറി മുട്ടിന്മേൽനിന്നു പ്രാർത്ഥിച്ചു. അദ്ദേഹത്തിന്റെ വദനം ദിവ്യപ്രഭാതത്താൽ ഭരിതവും ഭാസുരവുമായി. ആ ദിവ്യയോഗി അന്തിമമായ പോരാട്ടത്തിനു തയാറായി.

ബാഷ്പപൂർണ്ണമായ നയനങ്ങളോടുകൂടിയല്ലാതെ അക്കൈസ്തവർക്കുപോലും ആ രംഗത്തു നിൽക്കുവാൻ സാധിച്ചില്ല. ശോകാത്മകമായ അവിടത്തെ ശ്മശാനമൂകതയെ വധോദ്യതരായ പടയാളികളുടെ ക്രോധാട്ടഹാസങ്ങൾ മാത്രമേ ഞെട്ടിച്ചുള്ളൂ.

ആരാച്ചാരന്മാർ തയാറായി. ഒരാൾ വാളെടുത്തുകഴിഞ്ഞു. പക്ഷേ അദ്ദേഹം അപ്പോഴും പ്രാർത്ഥനയിൽ നിർലീനനായിരിക്കുന്നതു കണ്ട് പ്രകമ്പിതനായി പിന്നോക്കം മാറി.

വിനാവിളംബം, നമ്മുടെ പുണ്യവാൻ കുരിശിന്റെ അടയാളംവച്ചു്, പ്രാർത്ഥന സമാപിപ്പിച്ചശേഷം, എഴുന്നേറ്റ് ആരാച്ചാരന്മാരെ ആശ്ലേഷിച്ചുകൊണ്ടു പറഞ്ഞു:— "ഇതാ, എന്റെ സഹോദരന്മാരെ, ഇനി നിങ്ങളുടെ ഇഷ്ടംപോലെ പ്രവർത്തിച്ചുകൊള്ളുക".

മദ്യമത്തരായ ആ നരാധമന്മാർ, ആദ്യമായി അദ്ദേഹത്തിന്റെ കൃപായം വലിച്ചുകീറി. അദ്ദേഹം കഴുത്തിൽ ഒരു ചെറിയ അരുളിക്ക ധരിച്ചിരുന്നതു കണ്ടപ്പോൾ, അതു് മാസ്മരശക്തിയുള്ള വല്ല മായാവസ്തുവുമായിരിക്കുമെന്ന് ആരാച്ചാരന്മാർ ശങ്കിച്ചു. ഖഡ്ഗധാരിയായ ഒരാൾ, അതു കെട്ടിയിരുന്ന ചരടു മുറിക്കുവാൻവേണ്ടി ഒന്നുവെട്ടി. ആ വെട്ട് അദ്ദേഹ

ത്തിന്റെ കഴുത്തിൽക്കൊണ്ടു. മുറിവിൽനിന്ന് രക്തധാരാളമായി പ്രവഹിച്ചു. എന്നിട്ടും അവരുടെ ഭയം തീർന്നില്ല. കൂപാണങ്ങളും നിരുപയോഗമായാൽ, പ്രയോഗിക്കുന്നതിനായി ഒരു വലിയ മഴുവും അവർ കരുതിയിരുന്നു.

പ്രേഷിതപ്രവരനായ ഫാ. ബ്രിട്ടോ സ്വാർത്ഥചിന്താനിരതനായി മരണകരമായ താഡനം ഏൽക്കുവാൻ തയാറായി മുട്ടിന്മേൽ നിന്നിരുന്നു.

ജനക്കൂട്ടത്തിനിടയിൽനിന്ന് രണ്ടു മറവാ ക്രിസ്ത്യാനികൾ, അടക്കവയ്യാത്ത വികാരാവേശത്തോടുകൂടി ഗുരുനാഥന്റെ അടുക്കൽ ചെന്നു മുട്ടുകുത്തി. അദ്ദേഹത്തോടൊപ്പം തങ്ങളെയും വധിച്ചുകൊള്ളുവാൻ അവർ ആംഗ്യഭാഷയിൽ പറഞ്ഞു.

ആംഗ്യഭാഷക്കാരിൽ പ്രധാനിയായ പെരുമാൾ കടമ്പൻ ഒട്ടും താമസിയാതെ ഫാ. ബ്രിട്ടോയുടെ കണ്ഠത്തിൽ ആഞ്ഞൊരു വെട്ടുകൊടുത്തു. പക്ഷേ ശരീരത്തിൽനിന്ന് ശിരസ്സ് ഛേദിക്കപ്പെട്ടില്ല. രണ്ടാമതും വെട്ടി. വിശുദ്ധന്റെ ശിരസ്സ് ഛേദിക്കപ്പെട്ട നമ്മുടെ സിലുവന്റെ കരചരണങ്ങൾകൂടി അവർ മുറിച്ചുകളഞ്ഞു. വിശുദ്ധന്റെ തലയും ശരീരവും, അദ്ദേഹം അവസാനമായി പ്രാർത്ഥിച്ച സ്ഥലത്തു് ഒരു കുഴിമാന്തിൽ അവർ കെട്ടിത്തൂക്കി. അതോടെ ആ നരാധമന്മാരുടെ ക്രിരാതചിതമായ ജോലിതീർന്നു.

പുണ്യവാനോടുകൂടി മരിക്കുവാൻ തയ്യാറായി പ്രകടിപ്പിച്ച ആ രണ്ടു ക്രിസ്ത്യാനികളെയും പിടിച്ചുകെട്ടിക്കൊണ്ടു്, കൃതകൃത്യരായ ആ കിങ്കരന്മാർ, ഉടയദേവരുടെ മുമ്പിൽ ഹാജരായി. അയാളും ധർമ്മവീരന്മാരായ ആ ക്രിസ്ത്യാനികളുടെ മൂക്കും ചെവിയും ചെത്തിയശേഷം അവരെ വിട്ടയച്ചു. അവരിൽ ഒരാൾ പുണ്യവാന്റെ വധസ്ഥലത്തു മടങ്ങിവന്നു, അദ്ദേഹത്തിന്റെ കൈകാലുകൾ കണ്ടെടുത്തു് മാറു പുണ്യവശിഷ്ടങ്ങളോടു ചേർത്തുവച്ചിട്ടു് ദീർഘനേരം ആ പുണ്യസ്ഥലത്തു പ്രാർത്ഥനാനിർല്ലീനനായി വർത്തിച്ചു.

അങ്ങനെ 1693 ഫെബ്രുവരി 4-ാം തിയതി വിട്ടുപി ബുധനാഴ്ച പുണ്യവാനായ ജോൺ ഡി ബ്രിട്ടോ രക്തസാക്ഷി മകുടമണിഞ്ഞു.

അദ്ദേഹത്തിന്റെ ധർമ്മസാക്ഷിത്വവൃത്താന്തം സ്വസഹോദരങ്ങളെ അറിയിക്കുന്നതിനായി മധുരമിഷ്യൻ സുപ്പീരിയർ ഫാലയിനാസ് എഴുതിയ എഴുത്തിൽ ഇപ്രകാരം പറയുന്നു!

"നമ്മളും അദ്ദേഹത്തെപ്പോലെ നാടും വീടും വിട്ട് ഇവിടെ വന്നു. അദ്ദേഹത്തെപ്പോലെ, രക്തസാക്ഷികളായി മരിക്കുന്നതിനും അദ്ദേഹത്തിന്റെ സ്വർഗ്ഗീയ സൗഭാഗ്യത്തിൽ ഭാഗഭാക്കാവുന്നതിനും നമ്മളും ആഗ്രഹിക്കുന്നുണ്ടാവും. ദൈവത്തിന്റെ അനന്തമായ കരുണാപൂരം നമുക്കും ആ ഭാഗ്യം കൈവരുത്തുമാറാകട്ടെ.....മറവായിലെ ക്രിസ്ത്യാനികൾ അദ്ദേഹത്തിന്റെ നിര്യാണംമൂലം നിസ്സഹായരും ദുഃഖിതരുമായിരിക്കുന്നു. ഈ നാട്ടിലെ ആദ്യത്തെ ധർമ്മസാക്ഷിയുടെ രക്തം ഈ നാട്ടിന്റെ രക്ഷയ്ക്കുപകരിക്കുന്നതിനും അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥം വഴിയായി, ജനങ്ങൾ, അദ്ദേഹത്തെപ്പോലെ ധൈര്യശാലികളായി അദ്ദേഹം നടത്തിയിരുന്ന കൃത്യങ്ങൾ അഭംഗമായി തുടർന്നു നടത്തുന്നതിനും നമുക്ക് ലോകരക്ഷകനായ മിശിഹായോട് പ്രാർത്ഥിക്കാം."

അദ്ധ്യായം 14

ഒരു പ്രത്യവലോകനം

പുണ്യവാനായ ജോൺ ഡി ബ്രിട്ടോയുടെ ജീവിതത്തേയും വ്യക്തിത്വത്തെയും കേന്ദ്രീകരിച്ചുകൊണ്ട് പുനരവലോകനം ചെയ്യുവാനാണ് നമ്മുടെ അടുത്ത ഉദ്യമം.

കിളരംകുടാത്ത ശരീരം, കേന്ദ്രപ്രസാദം കുറഞ്ഞ രൂപം, കറുത്തിരുണ്ട തലമുടിയും താടിമീശയും, സാമാന്യം നീണ്ടമുഖം, ഉന്മേഷതേജോർദ്രമായ അധരപുടങ്ങൾ, ചെറുതെങ്കിലും പ്രകാശമാനമായ നയനങ്ങൾ ഇതായിരുന്നു അദ്ദേഹത്തിന്റെ ബാഹ്യാകൃതി. അദ്ദേഹത്തിന്റെ മുഖത്തു് ഒന്നൈസർഗ്ഗികമായ കുലീനതയും നൈർമ്മല്യവും കളിയാടിയിരുന്നു. പുണ്യവാന്റെ സ്വരം സൗമ്യവും സമാകർഷകവും, സംഭാഷണം സജീവവും ഹൃദയാവർജ്ജകവുമായിരുന്നു.

അദ്ദേഹത്തിന്റെ പുണ്യപരിപൂർണ്ണതയുടെ കാതലായും കേന്ദ്രമായും വർത്തിച്ചതു ഈശോയോടുള്ള ഉജ്ജ്വലവും നിർഭരവുമായ സ്നേഹമായിരുന്നു. ആ സ്നേഹമായിരുന്നു നമ്മുടെ വിശുദ്ധനെ ഈശോസഭയിലേയ്ക്കു നയിച്ചതും, ദൈവത്തിനും ദൈവരാജ്യത്തിനുംവേണ്ടി മാത്രം ആജീവനാന്തം പ്രയത്നിക്കുവാൻ പ്രോത്സാഹിപ്പിച്ചതും. പീഡകളും സഹിക്കുന്നതിനും കേന്ദ്രസാക്ഷിയായി മരിക്കുന്നതിനുമുള്ള തീവ്രമായ അഭിവാഞ്ഛ അദ്ദേഹത്തിൽ ഉണ്ടായിരുന്നതും ഉത്തേജകമാകുവാനും കാരണം ഈ സ്നേഹമായിരുന്നു.

"മധുരമിഷ്യനാണ് എന്റെ മാതൃഭൂമി. സ്വർഗ്ഗത്തിലേക്കുള്ള എന്റെ പുനർജനനത്തിന്റെ സ്ഥലമാണത്. അവിടെവച്ച് ഞാൻ എന്റെ രക്ഷകനുവേണ്ടി എന്റെ രക്തം ചിന്തും". എന്നു് നമ്മുടെ പുണ്യവാൻ പോർട്ടുഗലിലെ തന്റെ സഹോദരന്മാരോടു് ഒരിക്കൽ പറയുകയുണ്ടായി.

ഒരിക്കൽ വിശുദ്ധന്റെ അനുഗ്രഹം വാങ്ങുവാനായി ഒരു കുട്ടിയെ അദ്ദേഹത്തിന്റെ പക്കൽ കൊണ്ടുചെന്നു. ആ കുട്ടിയുടെ കൈ അദ്ദേഹത്തിന്റെ തടിമീശയെ സ്പർശിച്ചു. ഉടനെ അദ്ദേഹം ഇങ്ങനെ പറഞ്ഞു:— "എന്റെ മിശയിൽ തൊടരുത്. എന്റെ താടിമീശയും തലയും മറവരാജാവിനുവേണ്ടി ഞാൻ സൂക്ഷിച്ചിരിക്കയാണ്".

ക്രിസ്തുവിന്റെ ശിഷ്യന്മാരുടെയും സഹോദരന്മാരുടേയും ഗണത്തിൽ എണ്ണപ്പെടുന്നതാണ് യഥാർത്ഥമായ ആഭിജാത്യമെന്ന് അദ്ദേഹം പറയാറുണ്ടായിരുന്നു. ഈശോക്കു പ്രിയപ്പെട്ട അനുഗാമിയാകുവാൻവേണ്ടി നമ്മുടെ സിഞ്ഞൻ പോർട്ടുഗലിലെ പ്രലോഭനീയങ്ങളായ രാജകീയോദ്യോഗങ്ങളും തിരസ്കരിക്കയും ലോകത്താൽ വിസ്മരിക്കപ്പെടുവാൻ ആഗ്രഹിക്കയും ചെയ്തു.

ബഹുമതികളും അദ്ദേഹം തീരെ ഇഷ്ടപ്പെട്ടിരുന്നില്ല. ഒരിക്കൽ ഫെർണാണ്ടോ, ഒരു ഏഴുത്തിൽ 'പ്രൊക്കുറേറർ ജനറൽ' എന്ന് ഔദ്യോഗികമായി നമ്മുടെ വിശുദ്ധനെ സംബോധന ചെയ്യുകയുണ്ടായി. അതിനു മറുപടിയായി വിശുദ്ധൻ ഇപ്രകാരം എഴുതി.

"എന്റെ ചേട്ടാ, 'ഈശോസഭയിലെ ഫാ. ബ്രിട്ടോ' എന്നു മാത്രം എനിക്ക് എഴുതിയാൽ മതി."

അങ്ങനെ വിശുദ്ധ ജോൺ ഡിബ്രിട്ടോ നിഷ്കപടഹൃദയനും പ്രഗത്ഭമതിയുമായ ഒരു ധർമ്മിഷ്ഠനായി, ആത്മാക്കളുടെ രക്ഷയിൽ അതീവ ശ്രദ്ധാലുവും ദൈവസ്നേഹതീക്ഷ്ണം ജ്വലിപ്പിക്കുന്നവനുമായ ഒരു അപ്പോസ്തല പ്രമുഖനായി, രണ്ടാമത്തെ ഫ്രാൻസിസ് സേവ്യറായി നമ്മുടെ മുമ്പിൽ വിരാജിക്കുന്നു.

അദ്ധ്യായം 15

ധന്യതപം—പുണ്യവതം

പുണ്യവാന്റെ ഭൗതികാവശിഷ്ടങ്ങളും ക്രിസ്തീയനികും കൈക്കലാക്കാതിരിക്കുവാനായി ഉടയദേവന്റെ മന്ത്രി കശ്മനമായ കാവൽ ഏർപ്പെടുത്തി. മൃതശരീരം സൂക്ഷിച്ചിരുന്നിടത്തു നിന്ന് രാത്രിയിൽ എന്തോ ഒരു പ്രകാശവിശേഷം ഉദ്ഗമിക്കുന്നതുകണ്ട് കാവൽക്കാർ ആ വിവരം മന്ത്രിയെ ധരിപ്പിച്ചു. മൃതശരീരം കഴുമരത്തിൽനിന്ന് താഴെയിറക്കി മണ്ണിൽ നിക്ഷേപിക്കുവാൻ അയാൾ ആജ്ഞാപിച്ചു. പൂജ്യാവശിഷ്ടങ്ങളിൽ നിന്ന് ഒരു സൗരഭ്യം പരിസരങ്ങളിലേയ്ക്കു പ്രസരിച്ചു. ഘോരമായ ഒരു മഴ വന്നപ്പോൾ കാവൽക്കാർ ആ സ്ഥലം വിട്ടു. പുണ്യവാന്റെ തലയോട്ടും എതാനും അസ്ഥികളും നീക്കി ബാക്കിയുള്ള ഭാഗങ്ങളും വന്യമൃഗങ്ങളും ഭക്ഷിച്ചു.

ക്രിസ്ത്യാനികൾ ശ്രദ്ധയോടെ ആ സ്ഥലത്തുവന്ന് അമൂല്യനിധികളായ പുണ്യവാന്റെ തലയോട്ടും അസ്ഥികളും ശേഖരിച്ചു. മൃതദേഹം കെട്ടിത്തൂക്കിയ ചങ്ങലയും അവർക്കു കിട്ടി. പുണ്യവാനെ വധിക്കുവാൻ ഉപയോഗിച്ച വാളും ഘാതകനായ പെരുമാൾ കടമ്പന്റെ കൈയിൽ നിന്ന്, ധനമായ ഒരു പ്രതിഫലം കൊടുത്ത് അവർ കരസ്ഥമാക്കി. ആ പുണ്യവസ്തുക്കൾ പോണ്ടിച്ചേരിയിലേക്കു കൊണ്ടുപോയി. അഫിരേണ ആ തിരുശേഷിപ്പുകൾ ഗോവയിലെ പഴയ സെന്റ് പോൾസ് കോളേജിലേയ്ക്കു മാറ്റി. അങ്ങനെ ഭാരതാപ്പോസ്തലനായ വി. ശൗരിയാരുടെ പൂജ്യാവശിഷ്ടങ്ങൾ വിശ്രമിക്കുന്നിടത്തുതന്നെ, അദ്ദേഹത്തിന്റെ അനുഗാമിയായ വി. ജോൺ ഡിബ്രിട്ടോയുടെ ഭൗതികാവശിഷ്ടവും സ്ഥിതി ചെയ്യുന്നുണ്ട്.

പുണ്യവാന്റെ ചരമവാർത്ത പോർട്ടുഗലിൽ എത്തിയപ്പോൾ ദുഃഖമല്ല, ആത്മപ്രബുദ്ധതയും ആനന്ദാവേശവുമാണു

സംജാതമായത്. പീഡ്രോ രാജാവു രക്തസാക്ഷിയുടെ മാതാവിനെ തത്ക്ഷണം തന്റെ കൊട്ടാരത്തിലേക്കു ക്ഷണിച്ചു വരുത്തി. തന്റെ പുത്രന്റെ കിത്തിപ്രഭാവം കാണുന്നതിനിടയാക്കിയതിനു ഡോണാ ബ്ലയിറ്റിക്സ് ദൈവത്തിനു നന്ദിപറഞ്ഞു. അവർ വിശേഷവസ്ത്രങ്ങൾ ധരിച്ചു രാജസന്നിധിയിൽ ഹാജരായി. രാജാവു ഏറ്റവും ബഹുമാനാദരങ്ങളോടുകൂടി അവരെ സ്വീകരിക്കയും ഉത്തമരക്തസാക്ഷിയുടെ അമ്മയാകുന്നതിനുള്ള ഭാഗ്യം ലഭിച്ചതിൽ അനുമോദിക്കയും ചെയ്തു.

ഏതാനും കൊല്ലങ്ങൾക്കുശേഷം ഫാ. ജോൺ ഡിക്കോസ്റ്റാ പ്രൊക്കുറേറ്ററായി ലിസ്ബണിൽ ചെന്നപ്പോൾ പുണ്യവാന്റെ ശിരച്ഛേദം ചെയ്ത ഖഡ്ഗവും കൊണ്ടുപോയിരുന്നു. അദ്ദേഹം അതു പീഡ്രോരാജാവിനു സമ്മാനിച്ചു. രാജാവു രണ്ടു കൈയും നീട്ടി ആ പൂജ്യനിധി വാങ്ങി ആനന്ദപൂർവം ചുംബിച്ചു. അത്, ഈശോ സഭയിലെ യുവസഹോദരങ്ങളിൽ പ്രേഷിതപ്രബുദ്ധത ജനിപ്പിക്കുവാൻ സഹായകമായിരിക്കുമെന്നു പറഞ്ഞുകൊണ്ടു പീഡ്രോ രാജാവു ആ പൂജ്യവസ്തു ഭരതാവിനെതന്നെ തിരിച്ചു കൊടുത്തു.

ഇൻഡ്യയുടെ നാനാഭാഗത്തുനിന്നും ആയിരക്കണക്കിനു ക്രിസ്ത്യാനികളും മറിയുരേയ്ക്കു തീർത്ഥയാത്ര പൊയ്ക്കൊണ്ടിരുന്നു. ഹിന്ദുക്കളും പോലും ആ പുണ്യസ്ഥലം സന്ദർശിക്കുകയതിൽ തല്പരരായിരുന്നു. നമ്മുടെ പുണ്യവാന്റെ മദ്ധ്യസ്ഥം വഴിയായി നിരവധി രോഗശമനങ്ങളും മറ്റു അത്ഭുതങ്ങളും സംഭവിച്ചതായി ദൃക്സാക്ഷികളും രേഖപ്പെടുത്തിയിട്ടുണ്ട്. ഗ്രന്ഥവിസ്തൃതിയെ ഭയന്ന് അതൊന്നും ഇവിടെ വിവരിക്കണമെന്ന് വിചാരിക്കുന്നില്ല.

അധികകാലവിളംബംകൂടാതെ ഫാ. ജോൺ ഡിബ്രിട്ടോയെ അനുഗ്രഹിതനെന്നു നാമകരണം ചെയ്യുവാനുള്ള പ്രാരംഭനടപടികൾ തുടങ്ങി. ഗോവാ മെത്രാപ്പോലീത്താ, മൈലാപ്പൂർ മെത്രാൻ, കൊച്ചിമെത്രാൻ മുതലായ മതാദ്ധ്യക്ഷന്മാർ വിശ്വ

ഞന്റെ പരിശുദ്ധ ജീവിതത്തെയും അദ്ദേഹം വഴിയായി ലഭിച്ച അനുഗ്രഹങ്ങളേയും കുറിച്ച് സൂക്ഷ്മമായി അന്വേഷിച്ച് റിപ്പോർട്ട് തയാറാക്കി. വിശുദ്ധന്റെ സഹമർദ്ദിതർ, അനുയായികൾ മുതലായി ഒട്ടേറെ ദൃക്സാക്ഷികളുടെ മൊഴികളും അവർ ശേഖരിച്ചു. ഈ രേഖകളും റോമിലേ റീത്തുകളുടെ തിരുസ്സംഘത്തിന് അയച്ചു കൊടുത്തു.

പോർട്ടുഗീസ് രാജാവും രാജ്ഞിയും മറ്റു പല മെത്രാന്മാരും ഇതുസംബന്ധിച്ച് പരിശുദ്ധപിതാവിന് നിവേദനം സമർപ്പിച്ചു.

കൊടുങ്ങല്ലൂർ, മൈലാപ്പൂർ എന്നീ സ്ഥലങ്ങളിലെ മെത്രാന്മാർക്ക്, ഫാ. ജോൺഡിബ്രിട്ടോയെ സംബന്ധിച്ച് ഔദ്യോഗികമായ പര്യാന്വേഷണങ്ങളും നടത്തി റിപ്പോർട്ട സമർപ്പിക്കുവാൻ അധികൃതമായ ആജ്ഞ ലഭിച്ചു. അവരുടെ റിപ്പോർട്ടുകളും റോമിലെ തിരുസംഘം അംഗീകരിച്ചു.

നിയമാനുസൃതമായ ചർച്ചകൾക്കും പരീക്ഷണങ്ങൾക്കും ശേഷം 1853 ആഗസ്റ്റ് 21-ാം തീയതി പത്രോസിന്റെ ബസ്ലിക്കായിൽ വച്ച് ഒൻപതാം പിയൂസുമാർപ്പാപ്പാ തിരുമനസ്സുകൊണ്ട് ജോൺ ഡിി ബ്രിട്ടോയെ അനുഗ്രഹീതൻ എന്ന പ്രഖ്യാപനം ചെയ്തു.

വിശുദ്ധന്റെ പ്രേഷിതരംഗമായ മധുരയിലും അതു സംബന്ധിച്ച് ആഘോഷങ്ങളും അത്യാഡംബരപൂർവ്വം കൊണ്ടാടപ്പെട്ടു.

1734-ൽ മറവയിലെ രാജാവായ കടദേവർ വിശുദ്ധന്റെ മാദ്ധ്യസ്ഥം മൂലം ലഭിച്ച അനുഗ്രഹങ്ങളാൽ കൃതജ്ഞതാഭരിതനായി, പുണ്യവാന്റെ വധസ്ഥലത്ത് ഒരു പള്ളി പണിയിച്ചു. പിൽക്കാലത്ത് ഈ പള്ളി പുതുക്കിപ്പണിയുകയും വിശുദ്ധൻ അവസാനമായി പ്രാർത്ഥിച്ച സ്ഥലത്ത് ഒരു കുരിശു നിർമ്മിക്കയും ചെയ്തു.

അദ്ദേഹത്തിന്റെ വധശിക്ഷ നടത്തിയ ഉദയദേവരുടെ ശവകുടീരവും അതിനടുത്തുതന്നെ കാണാം. അയാൾ ആ

സ്ഥലം തിരഞ്ഞെടുത്തത് അവിടെ വരുന്ന തീർത്ഥകന്മാർ അയാളുടെ ഔതികാവശിഷ്ടങ്ങളെ ചവിട്ടി നിന്ദിക്കുന്നതിനും അങ്ങനെ അദ്ദേഹത്തിന്റെ ശ്ലോമാപരാധത്തിനു പൊറുതി ലഭിക്കുന്നതിനും വേണ്ടിയായിരുന്നുവെന്ന് പറയപ്പെടുന്നു.

അനുഗ്രഹീതനായ ജോൺ ഡി ബ്രിട്ടോയുടെ മാദ്ധ്യസ്ഥ്യം വഴിയായി ഭാരതീയർ പിന്നെയും സംഖ്യാതീതമായ അനുഗ്രഹങ്ങളും പ്രാപിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തെ വിശുദ്ധനെന്നു നാമകരണം ചെയ്യുന്നതിനുള്ള പരിശ്രമങ്ങളും അതോടൊപ്പം പുരോഗമിച്ചുകൊണ്ടിരുന്നു. തൽഫലമായി 1947 ജൂൺ 24-ാം തീയതി പന്ത്രണ്ടാം പിയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു അനുഗൃഹീതനായ ജോൺ ഡി ബ്രിട്ടോയ്ക്കു പൂണ്യപട്ടം നൽകി.

ഭാരതപ്പോസ്തലന്മാരായ സെൻറ് തോമസ്, സെൻറ് ഫ്രാൻസിസ് സേവ്യർ എന്നിവരുടെ പിൻഗാമിയായി ഭാരതത്തിന്റെ മാനസാന്തരത്തിനായി പതിനഞ്ചുവർഷക്കാലം നിരന്തരയത്നം ചെയ്ത് അമ്പഴക്കാട്ടും തോപ്പിലും താമസിച്ച് തന്റെ പാദസ്പർശത്താൽ നമ്മുടെ മാതൃഭൂമിയെ ധന്യമാക്കി, ഭാരതത്തിൽ വച്ച്, ഭാരതത്തിനു വേണ്ടിത്തന്നെ രക്തസാക്ഷിമകുടം വരിച്ച മൂന്നാമത്തെ ഭാരതപ്പോസ്തലനായ വിശുദ്ധ ജോൺ ഡിബ്രിട്ടോയുടെ വീരോചിതമായ ശാന്തിയും അചഞ്ചലമായ ദൈവസ്നേഹവും അത്യുൽകൃടമായ ധർമ്മപ്രചോദനത്തിലുള്ള ആമോഘമായ സ്വാധീനശേഷിയും ജീവിതയാതനകളെ ക്രിസ്തുവിനുവേണ്ടി ക്ഷമാപൂർവം സഹിക്കുന്നതിനും ഏതു പരീക്ഷണം നേരിട്ടാലും ക്രിസ്തീയ വിശ്വാസത്തിൽ സുസ്ഥിരരായി വർത്തിക്കുന്നതിനും ആതുരസേവനം നടത്തുന്നതിനും ക്രിസ്തുവിന്റെ ദ്രാക്ഷാവാടിയിൽ സോത്സാഹം വേല ചെയ്യുന്നതിനും, വഴി പിഴച്ചുപോകുന്ന ഔതികപരിഷ്കാരത്തിന്റെ തിന്മകളോട് ധാർമ്മികമായി പോരാടി ജയിക്കുന്നതിനും കേരളീയകത്തോലിക്കാരായ നമുക്കും ശക്തിയും ധൈര്യവും പ്രദാനം ചെയ്യട്ടെ!.

Printed At St. Joseph's Press, Trivandrum.

പുഷ്പാഞ്ജലി പുസ്തകങ്ങൾ

ആശിസ്സുകളും അഭിപ്രായങ്ങളും

"പുഷ്പാഞ്ജലി" എന്നപേരിൽ ഒരു ഗ്രന്ഥപരമ്പര പ്രസിദ്ധപ്പെടുത്തണമെന്ന നിശ്ചയിച്ച് നിങ്ങൾ പ്രവർത്തനം ആരംഭിക്കുകയും ഇതിനകം പ്രസിദ്ധം ചെയ്തിട്ടുള്ള രണ്ടു നമ്പരുകളും എനിക്ക് അയച്ചുതരികയും ചെയ്തിരുന്നുവല്ലോ. ആകർഷകമായ അച്ചടിയും, അവിടവിടെയായി ചേർത്തിട്ടുള്ള ചിത്രങ്ങളും, വിഷയങ്ങളുടെ വൈശിഷ്ട്യവും എന്നെ ആകർഷിച്ചു. നിങ്ങളുടെ വിജ്ഞാനസമ്പത്തും അനുഭവസമൃദ്ധിയും ഒത്തുചേർന്ന് പുഷ്പാഞ്ജലി വാടിപ്പോകാതെ സൂക്ഷിക്കുമെന്നും, കേരളത്തെ സുരഭിലമാക്കുമെന്നും, പ്രതീക്ഷിക്കുന്നു. നിങ്ങളെയും പുഷ്പാഞ്ജലിഗ്രന്ഥപരമ്പരയേയും ആശീർവദിക്കുന്നു.

† അഗസ്റ്റിൻ കണ്ടത്തിൽ,
എറണാകുളം മെത്രാപ്പോലീത്താ.

I am very thankful for the two books in Malayalam kindly sent to me. I cannot understand much of them, but from their appearance and from the appreciation of others, I find them very good and very useful. Assuring you of my gratefulness, I pray Our Lord to bless your books and wish you the best success with your publications.

† **Jose Alvernaz,**
Bishop of Cochin.

I am in receipt of the first two number of the Pushpanjali. It gives me very great pleasure to know that you are embarking on a very necessary form of Catholic Action. Kindly accept my most sincere thanks

and congratulations on your new activity for the good of the Church and country. I wish you all success and bless your enterprise,

† **George Alapatt,**
Bishop of Trichur.

Please accept my cordial thanks for the first two booklets of the series you are publishing. Rev. Fr. Secretary read them and assured me that they will be very much appreciated by the public and will do great good to our Catholic people as the subject matter is very instructive and interesting and is explained in very simple but good Malayalam. I congratulate you most sincerely for the very good work you are doing and I ask God to bless your work.

† **Fr. Vincent V. Derrere, O. C D.**
Bishop of Trivandrum.

തങ്കൾ അയച്ചുതന്ന പുഷ്പാഞ്ജലി മുതലായ പുസ്തകങ്ങൾക്ക നമ്മുടെ ഹാർദ്ദമായ കൃതജ്ഞതയെ രേഖപ്പെടുത്തുന്നു. സാഹിത്യ മാർഗ്ഗമായി തങ്കൾ നടത്തിക്കൊണ്ടിരിക്കുന്ന മതപ്രചരണപരിയത്നം ഇതിനകം സുവിദിതമാണ്. തങ്കളെ നാം ഹൃദയപൂർവ്വം അനുമോദിക്കുകയും പുതിയ പ്രസ്ഥാനത്തിന് സകലവിധ വിജയങ്ങളും ആശംസിക്കുകയും ചെയ്തുകൊള്ളുന്നു.

† ജയിംസ് കാളാശ്ശേരി,
ചങ്ങനാശ്ശേരി മെത്രാൻ.

ദയവായി അയച്ചുതന്ന പുഷ്പാഞ്ജലി പ്രസിദ്ധീകരണത്തിന് കൃതജ്ഞത പ്രകാശിപ്പിച്ചുകൊള്ളുന്നു. കൊച്ചുത്രേസ്യാ പുണ്യവതിയുടെ ജൂബ്ലി സ്മാരകമായി പുഷ്പാഞ്ജലി ഗ്രന്ഥപരമ്പര പ്രസിദ്ധപ്പെടുത്തുന്നതിനുള്ള പ്രവർത്തകന്മാരുടെ സംരംഭം ഔചിത്യപരവും സ്തുത്യർഹവുമാണ്. ഈ പ്രസിദ്ധീകരണങ്ങൾ ദൃഷ്ടിച്ച

ഗ്രന്ഥപാരായണത്തിന് ഒരു പ്രതിവിധിയും ഒരു പ്രേഷകത്വവുമായിരിക്കുമെന്നതിനു സംശയമില്ല

പുഷ്പാഞ്ജലി ഗ്രന്ഥപരമ്പരയ്ക്ക് സർവ്വവിജയവും ദൈവാനുഗ്രഹവും പ്രാർത്ഥിച്ചുകൊള്ളുന്നു.

ഫാദർ അലക്സാണ്ടർ ലന്തപ്പറമ്പിൽ,
വികാരി ജനറാൾ വരാപ്പുഴ അതിരൂപത.

പുസ്തകം രണ്ടും മാറോ ആവർത്തി വായിച്ചു. ആദ്യന്തം രസകരമായിരിക്കുന്നു. വിശ്വവിശ്രുതയായിത്തീർന്നിരിക്കുന്ന ലിസിയുവിലെ ചെറുപുഷ്പത്തിന്റെ സുവർണ്ണജൂബിലി സ്മാരകമായി പുറപ്പെടുവിച്ചിരിക്കുന്ന പുഷ്പാഞ്ജലി എന്ന ഗ്രന്ഥപരമ്പരയിലെ പ്രഥമകൃതിക്ക് പുഷ്പാഞ്ജലി എന്ന നാമധേയം നല്കിയിരിക്കുന്നതു് അന്വർത്ഥംതന്നെ. ഇതു് ജനസാമാന്യത്തിന്റെ ഇടയിൽ ചെറുപുഷ്പഭക്തി വർദ്ധിപ്പിക്കുന്നതിനും മറ്റും സാമുദായികമായ അഭ്യുന്നതി കൈവരുത്തുന്നതിനും പറ്റിയവയാണു്. കത്തോലിക്കാമത തത്വങ്ങളെ അധിഷ്ഠിതമാക്കിക്കൊണ്ടുള്ള ഇത്തരം ലേഖനങ്ങളും പ്രസംഗങ്ങളും ഉത്തരോത്തരം പുറപ്പെട്ടു കാണ്മാൻ ആഗ്രഹിക്കുന്നു. ദൈവം അനുഗ്രഹിക്കട്ടെ.

Rt. Rev. Mgr. Remban Philipose Cheppad,
Administrator, Archdiocese of Trivandrum.

I am thankful to you for yur kindness in forwarding the two booklets in Malayalam. Though unfortunately I am not conversant with the language, I am assured by one of my priests who went through them that the subjects treated and the manner of treatment are such as could be desired and expected from your skilful penmanship. I do warmly congratulafe you on your successful attempts. With best regards and blessings.

† **T. R. Agniswami, S. J.**
Bishop of Kottar.

You, as publishers of the Pushpanjali, deserve congratulations and encouragement. I wish every success to your enterprise and gladly impart my blessings for the same.

† **Mar Severios,**
Administrator Apostolic of Thiruvalla.

I received the books you sent me. My hearty thanks and my most cordial congratulations on the series of books you have begun to publish. The apostolate of the pen is one of the most necessary vocations required for our time to counter-act the flood of bad and harmful books. May God most abundantly bless your most useful enterprise.

P. Zanolin, S. J.,
Vicar Capitular of the Diocese of Calicut.

I have recently received two copies of Pushpanjali series which you so kindly sent to me and therefrom I understand that you have an organised work to publish useful booklets for the general public and Catholic in particular. I bless the enterprise and wish it every success.

† **Alexander,**
Bishop of Kottayam.

Thanks ever so much for the two numbers of the Pushpanjali series of publications which you have presented me with. I am glad to find therein very useful articles written in a pleasant and simple style and illustrated from your own wide experience Please accept my hearty congratulations for the good work you have begun to do in the Catholic literary sphere and best wishes for a bright future. I cordially bless you and your publications.

† **Jerome Fernandez,**
Bishop of Quilon.

പുഷ്പാഞ്ജലി എന്ന ഗ്രന്ഥപരമ്പരയുടെ ഒന്നാം നമ്പരായ "പുഷ്പാഞ്ജലിയും" രണ്ടാം നമ്പരായ "കാലത്തിനൊത്ത പ്രവത്തനവും" സന്ദർഭോചിതമായ രണ്ടു പ്രസിദ്ധികരണങ്ങളാണ്. ഈ പരമ്പരവഴിയായി അനേകം സൽഗ്രന്ഥങ്ങളും സഭ്യങ്ങളും, സമുദായത്തിനും, കൈരളിക്കും കൈവരട്ടെ എന്നാശംസിക്കുന്നു.

തിരുഹൃദയമാസിക.

These are commendable publications.

The Malabar Herald.

പുഷ്പാഞ്ജലിയിലെ ആദ്യത്തെ ആ കുസുമങ്ങളും വികസിച്ചു കഴിഞ്ഞിരിക്കുന്നു. പൊന്നുപുഷ്പസുവർണ്ണജൂബിലി സ്മാരകമായി ആരംഭിച്ചിരിക്കുന്നതും ഗ്രന്ഥാവലിയിലെ ആദ്യപുസ്തകം "പുഷ്പാഞ്ജലി" എന്ന പേരിൽത്തന്നെ പൊന്നുപുഷ്പത്തെപ്പറ്റി പ്രതിപാദിച്ചുകൊണ്ടാണ് രംഗപ്രവേശം ചെയ്തിരിക്കുന്നതും. രണ്ടാമത്തെ പുസ്തകം "കാലത്തിനൊത്ത പ്രവത്തനം" ആണ്. പുഷ്പാഞ്ജലിയുടെ പുറപ്പാട് തിരിച്ചയായും കാലത്തിനൊത്ത പ്രവത്തനമാണല്ലോ? മനോഹരമായ മുഖചിത്രങ്ങളോടുകൂടി അനേക ബ്ലോക്കുകളും ചേർത്ത് കമനീയമായി അച്ചടിക്കപ്പെട്ടിരിക്കുന്ന പുഷ്പാഞ്ജലിയിലെ ആദ്യകുസുമങ്ങളും രണ്ടും കേരളത്തിൽ പ്രചുരമായ സുരഭി പരത്തുന്നതിന് പര്യാപ്തമായിട്ടുണ്ട്.

കുടുംബപടിപം

ലളിതമായ ഭാഷയിൽ സുന്ദരമായ പടങ്ങളെക്കൊണ്ട് ആശയങ്ങളെ പ്രകാശിപ്പിക്കുവാൻ മി. തളിയത്തിനുള്ള വശ്യത ഈ ഗ്രന്ഥങ്ങളിൽ ആദ്യന്തം തെളിഞ്ഞുകാണാം. ഈ ഗ്രന്ഥങ്ങളുടെ കെട്ടും മട്ടും അച്ചടിയും ഏറ്റവും ആകർഷകവും അനുകരണീയവുമായിരിക്കുന്നു. പുഷ്പാഞ്ജലി പരമ്പരയ്ക്ക് സകല വിജയങ്ങളും ആശംസിക്കുന്നു.

മലബാർ മെയിൽ.

അഭിവന്ദ്യ ഡാക്ടർ ബെനവന്തുരാ തിരുമനസ്സിലെ അവതാരികയോടും പല നല്ല ബ്ലോക്കുകളോടും പ്രസിദ്ധികരിച്ചിട്ടുള്ള "പുഷ്പാഞ്ജലി" കത്തോലിക്കാ സാഹിത്യത്തിന് ഒരു നേട്ടം

തന്നെയാണ്. "കാലത്തിനൊത്ത പ്രവർത്തനം" ഇന്നു നമുക്കാവശ്യമായ സാമൂഹ്യവും മതപരവുമായ കാര്യങ്ങളിൽ വളരെ പ്രായോഗികമായ നിർദ്ദേശങ്ങളും നൽകുന്ന ഒന്നാണ്. രണ്ടു പുസ്തകങ്ങളും. മനോഹരമായി ആകർഷണീയമായ കവറുകളോടുകൂടിയാണ് തയ്യാറാക്കിയിരിക്കുന്നത്.

സോഷ്യലിസ്റ്റ്.

കമനീയമായ കവറോടുകൂടിയതും ചെറുപുഷ്പത്തിന്റെ ജീവിതത്തെ സംബന്ധിക്കുന്ന മനോഹര ചിത്രങ്ങളോടുകൂടിയതുമായ ഈ കൃതിയിലെ ലേഖനങ്ങളും ജനസാമാന്യത്തിന്റെ ഇടയിൽ ചെറുപുഷ്പഭക്തി വർദ്ധിപ്പിക്കുന്നതിനും കാലത്തിനൊത്ത പ്രവർത്തനത്തിലെ ചില ലേഖനങ്ങളും കേരളീയ യുവാക്കളുടെ ഇടയിൽ ദൈവവിളിയുടെ വിത്തു വിതക്കുന്നതിനും മറ്റു ചിലതു സാമുദായികമായ അഭ്യുന്നതി കൈവരുത്തുന്നതിനും തികച്ചും പര്യാപ്തമാണ്. സത്യസന്ധമായ അഭിപ്രായം.

ശുദ്ധിമതിയായ കൊച്ചുത്രേസ്യായുടെ അദ്ധ്യാത്മിക സൌന്ദര്യത്തെ വായനക്കാർക്ക് അനുഭവവേദ്യമാക്കികൊണ്ടു സുകൃതാനുഷ്ഠാനത്തിനു വേണ്ടുന്ന പ്രചോദനം പുഷ്പാഞ്ജലി നൽകുന്നുണ്ട്. ലളിതസുന്ദരമായ ഭാഷയിൽ ഹൃദ്യമായരീതിയിൽ ആശയങ്ങളും പ്രകാശിപ്പിക്കുവാൻ ഗ്രന്ഥകർത്താവിനുള്ള കഴിവുകൂടി ഇതിൽ തെളിഞ്ഞുകാണുന്നു. പുഷ്പാഞ്ജലിയോടെ സമാരംഭിച്ചിരിക്കുന്ന ഈ പ്രസിദ്ധീകരപ്രസ്ഥാനത്തിനു സകല ഭാവുകങ്ങളും നേർന്നുകൊള്ളുന്നു. മദ്ധ്യസ്ഥൻ.

പുഷ്പാഞ്ജലി. ഏറ്റവും കാലോചിതമായ ഈ പ്രസ്ഥാനത്തിനു ഊർജ്ജം പുറപ്പെട്ടിരിക്കുന്ന പ്രസാധകരെ ഹൃദയപൂർവം അനുമോദിക്കുന്നു. ജസ്റ്റിസ് തളിയത്തിന്റെ തികഞ്ഞ ചെറുപുഷ്പഭക്തിയും സാഹിത്യലോകത്തിലുള്ള സ്നേഹത്തിനുള്ള സ്ഥാനൗന്നിത്യവും ഇതിൽ തെളിഞ്ഞുകാണാം. ലളിതഭാഷയിൽ സരസമായി പ്രതിപാദിച്ചിരിക്കുന്ന ഈ ലേഖനങ്ങളും അനുവാചകന്മാർക്കു

ഉദ്ദേശമയത്തുള്ള് ആനന്ദത്തെയും ആത്മീകോപകാരത്തെയും പ്രദാനം ചെയ്യുന്ന—കാലത്തിനൊത്ത പ്രവർത്തനം. ഒരു കത്തോലിക്കന്റെ തികഞ്ഞ മതാഭിമാനത്തോടെയാണ് ഗ്രന്ഥകാരൻ ഈ വിഷയങ്ങളെ ചർച്ചചെയ്യുന്നതു. നമ്മുടെ മതസംബന്ധമായ പല സംഗതികളെപ്പറ്റിയും ശരിയായ ജ്ഞാനത്തെയും കത്തോലിക്കമതത്തോടുള്ള മതിപ്പിനെയും സ്നേഹത്തെയും, മതത്തെ കുറിച്ചുള്ള അഭിമാനത്തെയും വായനക്കാരിൽ അങ്കുരിപ്പിച്ചു വർദ്ധമാനമാക്കികൊണ്ടുവരുവാൻ ഈ ഗ്രന്ഥം തികച്ചും പര്യാപ്തമാണ്. മനോഹരമായി, വിഷയത്തിനനുയോജ്യമായി കൊടുത്തിട്ടുള്ള അർത്ഥവത്തായ ചിത്രങ്ങളും പുസ്തകത്തിന്റെ മേന്മയെ പതിന്മടങ്ങു വർദ്ധിപ്പിക്കുന്നുണ്ട്. ഈ രണ്ടു പുസ്തകങ്ങളും എല്ലാ ക്രൈസ്തവ ഭവനങ്ങളിലും ഉണ്ടായിരിക്കേണ്ടതാണ്.

പെരുപുഷ്പം.

പെരുപുഷ്പത്തോടും, ആ വിശുദ്ധയെ അധികരിച്ചുള്ള സാഹിത്യത്തോടും മി: തളിയത്തിനുള്ള ചുറുചുറുപ്പ്, അഥവാ പക്ഷപാതം, പണ്ടേതന്നെ പ്രസിദ്ധമാണ്. 'നവമാലിക'യാൽ എന്നോ തെളിയിക്കപ്പെട്ടുകഴിഞ്ഞിട്ടുള്ള ആ വസ്തുതതന്നെയാണിപ്പോൾ 'പുഷ്പാഞ്ജലി'യായി പുതുക്കിയിരിക്കുന്നതു്. പെരുപുഷ്പത്തെ വിഷയമാക്കി മി: തളിയത്തു് നേരത്തെയെഴുതിയിട്ടുള്ള മൂന്നു പത്രലേഖനങ്ങളാണ് 'പുഷ്പാഞ്ജലി'യിലെ ഉള്ളടക്കം. അതിലെ ആദ്യലേഖനത്തിന്റെ—'എന്റെ ലീസ്യു സന്ദർശനത്തിന്റെ—കഥ രസാവഹമാണ്. ഗ്രന്ഥകർത്താവു് ഇംഗ്ലണ്ടിൽ പഠിക്കയായിരുന്ന അക്കാലത്തൊരിക്കലുണ്ടു് ലിസ്യൂവിലെ ഒരു വിനീതാദ്ധ്യാപനകൊച്ചുത്രേസ്യയുടെ ശവകുടീരത്തിൽ വളരുന്ന പനിനീർച്ചെടികളുടെ 'ഒന്നോരണ്ടു പുഷ്പങ്ങളും നിവർത്തിയുണ്ടെങ്കിൽ' അയച്ചുതരുകാടുക്കണമെന്നു്. സൌഗന്ധികപുഷ്പത്തിനുവേണ്ടി ഭീമസേനനെപ്പോലെ ചാടിപ്പുറപ്പെടുകയല്ല, മി: തളിയത്തു് ചെയ്തതു്. സന്ദർഭമുണ്ടായപ്പോൾ നവമാലികയുടെ ഇംഗ്ലിഷ് പതിപ്പു് വായിച്ചു കൊച്ചുത്രേസ്യയുടെ

മഹത്വത്തെപ്പറ്റി ആത്മഭാഷ്യം വന്നതിനുശേഷമെ അദ്ദേഹം ലിസ്യൂ സന്ദർശനത്തിനു മുതിർന്നുള്ളൂ. 'നിവർത്തിയുണ്ടെങ്കിൽ' അയച്ചുകൊടുക്കണമെന്നോ അഭ്യർത്ഥനയുമുണ്ടായിരുന്നുള്ളൂ. ഔചിത്യബോധത്തിൽ രണ്ടാംപക്ഷമില്ല കാര്യം. അതിന്റെ ഫലമോ, ബഹുമധുരമാണ്. മിസ്സസ് തളിയത്തിന് 'ഒന്നാംതരം പുഷ്പങ്ങൾ' കിട്ടി; മി: തളിയത്തിന്നു ഭാഷാസാഹിത്യത്തിൽ ചെറുപുഷ്പപ്രസ്ഥാനത്തിന്റെ ജനയിതാവാകാനുള്ള യോഗം കൈവന്നു: ലോകോത്തരമായ 'നവമാലിക'യണിയാനുള്ള ഭാഗ്യം കൈരളിക്കുണ്ടായി; ചെറുപുഷ്പഭക്തിയിൽ വളരാനുള്ള സാധ്യത കേരളീയർക്കുമുണ്ടായി. ആവശ്യങ്ങളും ന്യായമായിരിക്കണം; നിർവ്വഹണം ബുദ്ധപൂർവ്വകവുമായിരിക്കണം. അങ്ങനെയായാൽ ഇങ്ങനെയൊക്കെയാണു ഫലം. കേരളീയരിൽ ആദ്യത്തെ ലിസ്യൂ സന്ദർശകൻ മോൺ. പാലോക്കാരനാണെന്ന് അദ്ദേഹം അഭിമാനിക്കുന്നുണ്ടെങ്കിലും, അക്കാര്യത്തിൽ മൻഗണന തനിക്കാണെന്നു വിശുദ്ധ ചെറുപുഷ്പത്തിനറിയാമെന്നാണ് ചെറുപുഷ്പഭക്തനായ മി: തളിയത്ത് സമാധാനിക്കുന്നത്.

വത്തിക്കാനിലെ ഫൈനീസ് പ്രതിനിധിയായ ഡോക്ടർ ജോൺ വൂ'വിന്റെ മാനസാന്തരത്തിൽ കൊച്ചുത്രേസ്യാ വഹിച്ചിട്ടുള്ള പങ്ക് എത്രത്തോളമുണ്ടെന്ന് വിവരിച്ചുകൊണ്ടുള്ളതാണ് രണ്ടാമത്തെ ലേഖനം. കന്യകാമഠത്തിന്റെ മതിൽക്കെട്ടിനുള്ളിൽ അജ്ഞാതയായി വസിച്ച കൊച്ചുത്രേസ്യാ, എങ്ങിനെ മിഷ്യൻപ്രവർത്തനങ്ങളുടെ രക്ഷാകർത്രിയായെന്നറിയണമെങ്കിൽ മൂന്നാമത്തെ ലേഖനം വായിക്കണം.

പുഷ്പാഞ്ജലിയിലെ ഭാഷാരീതിയെപ്പറ്റിയും ഒന്നു പറയാനുണ്ട്. നവമാലികയുടെ ലാളിത്യം പ്രസിദ്ധമാണ്. ഭാഷാശൈലിയുടെ ആ ഒരു ഗുണം പുഷ്പാഞ്ജലിക്കുമുണ്ട്. മനോഗതങ്ങളും വളച്ചുകെട്ടു കൂടാതെ പറയുക; വിശുദ്ധ ചെറുപുഷ്പത്തിന്റെ ഈ രീതി, മി: തളിയത്തും വശപ്പെട്ടിട്ടുണ്ട്. ശൈലിയുടെ അപരിത്യാജ്യഗുണമായ ആത്മാർത്ഥതയാണ് പുഷ്പാ

ഞ്ജലിയിൽ ആദ്യന്തം കളിക്കുന്നു". മി: തളിയത്തിന്റെ പുഷ്പാഞ്ജലിയിൽ കൊച്ചുത്രേസ്യയും, കേരളിയും സമ്പ്രീതരാകട്ടെ.

നന്ത്യനാദം

പുഷ്പാഞ്ജലി എന്ന പുതിയ ഗ്രന്ഥപരമ്പരയിലെ പ്രഥമ നമ്പരായ "പുഷ്പാഞ്ജലി"യും രണ്ടാമത്തെ നമ്പരായ, "കാലഞ്ചി നാട്ടുത്ത പ്രവർത്തനവും" അച്ചുകൂടത്തിലെ ലോഹമയമായ അന്തരീക്ഷത്തിൽ നിന്നു പുറത്തിറങ്ങി കേരളത്തെ സുരഭിലമാക്കുവാൻ തുടങ്ങിയിരിക്കുന്നു. ആകർഷകമായ പുറന്താൾ, മേനിക്കടലാസു, ഭംഗിയായ അച്ചടി, എന്നീ മുന്നു കാര്യങ്ങളും പുതിയ ഗ്രന്ഥപരമ്പരയുടെ ആദ്യത്തെ രണ്ടു നമ്പരുകളിൽ വേണ്ടുപോലെ സൂക്ഷിച്ചുകാണുന്നതിനാൽ, പുഷ്പാഞ്ജലി കയ്യിലെടുത്തു അതിന്റെ സൗരഭ്യം അനുഭവിക്കുവാൻ അനേകരുണ്ടാകുമെന്നു പ്രതീക്ഷിക്കുവാൻ അവകാശമുണ്ടു.

മി. തളിയത്തിന്റെ ലിസ്യു സന്ദർശനം, വിശുദ്ധയുടെ മദ്ധ്യസ്ഥംവഴി മാനസാന്തരപ്പെട്ട വത്തിക്കാനിലെ ചൈനിസ് പ്രതിനിധിയായ ജോൺവുവിന്റെ ചരിത്രം, മിഷ്യൻ പ്രവർത്തനങ്ങളുടെ രക്ഷാധികർത്തിയായ കൊച്ചുത്രേസ്യ എന്നീ മുന്നു ചെറുപുഷ്പ ലേഖനങ്ങളും വിജയപുരം മെത്രാനച്ചന്റെ മുഖവുരയുമാണ പുഷ്പാഞ്ജലിയിൽ ചേർത്തിരിക്കുന്നു. ചെറുപുഷ്പത്തിന്റെ ജീവചരിത്രത്തോടു ബന്ധമുള്ള എട്ടു മനോഹരചിത്രങ്ങളും പുഷ്പാഞ്ജലിയുടെ മാറ്റു കൂട്ടിയിട്ടുണ്ടു. പരിശുദ്ധകന്യകയുടെ കരങ്ങളിൽനിന്ന് ഇറങ്ങിവരുന്ന ഉണ്ണിയീശോയുടെ പാദചേവടികളിൽ വിശുദ്ധ കൊച്ചുത്രേസ്യ പുഷ്പസമർപ്പണം ചെയ്യുന്നു, അഥവാ, "പുഷ്പാഞ്ജലി" മനോഹരം തന്നെ. പുഷ്പാഞ്ജലിയിലെ ലേഖനങ്ങളിൽ ഭക്തിരസം തുളുമ്പുന്നുണ്ടു; വിധിയാളസഹജമായ ആർജ്ജവമുണ്ടു; ഗ്രന്ഥകാരന്റെ ചെറുപുഷ്പഭക്തി പ്രകടമാക്കുകയും ചെയ്യുന്നുണ്ടു.

"കാലത്തിനൊത്ത പ്രവർത്തനം"ത്തിൽ കൂടിൽവ്യവസായം, കേരളത്തിലേ മിഷൻ സാധ്യതകൾ, വൈദികജീവിതത്തിന്റെ മാഹാത്മ്യം, സ്വപുത്രൻ വൈദികാന്തസ്സു സ്വീകരിച്ചതിലുള്ള അഭിമാനം, ഏകാന്തധ്യാനം, ബൂക്കസ്സോളകൾ, എന്നീ വിഷയങ്ങളെ പ്പറ്റി ആവേ ലേഖനങ്ങളും മോൺ: ജേക്കബ്ബ് നടുവത്തുശ്ശേരിയുടെ മുഖവുരയും ചേർത്തിട്ടുണ്ട്. വിഷയാനുരൂപ്യമായ ചിത്രങ്ങൾ ഭാവനാസമ്പന്നനായ ഒരു ക്രിസ്തീയകലാകാരന്റെ സഹകരണത്തെ വ്യക്തമാക്കുന്നുണ്ട്. കുറേ കുട്ടികൾ ഓടിയും ചാടിയും തുള്ളി സന്തുഷ്ടവദനരായും മഹാമനവദനരായും ധാർമ്മികനായ ഒരു മാന്യന്റെ പക്കൽ പോയി ഭക്ഷണം വാങ്ങുന്നതും, "എനിക്കു വിശന്നു നിങ്ങൾ എനിക്കു ഭക്ഷിപ്പാൻ തന്നു," എന്ന വേദപുസ്തകവാക്യം അടിയിൽ ചേർത്തിട്ടുള്ളതും ആകർഷകമായ ഒരു കാഴ്ചയാണ്. അത്തരം ഭാവനാസംപൂർണ്ണമായ എട്ടു ചിത്രങ്ങൾ "കാലത്തിനൊത്ത പ്രവർത്തന"ത്തെ അലങ്കരിച്ചിരിക്കുന്നു.

ഇങ്ങനെ ഉൽകൃഷ്ടമായി വികസിച്ചിരിക്കുന്ന പുഷ്പാഞ്ജലി വിജയശ്രീലാളിതമാകട്ടെ.

സത്യദീപം.

☞ പുഷ്പാഞ്ജലി പരസ്പരകൂടാ പ്രധാനപ്പെട്ട എല്ലാ കത്തോലിക്കാ ബുക്കസ്റ്റാളുകളിലും വാങ്ങാൻ കിട്ടുന്നതാണ്. കിട്ടുന്നില്ലെങ്കിൽ ജെ. തളിയത്ത് ആൻഡ് സൺസ്, ഈശ്വരവിലാസം റോഡ്, തിരുവനന്തപുരം, എന്ന വിലാസത്തിൽ എഴുതുക.

DHARMARAM LIBRARY

BANGALORE-560 029

Due Date	Due Date	Due Date

12 SEP 2000

21 SEP 2001

5 FEB 2002

DC Library
00008908
LM B78